VEDAPRACHARA MADHYASTHAN
വാല്യം 98
ലക്കം 01
2025 ജൂലൈ

# വേദപ്രചാര മദ്ധ്യസ്ഥൻ

Malayalam Monthly
Price ₹ 25/- Annual Subscription ₹ 300/-



THE OFFICIAL ORGAN OF
THE ARCHEPARCHY OF CHANGANACHERRY

2025 ജൂലൈ



ജൂലൈ മൂന്നിനു
നാമഹേതുകതിരുനാൾ
ആഘോഷിക്കുന്ന
അഭി. മാർ തോമസ് തറയിൽ
മെത്രാപ്പോലീത്തായ്ക്ക്
അതിരൂപതാകുടുംബത്തിന്റെ
*പ്രാർഥനാശംസകൾ...*

അതിരൂപതാകുടുംബത്തിലെ
തോമസ് നാമധാരികളായ
വൈദികർക്കും അല്മായർക്കും
നാമഹേതുകതിരുനാളിന്റെ
പ്രാർഥനാശംസകൾ...

ജൂലൈ അഞ്ചിനു ജന്മദിനം
ആഘോഷിക്കുന്ന
അഭി. മാർ ജോസഫ് പെരുന്തോട്ടം
പിതാവിന്
അതിരൂപതാകുടുംബത്തിന്റെ
*പ്രാർഥനാശംസകൾ...*





‘നിങ്ങൾ യൗസേപ്പിന്റെ പക്കൽ പോകുവിൻ.
അവൻ നിങ്ങളോടു പറയുന്നതു
നിങ്ങൾ ചെയ്യുവിൻ’
(ഉൽപത്തി 41:55)

YOUR GRACE IS SUFFICIENT FOR ME

# വേദപ്രചാര മദ്ധ്യസ്ഥൻ

ചങ്ങനാശ്ശേരി അതിരൂപത
സ്ഥാപിതം: 20 മെയ് 1887

വാല്യം 98 ● ലക്കം 01 ● ജൂലൈ 2025

# വേദപ്രചാര മദ്ധ്യസ്ഥൻ

ചങ്ങനാശ്ശേരി അതിരൂപതാ മുഖപത്രം

# ഉള്ളടക്കം


സമ്പർക്കദിനസന്ദേശം: ഫ്രാൻസിസ് മാർപാപ്പ ............ 06

ഇടയലേഖനം: മേജർ ആർച്ചുബിഷപ് ............ 13

സർക്കുലർ (യുവജനദിനം 2025): കെ.സി.ബി.സി. ............ 19

കച്ചേരിക്കാര്യം ............ 23

റിപ്പോർട്ട്: ചരമശതാബ്ദിയാചരണം – ധന്യൻ മാർ തോമസ് കുര്യാളശ്ശേരി ............ 24

പീഡാനുഭവവാരപിരിവ് 2025 – 2026 ............ 26

സന്ദേശനിലയം ............ 27

ചെറുപുഷ്പ മിഷൻ ലീഗ് ............ 31

ബൈബിൾ അപ്പോസ്തലേറ്റ് & കുടുംബക്കൂട്ടായ്മ ............ 33

ഫാമിലി അപ്പോസ്തലേറ്റ് ............ 36

യുവദീപ്തി – എസ്.എം.വൈ.എം. ............ 38

സീയോൻ ധ്യാനകേന്ദ്രം ............ 40

ചാസ്സ് ............ 41

ചാസ്സ് – ഖാദി ............ 48

ജീവകാരുണ്യനിധി ട്രസ്റ്റ് ............ 49

ദീപിക ഫ്രണ്ട്സ് ക്ലബ്ബ് ............ 50

ആതുരശുശ്രൂഷാമേഖല ............ 51

പ്രവാസി അപ്പോസ്തലേറ്റ് ............ 53

കത്തോലിക്കാ കോൺഗ്രസ് ............ 54

കേരള ലേബർ മൂവ്മെന്റ് ............ 56

ആത്മതാകേന്ദ്രം ............ 57

ദളിത് കത്തോലിക്കാ മഹാജനസഭ ............ 59

സെക്കുലർ ഫ്രാൻസിസ്കൻ ഓർഡർ ............ 60

വിൻസെൻഷ്യൻ വേദി ............ 61

കരിസ്മാറ്റിക് നവീകരണം ............ 63

അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി ............ 65

അഭിവന്ദ്യ പിതാക്കന്മാരുടെ എൻഗേജുമെന്റ്സ് ............ 71



Archbishop House, P.B. No. 20, Changanacherry P.O., Kottayam 686101

0481 2420040, 2420379, 2420614

9037440040

www.archdiocesechanganacherry.org

chancellorchry@gmail.com

**ANNUAL SUBSCRIPTION: ₹ 300/-**

# 112–ാം ചരമവാർഷികം

(ജൂലൈ 11)



## ബിഷപ് ചാൾസ് ലവീഞ്ഞ് എസ്.ജെ.

**കോട്ടയം (ചങ്ങനാശ്ശേരി) വികാരിയാത്തിന്റെ ആദ്യ വികാരി അപ്പസ്തോലിക്കാ**

No. 4118/K-5/KCBC/OL/DS 13.06.2025

# 59-ാമതു ലോകസമൂഹസമ്പർക്കദിനത്തോടനുബന്ധിച്ചു ഫ്രാൻസിസ് മാർപാപ്പ നൽകിയ സന്ദേശം

*'നിങ്ങളുടെ ഹൃദയത്തിലുള്ള പ്രത്യാശ ആദരപൂർവം പങ്കുവെക്കുക'*
(1 പത്രോ 3:15-16).

പ്രിയ സഹോദരീസഹോദരന്മാരേ,

ചില അധികാരകേന്ദ്രങ്ങൾ വസ്തുതകളും വിവരങ്ങളും നിയന്ത്രിക്കുന്ന പശ്ചാത്തലത്തിൽ നമ്മുടെ ഈ കാലഘട്ടത്തിൽ തെറ്റായ അറിവും ധ്രുവീകരണവും നിറയുമ്പോൾ, എക്കാലത്തിലും ഉപരിയായി പത്രപ്രവർത്തകരും വാർത്താവിനിമയവാഹകരും എന്ന നിലയിൽ നിങ്ങളുടെ പ്രാധാന്യത്തെ മനസിലാക്കിക്കൊണ്ടു നിങ്ങളോടു സംസാരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. മറ്റുള്ളവർക്കായി വാർത്തകൾ സംവേദനം ചെയ്യുകയെന്ന പ്രവൃത്തിയുടെ വ്യക്തിപരവും സാമൂഹികവുമായ ഉത്തരവാദിത്വത്തിൽ നിങ്ങളുടെ ധൈര്യപൂർവമായ ശ്രമങ്ങൾ യഥാർഥത്തിൽ അനിവാര്യമായവയാണ്.

## ജൂബിലിയെക്കുറിച്ചു ഞാൻ ചിന്തിക്കുമ്പോൾ

അസ്വസ്ഥജനകമായ ഇന്നത്തെ കാലഘട്ടത്തിൽ ഈ വർഷം നാം കൃപയുടെ നേരമായി കരുതുകയാണ്; ഈ പശ്ചാത്തലത്തിൽ ഞാൻ നിങ്ങളെ 'പ്രത്യാശയുടെ സന്ദേശവാഹകരാകാൻ' ക്ഷണിക്കുകയാണ്; അതായതു നിങ്ങളുടെ പ്രവർത്തനവും ദൗത്യവും സുവിശേഷത്തിന്റെ ചൈതന്യത്താൽ നവീകരിച്ചുകൊണ്ട് ആരംഭിക്കാൻ.

## സമൂഹസമ്പർക്കം നിരായുധീകരിക്കുന്നത്

ഇന്നു പലപ്പോഴും സമൂഹസമ്പർക്കമാധ്യമങ്ങൾ പ്രത്യാശ ജനിപ്പിക്കാറില്ല; അവ ഭയം, നിരാശ, മുൻവിധി, നീരസം, മതഭ്രാന്ത്, വിദ്വേഷം എന്നിവയാണു പ്രചരിപ്പിക്കുന്നത്. പലപ്പോഴും അതു യാഥാർഥ്യത്തെ ലഘൂകരിക്കുകയും ഉടനടി തിരിച്ചടിക്കാൻ പ്രകോപനം സൃഷ്ടിക്കുകയും ചെയ്യുന്നു; വാക്കുകൾ അവ മൂർച്ചയേറിയ ആയുധസമാനമായി ഉപയോഗിക്കുന്നു. തെറ്റായതും കൗശലപൂർവം മെനഞ്ഞെടുത്തതുമായ

വാർത്തകൾ ഉപയോഗിച്ചുകൊണ്ടു പ്രക്ഷോഭിപ്പിക്കാനും പ്രകോപിപ്പിക്കാനും മുറിവേല്പിക്കാനുമുതകുന്ന സന്ദേശങ്ങൾ അയക്കുന്നു. സമൂഹസമ്പർക്കമാധ്യമങ്ങൾ നിരായുധീകരിക്കേണ്ടതിനെക്കുറിച്ചു ഞാൻ പല അവസരങ്ങളിലും സംസാരിച്ചിട്ടുണ്ട്; അക്രമസ്വഭാവത്തിൽനിന്ന് അതിനെ ശുദ്ധീകരിക്കേണ്ടതാണ്. യാഥാർഥ്യത്തെ മുദ്രാവാക്യങ്ങളാക്കി മാറ്റുന്നത് ഒരിക്കലും സഹായകരമാകില്ല. ദൃശ്യമാധ്യമങ്ങളിലെ ചർച്ചകളിലും സോഷ്യൽ മീഡിയയിലും നടക്കുന്ന വാക്കുകൾകൊണ്ടുള്ള ആക്രമണം നമുക്കറിയാവുന്നതാണ്; മത്സരവും എതിർപ്പും ആധിപത്യസ്വഭാവവും പിടിച്ചടക്കലുമൊക്കെ പൊതുജനാഭിപ്രായത്തെ നിയന്ത്രിക്കാനുള്ള മാർഗമാകും.

അസ്വസ്ഥത ജനിപ്പിക്കുന്ന മറ്റൊരു പ്രതിഭാസമാണ് ശ്രദ്ധവികേന്ദ്രീകരണ/ ചിതറിപ്പിക്കൽ പരിപാടി; അതു ഡിജിറ്റൽ സിസ്റ്റംസ് വഴിയായി കമ്പോളത്തിന്റെ യുക്തിക്കനുസരിച്ചു നമുക്കു ലാഭമുണ്ടാക്കിത്തരികയും യാഥാർഥ്യത്തെക്കുറിച്ചുള്ള നമ്മുടെ പരിപ്രേക്ഷ്യം വ്യത്യസ്തമാക്കുകയും ചെയ്യും. തത്ഫലമായി പലപ്പോഴും നിസഹായമാംവിധം നാം കാണുന്നതു താത്പര്യങ്ങളുടെ ഒരുതരം അണുവത്കരണമാണ്; അതു നമ്മുടെ സാമൂഹികപ്രസ്തുതത്തിന്റെ അടിത്തറകൾ ഇളക്കിമറിക്കുന്നതിൽ പരിണമിക്കുന്നു; അതു പൊതുനന്മയ്ക്കായുള്ള നമ്മുടെ ഉദ്യമത്തിൽ സംഘം ചേരാനും പരസ്പരം ശ്രവിക്കാനും അപരരുടെ വീക്ഷണകോണുകൾ മനസിലാക്കാനുമുള്ള കഴിവു കുറയ്ക്കുന്നു.

നമ്മുടെ സ്വത്വത്തെ നിലനിർത്തുന്നതിനായി നമുക്കു കിടപിടിക്കാനായി ഒരു ശത്രുവിനെ കണ്ടെത്തുക അനിവാര്യമായി ഭവിക്കുന്നു. എന്നാൽ, മറ്റുള്ളവർ നമ്മുടെ ശത്രുക്കളായി മാറുമ്പോൾ അവരെ നിന്ദിക്കാനും പുച്ഛിക്കാനുമായി നാം അവരുടെ വ്യക്തിത്വവും മാഹാത്മ്യവും നിരാകരിക്കുമ്പോൾ, നമുക്കുതന്നെയും പ്രത്യാശ ജനിപ്പിക്കാനുള്ള സാധ്യത കൈമോശം വരുന്നു. ഡോൺ റ്റോണിനോ ബെല്ലോ നിരീക്ഷിച്ചതുപോലെ 'എല്ലാ സംഘർഷങ്ങളും' ആരംഭിക്കുന്നതു വ്യക്തികളുടെ മുഖങ്ങൾ അലിഞ്ഞുപോകുകയും ഇല്ലാതാകുകയും ചെയ്യുമ്പോഴാണ്. ഈ മനോഭാവത്തിനു നാം വഴങ്ങിക്കൊടുക്കരുത്.

പ്രത്യാശയെന്നത് അത്ര എളുപ്പമുള്ള കാര്യമല്ല. ജോർജസ് ബർണാനോസ് ഒരിക്കൽ പറഞ്ഞു: തങ്ങൾ ഒരിക്കൽ സുരക്ഷിതത്വം കണ്ടെത്തുകയും തെറ്റായി പ്രത്യാശയാണെന്നു കരുതുകയും ചെയ്തവ വ്യാമോഹങ്ങളും നുണകളുമായിരുന്നുവെന്നു മനസിലാക്കി വിഷാദിക്കാൻ ധൈര്യമുള്ളവർക്കു മാത്രമേ പ്രത്യാശിക്കാൻ കഴിയൂ... സാഹസത്തിനു തുനിയുകയെന്നതാണു പ്രത്യാശ. അതു സാഹസത്തിന്റെമേലുള്ള

സാഹസമാണ്. പ്രത്യാശയെന്നത് ഒരു നിഗൂഢമായ സുകൃതമാണ്; അതു ദൃഢമായതും ക്ഷമാശീലമുള്ളതുമാണ്. ബനഡിക്റ്റ് പതിനാറാമൻ മാർപാപ്പ തന്റെ 'പ്രത്യാശയിൽ രക്ഷ' *(സ്പേ സാൽവി)* എന്ന ചാക്രിക ലേഖനത്തിൽ കുറിച്ചതുപോലെ, പ്രത്യാശയെന്നതു നിഷ്ക്രിയമായ ശുഭാപ്തിവിശ്വാസമല്ല, മറിച്ചു ക്രിയാത്മകമായ ഒരു സുകൃതമാണ്; അതിനു നമ്മുടെ ജീവിതങ്ങളെ പരിവർത്തനപ്പെടുത്താനാകും: 'പ്രത്യാശിക്കുന്നവർ വ്യത്യസ്തരായി ജീവിക്കുന്നു; അവർക്കു പുതിയജീവൻ എന്ന ദാനം നൽകപ്പെട്ടിരിക്കുന്നു' *(സ്പേ സാൽവി 2).*

## ആദരപൂർവം നമ്മുടെയുള്ളിലെ പ്രത്യാശയെക്കുറിച്ചു പ്രഖ്യാപിക്കുന്നത്

പത്രോസിന്റെ ഒന്നാം ലേഖനത്തിൽ *(3:15-16)* പ്രത്യാശയെ ക്രൈസ്തവ സാക്ഷ്യവും സമൂഹസമ്പർക്കവുമായി ബന്ധിപ്പിക്കുന്നതരത്തിലുള്ള ഒരു സുന്ദരമായ സമന്വയം നാം കാണുന്നു: 'ഈശോയെ കർത്താവായി നിങ്ങളുടെ ഹൃദയത്തിൽ ആദരിക്കുവിൻ. നിങ്ങൾക്കുള്ള പ്രത്യാശയെപ്പറ്റി വിശദീകരണമാവശ്യപ്പെടുന്ന ഏവരോടും മറുപടി പറയാൻ സദാ ഒരുങ്ങിയിരിക്കുവിൻ. എന്നാൽ, അതു വിനയത്തോടും ഭയത്തോടും കൂടെയായിരിക്കട്ടെ.' ഈ വാക്കുകളിൽനിന്ന് 3 സന്ദേശങ്ങൾ കവർന്നെടുക്കാൻ ഞാൻ താത്പര്യപ്പെടുന്നു.

ഈശോയെ കർത്താവായി നിങ്ങളുടെ ഹൃദയത്തിൽ ആദരിക്കുവിൻ. ക്രിസ്ത്യാനികളുടെ പ്രത്യാശയ്ക്ക് ഒരു മുഖമുണ്ട്, അതായത് ഉത്ഥിതനായ നാഥന്റെ മുഖം. പരിശുദ്ധാത്മാവിന്റെ ദാനം വഴിയായി നമ്മോടൊപ്പം എപ്പോഴും വസിക്കാമെന്ന അവന്റെ വാഗ്ദാനം എല്ലാ പ്രത്യാശയ്ക്കും എതിരായി പ്രത്യാശിക്കാൻ നമ്മെ പ്രാപ്തരാക്കുന്നു; എല്ലാ കാര്യങ്ങളും നഷ്ടപ്പെട്ടെന്നു തോന്നുമ്പോഴും നിശബ്ദമായി സന്നിഹിതമായിരിക്കുന്ന നിഗൂഢമായ നന്മ മനസിലാക്കാനും അതു നമ്മെ പ്രാപ്തരാക്കുന്നു.

നമ്മുടെയുള്ളിലുള്ള പ്രത്യാശയെന്താണെന്നു വിശദീകരിക്കാൻ നാം തയ്യാറായിരിക്കണമെന്നതാണു രണ്ടാമത്തെ സന്ദേശം. നമ്മുടെ പ്രത്യാശയെപ്പറ്റി വിശദീകരണമാവശ്യപ്പെടുന്ന ഏവരോടും മറുപടി പറയാൻ സദാ ഒരുങ്ങിയിരിക്കുവിനെന്നാണു പുസ്തകം പറയുന്നത്. ക്രൈസ്തവരെന്നു പറയുന്നവർ പ്രഥമമായി ദൈവത്തെക്കുറിച്ചു സംസാരിക്കുന്നവരല്ല, മറിച്ചു ദൈവത്തിന്റെ സ്നേഹത്തിന്റെ സൗന്ദര്യം പ്രതിധ്വനിപ്പിക്കുന്നവരും ഒരു പുതിയരീതിയിൽ എല്ലാം അനുഭവിക്കാനാകുമെന്നു കാണിച്ചുതരുന്നവരുമാണ്. നിങ്ങൾ എന്തുകൊണ്ടാണ് ഇങ്ങനെ ജീവിക്കുന്നത്? നിങ്ങൾ എന്തുകൊണ്ടാണ് ഇപ്രകാരമായിരിക്കുന്നത് എന്ന

ചോദ്യങ്ങളുന്നയിക്കുകയും അതിന് ഉത്തരമന്വേഷിക്കുകയും ചെയ്യുന്ന തരത്തിലുള്ള ഒരു ജീവിക്കപ്പെടുന്ന സ്നേഹമാണ് അവരുടേത്.

വി. പത്രോസിന്റെ വാക്കുകളിൽ അവസാനമായി നാം മൂന്നാമതൊരു സന്ദേശം കണ്ടെത്തുന്നു: ചോദ്യത്തിനുള്ള നമ്മുടെ പ്രത്യുത്തരം, 'വിനയത്തോടും ഭയത്തോടും ആയിരിക്കണം' ക്രൈസ്തവമായ സാമൂഹിക സമ്പർക്കം – ഞാൻ പറയും, സാമൂഹികസമ്പർക്കം പൊതുവായിത്തന്നെ – വിനയത്തിലും അടുപ്പത്തിലും സാമിപ്യത്തിലുമായിരിക്കണം; അതായത്, പാതയിലെ സഹയാത്രികന്റെ സംസാരമെന്നനിലയിൽ. എല്ലാകാലത്തെയും സമൂഹസമ്പർക്കപ്രക്രിയയിൽ അതികായവനായവന്റെ രീതിശാസ്ത്രം; എമ്മാവൂസിലേക്കു പോയ 2 ശിഷ്യരോടൊപ്പം നടന്നുകൊണ്ടു സംഭവങ്ങൾ വിശുദ്ധലിഖിതത്തിന്റെ വെളിച്ചത്തിൽ വ്യാഖ്യാനിച്ചുകൊണ്ട് അവരോടു സംസാരിക്കുകയും അവരുടെ ഹൃദയങ്ങൾ ജ്വലിക്കാൻ ഇടവരുത്തുകയും ചെയ്ത അവൻ അവലംബിച്ച രീതി ഇതായിരുന്നു.

നമ്മെ എല്ലാവരെയും സഹയാത്രികരാക്കിത്തീർക്കാൻ കഴിവുള്ള ആശയസംവേദനരീതിയെക്കുറിച്ചാണു ഞാൻ സ്വപ്നം കാണുന്നത്; അതുവഴിയായി അസ്വസ്ഥജനകമായ ഇന്നത്തെ സാഹചര്യത്തിൽ നമ്മുടെ സഹോദരീസഹോദരന്മാരുടെ കൂടെ നടന്നുകൊണ്ടു പ്രത്യാശിക്കാനായി അവരെ പ്രോത്സാഹിപ്പിക്കാനാകണം. അപ്രകാരമുള്ള ആശയസംവേദനം ഹൃദയത്തോടു സംസാരിക്കാൻ കഴിവുള്ളതായിരിക്കും; അതു പ്രതിരോധത്തിന്റെയും രോഷത്തിന്റേതുമായ തീവ്രപ്രതികരണങ്ങൾ ഉയർത്താത്തതും എന്നാൽ തുറവിന്റെയും സൗഹൃദത്തിന്റെയും മനോഭാവങ്ങൾ സൃഷ്ടിക്കുന്നതുമായിരിക്കും. അത്തരത്തിലുള്ള ആശയസംവേദനം പ്രകടമായും നിരാശാജനകമാണെന്നു തോന്നുന്ന സാഹചര്യങ്ങളിൽ സൗന്ദര്യത്തിലും പ്രത്യാശയിലും കേന്ദ്രീകൃതമാകാൻ പ്രാപ്തമായിരിക്കുന്നതാകും; അതു പ്രതിജ്ഞാബദ്ധതയും തന്മയിഭാവവും അപരരെക്കുറിച്ചുള്ള കരുതലും സൃഷ്ടിക്കുന്നതായിരിക്കും. അപ്രകാരമുള്ള ആശയസംവേദനരീതി ഓരോ മനുഷ്യവ്യക്തിയുടെയും മാഹാത്മ്യം അംഗീകരിക്കുന്നതിനും നമ്മുടെ പൊതുഭവനം സംരക്ഷിക്കുന്നതിൽ ഒരുമിച്ചുപ്രവർത്തിക്കുന്നതിനും *(ദിലെക്സിത്ത് നോസ് 217)* നമ്മെ സഹായിക്കാൻ കഴിവുള്ളതുമായിരിക്കും.

വ്യാമോഹങ്ങളും ഭയങ്ങളും പ്രചരിപ്പിക്കാത്ത ഒരു ആശയസംവേദനരീതിയാണു ഞാൻ സ്വപ്നം കാണുന്നത്; മറിച്ച് അതു പ്രത്യാശയ്ക്കുള്ള കാരണങ്ങൾ നിരത്തിവെക്കുന്നതാകും. മാർട്ടിൻ ലൂഥർ കിങ് ഒരിക്കൽ ഇപ്രകാരം പറഞ്ഞു: 'ഞാൻ കടന്നുപോകുന്ന വഴിക്ക് ഒരാളെ എനിക്കു

സഹായിക്കാൻ കഴിഞ്ഞാൽ, ആരെയെങ്കിലും ഒരു വാക്കുകൊണ്ടോ ഒരു ഗീതം കൊണ്ടോ ഉന്മേഷഭരിതമാക്കാൻ കഴിഞ്ഞാൽ... എന്റെ ജീവിതം വ്യക്തമാകുകയില്ല'. ഇപ്രകാരം ചെയ്യാൻ നാം നമ്മുടെ സ്വയം പ്രചാരത്തിൽനിന്നും സ്വയം മുഴുകലിൽനിന്നും സുഖപ്പെട്ടിരിക്കണം; മറ്റുള്ളവരുടെ ശബ്ദത്തിന് ഉപരിയായി നമ്മുടെ ശബ്ദം കേൾക്കത്തക്കവിധം നാം ഉച്ചത്തിൽ സംസാരിക്കുന്ന അപകടം ഒഴിവാക്കണം.

ഒരു നല്ല ആശയസംവേദകൻ തന്നെ കേൾക്കുന്നവരെയും വായിക്കുന്നവരെയും പ്രേക്ഷകരെയും കൂടെ നിർത്താൻ ശ്രദ്ധിക്കണം; അവരെ ചേർത്തുനിർത്താനും അവരുടെ ഏറ്റവും ഹൃദ്യമായ ഭാഗവുമായി ഐക്യപ്പെടാനും അവരെ താൻ പറയുന്ന കഥകളുടെ ആഭിമുഖ്യങ്ങളിലേക്കു പ്രവേശിക്കാൻ സഹായിക്കുകയും വേണം. ഈ രീതിയിലുള്ള ആശയസംവേദനം ഇപ്പോഴത്തെ ജൂബിലിയുടെ ലക്ഷ്യമായ പ്രത്യാശയുടെ തീർഥാടകരായിത്തീരാൻ നമ്മെ സഹായിക്കും.

## ഒരുമിച്ചു പ്രത്യാശിക്കുന്നത്

പ്രത്യാശ എപ്പോഴും ഒരു സാമൂഹികപദ്ധതിയാണ്. ഈ കൃപയുടെ വർഷം നൽകുന്ന സന്ദേശത്തിന്റെ മാഹാത്മ്യം ഒരുനിമിഷം നമുക്കു ചിന്താവിഷയമാക്കാം. നമ്മളെല്ലാവരും - എല്ലാവരുംതന്നെ - നവമായി ആരംഭിക്കാൻ ക്ഷണിക്കപ്പെടുന്നു; അതായത്, ദൈവം നമ്മെ എടുത്തുയർത്താനും നമ്മെ ആശ്ലേഷിക്കാനും നമ്മുടെമേൽ കരുണ ചൊരിയാനും നാം അനുവദിക്കണം. ഇക്കാര്യത്തിൽ, വ്യക്തിപരവും സാമൂഹികവുമായ മാനങ്ങൾ അഭേദ്യമാംവിധം ഇഴചേർന്നിരിക്കുന്നു: നമ്മൾ ഒരുമിച്ചു പുറപ്പെടുന്നു, നാം നമ്മുടെ സഹോദരീസഹോദരന്മാരുടെ കൂടെ യാത്ര ചെയ്യുന്നു, നാം വിശുദ്ധവാതിലിലൂടെ ഒരുമിച്ചു കടക്കുന്നു.

ജൂബിലിക്ക് അനവധി സാമൂഹികമാനങ്ങളുണ്ട്. ഉദാഹരണത്തിന്, തടവറകളിൽ കഴിയുന്നവർക്ക് ഇതു കരുണയുടെയും പ്രത്യാശയുടെയും സന്ദേശം നൽകുന്നു, അല്ലെങ്കിൽ സഹനത്തിലായിരിക്കുന്നവരോടും പ്രാന്തങ്ങളിലായിരിക്കുന്നവരോടും സമീപ്യവും ആർദ്രതയും കാണിക്കാൻ അതു ക്ഷണിക്കുന്നു. 'സമാധാനസ്ഥാപകർ ദൈവമക്കൾ' എന്നു വിളിക്കപ്പെടും *(മത്താ 5:9)* എന്നു ജൂബിലി നമ്മെ ഓർമപ്പെടുത്തുന്നു; അങ്ങനെ അതു പ്രത്യാശ അങ്കുരിപ്പിക്കുകയും സംവാദത്തിനു വഴികൾ ഒരുക്കുന്ന ശ്രദ്ധയുള്ളതും ആർദ്രവും വിചാരപൂർണവുമായ ആശയസംവേദനത്തിന്റെ ആവശ്യകതയിലേക്കു വിരൽചൂണ്ടുന്നു. അതിനാൽ, വാർത്തകളുടെ മടക്കുകളിൽ ഒളിച്ചുവെക്കപ്പെട്ടിരിക്കുന്ന നന്മയുടെ നിരവധി കഥകൾ കണ്ടുപിടിക്കാനും പ്രചരിപ്പിക്കാനും ഞാൻ നിങ്ങളെ പ്രോത്സാഹിപ്പിക്കട്ടെ; സ്വർണത്തിന്റെ തീരെ ചെറിയൊരു തരിക്കുവേണ്ടി

അക്ഷീണം മണൽ അരിക്കുന്ന ആളുകളെ അനുകരിക്കാൻ ഞാൻ നിങ്ങളോടു പറയുന്നു. അപ്രകാരമുള്ള പ്രത്യാശയുടെ വിത്തുകൾ അന്വേഷിക്കുന്നതും അവ കണ്ടെത്തി മനുഷ്യരെ അറിയിക്കുന്നതും ഉദാത്തമായ കാര്യമാണ്. ദരിദ്രരുടെ വിലാപത്തിന്റെ മുമ്പിൽ ബധിരത അല്പം കുറയ്ക്കാനും നിസംഗത ചുരുക്കാനും നമ്മിൽ ഒതുങ്ങിക്കൂടാതിരിക്കാനും അതു സഹായകമാകും. പ്രത്യാശയ്ക്കായി നമ്മെ പ്രചോദിപ്പിക്കുന്ന നന്മയുടെ മങ്ങിയ ദീപനാളങ്ങൾ നമുക്കെപ്പോഴും കണ്ടെത്താനാകട്ടെ. ഈ തരത്തിലുള്ള ആശയസംവേദനം സാമൂഹികബോധം കെട്ടിപ്പടുക്കുകയും നാം ഏകരല്ലെന്ന ബോധ്യം നമ്മിൽ ഉയർത്തുകയും ഒരുമിച്ചു നടക്കുന്നതിന്റെ പ്രാധാന്യം നാം വീണ്ടും കണ്ടെത്തുകയും ചെയ്യും.

## ഹൃദയത്തെ വിസ്മരിക്കരുത്

പ്രിയ സഹോദരീസഹോദരന്മാരേ, സാങ്കേതികവിദ്യയുടെ വിസ്മയമായ നേട്ടങ്ങളുടെ മുമ്പിൽ നിൽക്കുമ്പോഴും നിങ്ങളുടെ ഹൃദയത്തെ, അഥവാ ആന്തരികജീവിതത്തെ, സംരക്ഷിക്കണമെന്നു ഞാൻ നിങ്ങളോട് ആഹ്വാനം ചെയ്യുന്നു. എന്താണ് ഇതിന്റെ അർഥം? ഞാൻ ചില ചിന്തകൾ പങ്കുവെക്കട്ടെ:

ശാന്തശീലർ ആയിരിക്കുക; ഒരിക്കലും അന്യരുടെ മുഖങ്ങൾ മറക്കരുത്; നിങ്ങൾ നിവർത്തിയാക്കുന്ന പ്രവർത്തനത്തിൽ ഉൾപ്പെടുന്ന സ്ത്രീകളുടെയും പുരുഷന്മാരുടെയും ഹൃദയത്തോടു സംസാരിക്കുക. നിങ്ങളുടെ ആശയസംവേദനത്തെ ഉടനടിയുള്ള സ്വാഭാവികമായ പ്രതികരണത്തിനു വിട്ടുകൊടുക്കരുത്. എപ്പോഴും പ്രത്യാശ പരത്തുക; അത് ഏറെ ബുദ്ധിമുട്ടാണെന്നും വളരെ വില കൊടുക്കേണ്ടതാണെന്നും അധികം ഫലം പുറപ്പെടുവിക്കില്ലെന്നു തോന്നുമ്പോഴും അപ്രകാരം ചെയ്യുക. മനുഷ്യരാശിയുടെ മുറിവുകൾ സുഖപ്പെടുത്താൻ കഴിയുന്ന തരത്തിലുള്ള ആശയസംവേദനം പ്രോത്സാഹിപ്പിക്കുക.

ഹൃദയപൂർവമായി വിശ്വാസം അർപ്പിക്കുന്നതു സാധ്യമാക്കുക; അത് എല്ലാ കാലാവസ്ഥയെയും അതിജീവിക്കുന്ന മൃദുവായ പുഷ്പത്തെപ്പോലെയായിരിക്കട്ടെ; ജീവിതത്തിന്റെ കൊടുങ്കാറ്റുകൾ അതിനെ വിഴുങ്ങില്ല; വളരെ അപ്രതീക്ഷിതമായ സ്ഥലങ്ങളിൽ അതു പുഷ്പിക്കുകയും വളരുകയും ചെയ്യുന്നു. സംഘർഷത്തിന്റെ വാരിക്കുഴികളിൽനിന്നു തങ്ങളുടെ മക്കൾ തിരികെവരുന്നതു കാണാനായി നിത്യേന പ്രാർഥിക്കുന്ന അമ്മമാരിൽ ആ പ്രത്യാശയുണ്ട്. അല്പംകൂടി നല്ലയൊരു ഭാവി പ്രതീക്ഷിച്ചുകൊണ്ടു വലിയസാഹസം കാണിച്ചു മറുരാജ്യങ്ങളിലേക്കു ചേക്കേറുന്ന പിതാക്കന്മാരിൽ ആ പ്രത്യാശയുണ്ട്. യുദ്ധത്തിന്റെ ജീർണാവശിഷ്ടങ്ങൾക്കിടയിലും ചേരികളിലെ ദരിദ്രമായ തെരുവുകളിലും കളി

ക്കാനും ചിരിക്കാനും ജീവിതത്തിൽ വിശ്വസിക്കാനും കഴിയുന്ന കുട്ടികളുടെ പ്രത്യാശയിലും അതുണ്ട്.

അഹിംസാത്മകമായ ആശയസംവേദനത്തിന്റെ സാക്ഷികളും പ്രണയിതാക്കളുമാകുക; കരുതലിന്റെയും പാലങ്ങൾ പണിയുന്നതിന്റെയും സംസ്കാരം പ്രചരിപ്പിക്കുന്നതിൽ സഹായിക്കുക; ഈ കാലഘട്ടത്തിലെ പ്രത്യക്ഷവും പരോക്ഷവുമായ പ്രതിബന്ധങ്ങൾ തച്ചുടക്കുക. പ്രത്യാശയിൽ മെനഞ്ഞെടുത്ത കഥകൾ പറയുക; നമ്മുടെ പൊതുവായ ലക്ഷ്യത്തെക്കുറിച്ചു താത്പര്യമുണ്ടായിരിക്കുക; ഒരുമിച്ചു ചേർന്നിരുന്നു നമ്മുടെ ഭാവിയുടെ ചരിത്രം രചിക്കാൻ ശ്രമിക്കുക.

ദൈവികകൃപകൊണ്ടു നിങ്ങൾക്കതു സാധിക്കും, നമുക്കതു സാധിക്കും; ഈ കൃപയുടെ അഭിഷേകം ജൂബിലി വർഷത്തിൽ സമൃദ്ധമായുണ്ട്. ഇതാണ് എന്റെ പ്രാർഥന, ഇതോടൊപ്പം നിങ്ങളെ ഓരോരുത്തരെയും നിങ്ങളുടെ പ്രവർത്തനങ്ങളെയും ഞാൻ ആശീർവദിക്കുന്നു.

സെന്റ് ജോൺ ലാറ്ററൻ ബസിലിക്ക, റോം
വി. ഫ്രാൻസിസ് ദെ സാലസിന്റെ ഓർമദിനം,
24 ജനുവരി 2025

Franciscus

**ഫ്രാൻസിസ് മാർപാപ്പ**

പി.ഒ.സി., കേരളകത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി 682025

Prot. No. 0482/2025

# ഇടയലേഖനം

**സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്**

**മാർ റാഫേൽ തട്ടിൽ**

**തന്റെ സഹശുശ്രൂഷകരായ**
**മെത്രാപ്പോലീത്താമാർക്കും മെത്രാന്മാർക്കും വൈദികർക്കും**
**സമർപ്പിതർക്കും തന്റെ അജപാലനശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന**
**ദൈവജനത്തിനും എഴുതുന്നത്.**
**കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടുംകൂടെയുണ്ടായിരിക്കട്ടെ.**

## ദുക്റാനാ തിരുനാൾ–സഭാദിനം 2025

ഈശോമ്ശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

വിശ്വാസത്തിൽ നമ്മുടെ പിതാവായ മാർ തോമാ ശ്ലീഹായുടെ മരണ ദിവസമായ ജൂലൈ 3 നമ്മുടെ സഭയിൽ ദുക്റാനാ തിരുനാളാണ്. ധീരനായ ഈ ശ്ലീഹായുടെ പ്രേഷിതപ്രഘോഷണത്തിലൂടെയും രക്തസാക്ഷിത്വത്തിലൂടെയും വളർച്ചയാരംഭിച്ച നമ്മുടെ സഭ ഈ ദിവസംതന്നെ സഭാദിനമായും ആചരിക്കുന്നു. സീറോമലബാർസഭയുടെ മക്കളായ നമുക്ക് ഈ ഓർമതിരുനാളും സഭാദിനവും കൃതജ്ഞതാപ്രകാശനത്തിനും ആത്മപരിശോധനക്കും ദൗത്യനവീകരണത്തിനുമുള്ള അവസരമാണ്.

മാർ തോമാ ശ്ലീഹായുടെ മാതൃകയനുകരിച്ചുകൊണ്ടു വിശ്വാസത്തിനു സാക്ഷ്യമേകുന്ന ക്രൈസ്തവജീവിതശൈലിക്കു സമകാലികസമൂഹത്തിൽ ഏറെ പ്രാധാന്യമുണ്ട്. ഉപരിപ്ലവങ്ങളായ അറിവുകളുടെയും അടിസ്ഥാനരഹിതമായ വാദഗതികളുടെയും ഈ കാലഘട്ടത്തിൽ നമ്മൾ പ്രഘോഷിക്കുന്ന സുവിശേഷം ഫലമണിയണമെങ്കിൽ അതു ഹൃദയത്തിൽ നിറയുന്ന ദൈവസ്നേഹത്തിൽനിന്ന് ഉയരുന്നതാകണം. സംശയത്തിന്റെ വഴിയിൽ നിന്നു ദൈവാനുഭവത്തിന്റെ വ്യക്തിപരമായ സാക്ഷ്യം മാർ തോമാ ശ്ലീഹാ നൽകിയതു ഹൃദയത്തിൽനിന്നുള്ള സ്നേഹത്തിന്റെ പ്രകടനമായിട്ടായിരുന്നു. 'എന്റെ കർത്താവും എന്റെ ദൈവവും' എന്ന വിശ്വാസപ്രഖ്യാപനം

ഈശോയുമായുള്ള ശ്ലീഹായുടെ സ്നേഹത്തിന്റെ സാക്ഷ്യപ്പെടുത്തലായിരുന്നു. വിശ്വാസപ്രതിസന്ധികളുടെയും അനിശ്ചിതത്വങ്ങളുടെയുമിടയിൽ ഈശോയുടെ പുനരുത്ഥാനസത്യത്തെ ഹൃദയംനിറഞ്ഞ സ്നേഹത്തോടെ പ്രഘോഷിക്കാൻ ഓരോരുത്തർക്കും സാധിക്കുമ്പോഴാണു നമ്മുടെ പിതാവിന്റെ ദുക്റാനാ അർഥപൂർണമാകുന്നത്. കുരിശിന്റെ അപമാനവും വേദനയും സഹിച്ചെങ്കിൽമാത്രമേ ഉത്ഥിതന്റെ മഹത്വാനുഭവം സ്വന്തമാക്കാൻ സാധിക്കുകയുള്ളു. ഉത്ഥാനം ചെയ്ത ഈശോമ്ശിഹായുടെ മഹത്വീകൃതമായ ശരീരത്തിൽ മാർ തോമാ ശ്ലീഹാ വിശ്വാസപൂർവം ദർശിച്ച തിരുമുറിവുകൾ നമ്മുടെ ജീവിതവഴികളിൽ വിശ്വാസപ്രഘോഷണത്തിനുള്ള പ്രചോദനവും ഊർജവും നൽകട്ടെ.

വർഷങ്ങളായി ജൂലൈ 3 സീറോമലബാർസഭാദിനമായി നമ്മളാചരിച്ചുവരികയാണ്. നമ്മുടെ സഭയ്ക്കു ദൈവം നൽകിയ അനുഗ്രഹങ്ങൾക്കു നന്ദിപറയാനും സഭാമക്കളെല്ലാവരുടെയും പ്രവർത്തനമേഖലകളിൽ ദൈവാനുഗ്രഹത്തിന്റെ തണൽമേഘങ്ങൾ രൂപപ്പെടാൻ പ്രാർഥിക്കാനും ഈ അവസരം പ്രയോജനപ്പെടുത്താം. ത്യാഗപൂർണമായ ചരിത്രവഴികളിലൂടെ യാത്രചെയ്താണ് ഒരു മേജർ ആർക്കിഎപ്പിസ്കോപ്പൽസഭയായി സീറോമലബാർസഭ വളർന്നിരിക്കുന്നത്. കേരളത്തിൽനിന്ന് ഇൻഡ്യ മുഴുവനിലേക്കും ഇൻഡ്യയുടെ അതിർത്തികളിൽനിന്നു വിവിധ രാജ്യങ്ങളിലേക്കും വ്യാപിച്ചിരിക്കുകയാണു നമ്മുടെ അജപാലനമേഖലകൾ.

ലോകത്തിന്റെ എല്ലാഭാഗങ്ങളിലും സീറോമലബാർസഭയിലെ വൈദികരും സന്യാസിനികളും അല്മായസഹോദരങ്ങളും തങ്ങളുടെ മാതൃസഭയിൽനിന്നു ലഭിച്ച വിശ്വാസവെളിച്ചം മറ്റുള്ളവർക്കു പകർന്നുകൊടുത്തുകൊണ്ടു ജീവിക്കുന്നു എന്നത് അഭിമാനകരമായ വസ്തുതയാണ്. ഈ യാഥാർഥ്യം അജപാലനപരമായ നമ്മുടെ ഉത്തരവാദിത്വത്തെയും അതിനുള്ള അനന്തമായ സാധ്യതകളെയുംകുറിച്ചു നമ്മെ ഓർമപ്പെടുത്തുന്നു. 'ഞാൻ സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്കു ദുരിതം' *(1 കോറി. 9:16)* എന്ന പൗലോസ് ശ്ലീഹായുടെ ഏറ്റുപറച്ചിൽ സീറോമലബാർസഭയെ സംബന്ധിച്ചിടത്തോളം ഏറെ പ്രസക്തമാണ്.

നമ്മുടെ സഭയ്ക്കു ദൈവം നൽകിയിരിക്കുന്ന വൈദികരും സമർപ്പിതരും അല്മായപ്രേഷിതരും നമ്മുടെ മിഷൻ പ്രദേശങ്ങളിലേക്കും സുവിശേഷം പ്രഘോഷിക്കാനും കൂദാശകൾ പരികർമം ചെയ്യാനും സാധ്യതകളില്ലാത്ത ഇടങ്ങളിലേക്കും ഇനിയും കടന്നുചെല്ലണം. അങ്ങനെ നമ്മുടെ സഭ ഒരു മിഷണറി സഭയായി എന്നും നിലനിൽക്കണം. രൂപതകളും സമർപ്പിത സഹോദരങ്ങളും അല്മായ മിഷൻ സംവിധാനങ്ങളും ഈ മേഖലയിൽ ഒരു പുനഃക്രമീകരണത്തിനു തയ്യാറാകേണ്ടതു കാലഘട്ടത്തിന്റെ ആവശ്യമാണ്.

2025 ജനുവരിയിലെ സിനഡ് സമ്മേളനത്തിൽ അവതരിപ്പിച്ച കണക്കനുസരിച്ചു നമ്മുടെ സഭയിൽ കഴിഞ്ഞവർഷം 283 വൈദികാർഥികൾ രൂപതകളിലും സമർപ്പിതസമൂഹങ്ങളിലുമായി വൈദികപട്ടം സ്വീകരിച്ചു. സീറോമലബാർസഭയിലെ പുരുഷന്മാരുടെ സമർപ്പിതസമൂഹങ്ങളിൽ 132 പേർ ആദ്യവ്രതവാഗ്ദാനവും 145 പേർ നിത്യവ്രതവാഗ്ദാനവും സ്ത്രീകളുടെ സമർപ്പിതസമൂഹങ്ങളിൽ 272 പേർ സമർപ്പിതവസ്ത്രം സ്വീകരിച്ച് ആദ്യവ്രതവാഗ്ദാനവും 338 പേർ നിത്യവ്രതവാഗ്ദാനവും നടത്തി. മറ്റുവ്യക്തിസഭകളിലും അവിടെയുള്ള സമർപ്പിതസമൂഹങ്ങളിലുംചേർന്നു വൈദികപട്ടം സ്വീകരിക്കുകയും വ്രതവാഗ്ദാനം നടത്തുകയും ചെയ്ത സീറോമലബാർ സഭാംഗങ്ങളുടെ എണ്ണം ഇതിനുപുറമേയാണ്.

ഞാൻ നിങ്ങളുമായി ഈ കണക്കുകൾ പങ്കുവെക്കുന്നതു നമ്മുടെ സഭയ്ക്കു ദൈവം നൽകിക്കൊണ്ടിരിക്കുന്ന അനുഗ്രഹങ്ങൾക്കു നന്ദി പറയാനും നമ്മുടെ വൈദികരെയും സമർപ്പിതരെയും അല്മായപ്രേഷിതരെയും പ്രത്യേകമായി, ക്ലേശകരമായ സാഹചര്യങ്ങളിൽ ജീവനുപോലും ഭീഷണി നേരിട്ടുകൊണ്ടു ശുശ്രൂഷകളിൽ ഏർപ്പെട്ടിരിക്കുന്നവരെയും ഓർത്തു പ്രാർഥിക്കുന്നതിനാണ്. വൈദിക-സമർപ്പിതദൈവവിളികൾ സ്വീകരിക്കുന്നതിനു സന്നദ്ധതയും കഴിവുമുള്ളവരെ കണ്ടെത്തി പ്രോത്സാഹിപ്പിച്ചു വളർത്താൻ സഭാസമൂഹം ഒന്നായി ശ്രദ്ധിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു.

ആഗോളതിരുസഭയെയും സമൂഹത്തെയും ദുഃഖത്തിലാഴ്ത്തിയാണു ഫ്രാൻസിസ് മാർപാപ്പ 2025 ഏപ്രിൽ 21നു കാലം ചെയ്തത്. ഏപ്രിൽ 26നു പരിശുദ്ധ പിതാവിന്റെ കബറടക്കശുശ്രൂഷയിൽ പങ്കെടുക്കാൻ സാധിച്ചതു വലിയൊരു ആത്മീയാനുഭവമായിരുന്നു. മാർപാപ്പായെ കബറടക്കിയിരിക്കുന്ന റോമിലെ സാന്താ മരിയ മജോറെ ബസിലിക്കയിൽ നമ്മുടെ സഭയിലെ ഏതാനും പിതാക്കന്മാരോടൊത്തു പരിശുദ്ധ കുർബാനയർപ്പിച്ചു മാർപാപ്പായ്ക്കുവേണ്ടി പ്രാർഥിക്കാനും അവസരം ലഭിച്ചു. സീറോമലബാർസഭയെ സ്നേഹിച്ച ഒരു മാർപാപ്പായാണു കടന്നുപോയത്. ഭാരതം മുഴുവനിലും നമുക്ക് അജപാലനാധികാരം നൽകിയതും ഗൾഫ് രാജ്യങ്ങളിൽ നമ്മുടേതായ അജപാലനസംവിധാനം രൂപപ്പെടുത്താനുള്ള നടപടികൾ ദ്രുതഗതിലാക്കിയതും നമ്മുടെ സഭാമക്കളുടെ ആത്മീയാവശ്യത്തിനായി റോമിലെ സെന്റ് അനസ്താസിയ മൈനർ ബസിലിക്ക നമുക്കു നൽകിയതും ഫ്രാൻസിസ് മാർപാപ്പായാണെന്നതു കൃതജ്ഞതയോടെ ഓർക്കാം. നമ്മുടെ സഭയുടെ ഐക്യവും കൂട്ടായ്മയും പരിപോഷിപ്പിക്കുന്നതിനുവേണ്ടി പിതൃസഹജമായ ഇടപെടലുകൾ മാർപാപ്പ നടത്തിയതും നമ്മുടെ സഭയോടുള്ള കരുതലിന്റെ ഭാഗമായിരുന്നു. സിനഡൽ സംവിധാനത്തിലൂടെ പരസ്പരം ശ്രവിച്ചും

ഉൾക്കൊണ്ടും ഒരുമിച്ചുനടക്കാൻ നമ്മെ പഠിപ്പിച്ച ആ വന്ദ്യപിതാവിന്റെ ഓർമ യ്ക്കുമുമ്പിൽ, നന്ദിനിറഞ്ഞ ഹൃദയത്തോടെ സീറോമലബാർസഭയുടെ ആദരവും സ്നേഹവും ഞാൻ അർപ്പിക്കുന്നു. ഫ്രാൻസിസ് മാർപാപ്പായുടെ ആത്മശാന്തിക്കായി തുടർന്നും നമുക്കു പ്രാർഥിക്കാം.

ദൈവം തിരുസഭയ്ക്കു നൽകിയിരിക്കുന്ന സമ്മാനമാണു പുതിയ മാർ പാപ്പായായ ലെയോ പതിനാലാമൻ. പാപ്പാസ്ഥാനം എറ്റെടുത്ത ദിനങ്ങളിൽ തന്നെ വിവിധവിഷയങ്ങളിലുള്ള വ്യക്തമായ നിലപാടുകളും ലോകത്തോടും ആഗോളതിരുസഭയോടുമുള്ള സംവേദനങ്ങളുംവഴി മാർപാപ്പ ലോകശ്രദ്ധ ആകർഷിച്ചുകഴിഞ്ഞു. പൗരസ്ത്യസഭകളെ സംബന്ധിച്ച് ഏറെ സുപ്രധാന മായ ഒരിടപെടൽ മാർപാപ്പ നടത്തിയത് 2025 മെയ് പതിനാലിനാണ്. അന്നു പൗരസ്ത്യസഭകൾക്കായുള്ള റോമിലെ ജൂബിലിയാഘോഷങ്ങളിൽ പങ്കെടുത്ത പൗരസ്ത്യസഭകളുടെ തലവന്മാരെയും മറ്റുള്ളവരെയും അഭി സംബോധന ചെയ്തുകൊണ്ടു പരിശുദ്ധ പിതാവു നടത്തിയ പ്രസംഗം പൗരസ്ത്യസഭകളോടുള്ള പരിശുദ്ധ പിതാവിന്റെ അജപാലനസമീപനം എന്താണെന്നുള്ള പ്രഖ്യാപനമായിരുന്നു.

പൗരസ്ത്യസഭകൾ കത്തോലിക്കാസഭാകൂട്ടായ്മയുടെ വിലപ്പെട്ട ഘടക ങ്ങളാണെന്നും അവയുടെ തനതായ വ്യക്തിത്വം കാത്തുസൂക്ഷിക്കുന്നതിന് ആവശ്യമായ പ്രതിബന്ധത കാണിക്കണമെന്നും ആരാധനക്രമ-സഭാശാസ്ത്ര വൈവിധ്യങ്ങൾ ഏവരും ബഹുമാനിക്കുകയും അംഗീകരിക്കുകയും വേണ മെന്നുള്ള മാർപാപ്പായുടെ ആഹ്വാനം പൗരസ്ത്യസഭകളുടെ തനതായ്മ യ്ക്കുള്ള പ്രോത്സാഹനവും അംഗീകാരവുമായിരുന്നു. അന്നേദിവസം പൗരസ്ത്യസഭാതലവന്മാർക്ക് അനുവദിച്ച പ്രത്യേകമായ കൂടിക്കാഴ്ചയ്ക്കിട യിൽ പരിശുദ്ധ പിതാവിനെ വ്യക്തിപരമായി കാണാനും സീറോമലബാർ സഭയുടെ പ്രാർഥനാശംസകൾ അറിയിക്കാനും എനിക്ക് അവസരം ലഭിച്ചു.

പൗരസ്ത്യപാരമ്പര്യങ്ങളോടു വിശ്വസ്തത പുലർത്തി ആഗോളതിരു സഭയിൽ സജീവസാന്നിധ്യമായി മുന്നോട്ടുപോകാനുള്ള അവസരമാണു മാർ തോമാ ശ്ലീഹായുടെ മക്കളായ നമുക്കു ലഭിച്ചിരിക്കുന്നത്. പരിശുദ്ധ പിതാവു പറഞ്ഞതുപോലെ ആധുനികലോകത്തിൽ പൗരാണികവിശ്വാസ ത്തിന്റെ സാക്ഷ്യം നൽകുന്ന കിഴക്കുനിന്നുള്ള വെളിച്ചമാകാൻ ഒരു പൗരസ്ത്യസഭയെന്നനിലയിൽ നമുക്കു കൂട്ടായ്മയിൽ പരിശ്രമിക്കാം. ഈശോയുടെ ഭൂമിയിലെ വികാരിയും പത്രോസിന്റെ പിൻഗാമിയുമായ മാർപാപ്പായുടെ ഭാരിച്ച ഉത്തരവാദിത്വങ്ങൾ ഫലപ്രദമായി നിർവഹിക്കുന്ന തിനുള്ള കരുത്തും ആത്മാവിന്റെ വെളിച്ചവും പരിശുദ്ധ പിതാവു ലെയോ പതിനാലാമൻ പാപ്പായ്ക്കു ലഭിക്കുന്നതിനായി പ്രത്യേകം പ്രാർഥിക്കാം.

പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ, നമ്മുടെ പിതാവായ മാർ തോമാ ശ്ലീഹായുടെ വിശ്വാസപ്രഖ്യാപനം ഈശോയുമായുള്ള ആത്മബന്ധത്തിന്റെ ഫലമായി ഹൃദയത്തിൽനിന്നുയർന്ന വിശ്വാസത്തിന്റെ സാക്ഷ്യപ്പെടുത്തലായിരുന്നു എന്നു ഞാൻ മുമ്പു പറഞ്ഞിരുന്നു. നമ്മുടെ ആത്മീയജീവിതത്തിലും സഭാത്മകജീവിതത്തിലും ഹൃദയബന്ധത്തിന്റെ പ്രാധാന്യം എടുത്തുകാണിക്കുന്ന ഫ്രാൻസിസ് മാർപാപ്പായുടെ പ്രബോധനമാണ് 2024 ഒക്ടോബറിൽ പുറപ്പെടുവിച്ച 'അവൻ നമ്മെ സ്നേഹിച്ചു' *(ദിലെക്സിത്ത് നോസ്)* എന്ന ചാക്രികലേഖനം. ദൈവവുമായും സഹോദരങ്ങളുമായും കൂട്ടായ്മയിലായിരിക്കാനും അതുവഴി യഥാർഥവും പൂർണവുമായ ജീവിതം നയിക്കാനും നമ്മെ പ്രചോദിപ്പിക്കുന്നതു നിരുപാധികവും സമ്പൂർണവുമായ സ്നേഹത്തിന്റെ തികഞ്ഞമാതൃകയായ ഈശോയുടെ ഹൃദയമാണെന്നു പരിശുദ്ധ പിതാവ് ഈ ചാക്രികലേഖനത്തിലൂടെ നമ്മെ പഠിപ്പിക്കുന്നു. ഇന്നു ലോകത്തിൽ കാണപ്പെടുന്ന നിസംഗതയും അനാസ്ഥയും ഉപരിപ്ലവതയും മനുഷ്യഹൃദയത്തിൽ ഉരുത്തിരിയുന്ന ശൂന്യതയുടെ പ്രതിഫലനമാണ്.

സമൂഹത്തിലെ വ്യത്യസ്തതകളെ സമന്വയിപ്പിക്കാനും മനുഷ്യവംശത്തെ നവീകരിക്കാനും സാധിക്കുന്നത് ഈശോയുടെ ഹൃദയവുമായി ഐക്യത്തിലായിരിക്കുന്ന ഹൃദയങ്ങളിലൂടെയാണ്. അതിനാൽ, നമ്മുടെ സമൂഹങ്ങൾ നവീകരിക്കപ്പെടേണ്ടതു നാമോരോരുത്തരുടെയും ഹൃദയനവീകരണത്തിൽ നിന്നാണ്. വ്യത്യസ്തമായ ചിന്താധാരകളെയും ആഗ്രഹങ്ങളെയും യോജിപ്പിക്കുന്നതിനും അനുരഞ്ജിപ്പിക്കുന്നതിനും നമ്മുടെ സമൂഹങ്ങൾ പ്രാപ്തമാകണമെങ്കിൽ നവീകരണം ഓരോരുത്തരുടെയും ഹൃദയത്തിൽനിന്ന് ആരംഭിക്കണം. അതുവഴി സാഹോദര്യത്തിന്റെ ഐക്യത്തിൽ പരിശുദ്ധാത്മാവു നമ്മെ നയിക്കുന്നതിനിടയാകും *(ദിലെക്സിത്ത് നോസ് 28).*

ഈ ഹൃദയനവീകരണം സാധ്യമാകണമെങ്കിൽ സ്വന്തം കഴിവിൽ അമിതമായി ആശ്രയിക്കാതെ ഈശോയുടെ തിരുഹൃദയത്തിലേക്കു തിരിയേണ്ടത് അത്യാവശ്യമാണ്. തിരുഹൃദയത്തിലാണു നമ്മൾ നമ്മെത്തന്നെ കണ്ടെത്തുന്നതും സ്നേഹിക്കാൻ പഠിക്കുന്നതും *(ദിലെക്സിത്ത് നോസ് 30).* അതിനാൽ നാം മാറ്റം ആഗ്രഹിക്കുന്നു എങ്കിൽ നമ്മുടെ ഹൃദയങ്ങളുടെ നവീകരണത്തിൽനിന്നു തുടക്കം കുറിക്കണം. നമ്മുടെ കുടുംബങ്ങളുടെയും സഭാസമൂഹങ്ങളുടെയും യഥാർഥത്തിലുള്ള നവീകരണം സാധ്യമാകണമെങ്കിൽ ഓരോരുത്തരും മുൻവിധികളും ഇഷ്ടാനിഷ്ടങ്ങളും മാറ്റിവെച്ച് ഈശോയുടെ ഹൃദയവുമായി ബന്ധം സ്ഥാപിച്ച് അതിൽനിന്നു ലഭിക്കുന്ന ആത്മീയമായ ഉണർവിലൂടെ സാഹോദര്യത്തിന്റെയും ഐക്യത്തിന്റെയും മനോഭാവം സ്വീകരിക്കണം.

ദുക്റാനാ തിരുനാളിന്റെയും സഭാദിനത്തിന്റെയും ആശംസകൾ എല്ലാവർക്കും നേരുന്നു. നമ്മുടെ അമ്മയായ പരിശുദ്ധ കന്യകാമറിയത്തിന്റെയും മാർ യൗസേപ്പുപിതാവിന്റെയും മാർ തോമാ ശ്ലീഹായുടെയും വിശുദ്ധരുടെയും വാഴ്ത്തപ്പെട്ടവരുടെയും മാധ്യസ്ഥ്യവും അനുഗ്രഹവും നമ്മോടും നമ്മുടെ പ്രവർത്തനങ്ങളോടുമൊപ്പമുണ്ടായിരിക്കട്ടെ!

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽനിന്ന് 2025 ജൂൺ 20നു നൽകപ്പെട്ടത്.

**മാർ റാഫേൽ തട്ടിൽ**

സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്

---

**NB:** ***2025 ജൂൺ 29 ഞായറാഴ്ച*** *സീറോമലബാർസഭയിലെ ഇടവക പള്ളികളിലും സ്ഥാപനങ്ങളിലും സമർപ്പിതഭവനങ്ങളിലും പരിശീലന കേന്ദ്രങ്ങളിലും മേജർ സെമിനരികളിലും പരിശുദ്ധ കുർബാനമധ്യേ വായിക്കാൻ നൽകപ്പെട്ട ഇടയലേഖനം.*

No. 4117/K-5/KCBC/OL/DS 11.06.2025

**യുവജനദിനം 2025 (ജൂലൈ 6)**
**കെ.സി.ബി.സി. യുവജന കമ്മിഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ**

# 'മഹാ ജൂബിലി വർഷത്തിൽ പ്രത്യാശയുടെ തീർഥാടകരായ യുവജനങ്ങൾ'

ഈശോയിൽ പ്രിയയുവജനങ്ങളേ,

മുൻവർഷങ്ങളിൽ അനുവർത്തിച്ചിരുന്നതുപോലെ, ജൂലൈ മൂന്നിനു ശേഷം വരുന്ന ഞായറാഴ്ചയായ ജൂലൈ ആറിനു കേരളകത്തോലിക്കാസഭ ഈ വർഷം യുവജനദിനമായി ആചരിക്കുമ്പോൾ 2 സവിശേഷതകൾ കൂടിയുണ്ട്. ഒന്നാമതായി, ഫ്രാൻസിസ് മാർപാപ്പ പ്രഖ്യാപിച്ച മഹാ ജൂബിലി വർഷത്തിലെ യുവജനദിനാഘോഷം എന്നതും മറ്റൊന്ന്, നമുക്കു ലഭിച്ചിരിക്കുന്ന ദിനമായ ജൂലൈ 6 'ശുദ്ധതയുടെ സ്വർഗീയമധ്യസ്ഥ'യായ വി. മരിയ ഗൊരേത്തിയുടെ തിരുനാൾദിനം കൂടിയാണെന്നുള്ളതും. ജൂബിലി വർഷം 2025 ആചരണത്തോടൊപ്പം സമാഗതമായിരിക്കുന്ന യുവജന ദിനവുമായി ബന്ധപ്പെട്ടു യുവജനങ്ങൾക്കു തിരുസഭ വളരെ പ്രത്യേകമായ സന്ദേശങ്ങൾ നൽകുന്നുണ്ട്.

യുവജനദിനാചരണത്തോടൊപ്പം, ജൂബിലി വർഷത്തോടനുബന്ധിച്ചുള്ള കർമപരിപാടികൾ ഇടവക-സംഘടനാതലങ്ങളിൽ ആസൂത്രണം ചെയ്തു നടപ്പാക്കാനും കേരളകത്തോലിക്കാമെത്രാൻസമിതിയുടെ യുവജന കമ്മിഷൻ ആഹ്വാനം ചെയ്യുന്നു. ഒരിക്കലുമുണ്ടായിട്ടില്ലാത്ത പലവിധ പ്രതിസന്ധികളെ ലോകം മുഴുവനും വിശിഷ്യാ കേരളസമൂഹവും യുവജനങ്ങളും നേരിടുന്ന പശ്ചാത്തലത്തിൽ, ജൂബിലി വർഷാചരണത്തോടും യുവജനദിനാഘോഷത്തോടനുബന്ധിച്ചു നാം പ്രത്യേകമായി വിചിന്തനത്തിനു വിധേയമാക്കേണ്ടതും പ്രവൃത്തിപഥത്തിലെത്തിക്കേണ്ടതുമായ ചില പ്രധാനവിഷയങ്ങൾ സ്നേഹപൂർവം നിങ്ങളോടു പങ്കുവെക്കാൻ ഈ ഘട്ടത്തിൽ ഞങ്ങൾ ആഗ്രഹിക്കുന്നു.

**പ്രത്യാശയുടെ തീർഥാടകരായ യുവജനങ്ങൾ**

2025 ജൂബിലി വർഷത്തോടനുബന്ധിച്ചു ഫ്രാൻസിസ് മാർപാപ്പ നിർദേശിച്ച ആപ്തവാക്യമാണ് 'പ്രത്യാശയുടെ തീർഥാടകർ'. ആത്മീയമായും ഭൗതികമായും പ്രത്യാശാപൂർണമായ ജീവിതശൈലിയിലേക്കുള്ള പരിവർത്തനത്തിനാവശ്യമായ മുന്നൊരുക്കവും നവീകരണവുമാണ് ഈ

കാലഘട്ടത്തിൽ തിരുസഭ നാമേവരിൽനിന്നും ആവശ്യപ്പെടുന്നത്. യുവജനങ്ങളുടെ ആത്മീയശക്തീകരണത്തിനും പക്വമായ ഭൗതികസമുദ്ധാരണത്തിനും ഏറ്റവുമധികം പ്രവർത്തിക്കുകയും ആഹ്വാനങ്ങൾ നൽകുകയും ചെയ്ത ഫ്രാൻസിസ് മാർപാപ്പായോടും അദ്ദേഹത്തിന്റെ പിൻഗാമിയായ ലെയോ പതിനാലാമൻ മാർപാപ്പായോടും ചേർന്നുനിന്നുകൊണ്ട് ഈ ലക്ഷ്യത്തിനായി നമുക്കു പരിശ്രമിക്കാം.

**മ്ശിഹാ വിപ്ലവം-പ്രത്യാശയുടെ യുവത്വം**

2000 വർഷങ്ങൾക്കുമുമ്പു മനുഷ്യാവതാരം ചെയ്ത ഈശോയുടെ യൗവനതീക്ഷ്ണതയാണു സുവിശേഷങ്ങളിൽ ജ്വലിച്ചുനിൽക്കുന്നത്. ഈശോമ്ശിഹായിലുണ്ടായിരുന്ന വിപ്ലവവീര്യവും അവിടുന്നു പകർന്നു നൽകിയ പ്രത്യാശയുമാണ് ഇപ്പോഴത്തെ യുവജനങ്ങൾ അടുത്തുവീക്ഷിക്കുകയും മാതൃകയാക്കുകയും ചെയ്യേണ്ടത്. ആരെയും ഒരിക്കലും അകറ്റിനിർത്താതിരുന്ന മ്ശിഹായുടെ മാതൃക ഹൃദയത്തിൽ സ്വീകരിച്ചുകൊണ്ടു വിവേകവും കരുണയും മുഖമുദ്രയാക്കിയ യുവജനങ്ങളെ ഇന്നത്തെ ലോകത്തിനാവശ്യമുണ്ട്. അവിടെ ആഴമുള്ള വിചിന്തനങ്ങളും ആത്മാർഥവും പ്രത്യാശാപൂരിതവുമായ പരിശ്രമങ്ങളും സ്വർഗം നമ്മിൽനിന്നു പ്രതീക്ഷിക്കുന്നു.

'ഈശോയുടെ വാഗ്ദാനങ്ങളിൽ വിശ്വാസമർപ്പിച്ചും നമ്മുടെ ശക്തിയിലാശ്രയിക്കാതെ പരിശുദ്ധാത്മാവിന്റെ കൃപാവരത്തിന്റെ സഹായത്തിൽ ആശ്രയിച്ചും നമ്മുടെ സൗഭാഗ്യമെന്നനിലയിൽ സ്വർഗരാജ്യത്തെയും നിത്യജീവിതത്തെയും നാം ആഗ്രഹിക്കുന്നത് ഏതു സുകൃതത്താലാണോ അതാണു പ്രത്യാശ എന്ന ദൈവികസുകൃതം' *(സി.സി.സി. 1817)*.

**സാമൂഹികപ്രതിസന്ധികളോടുള്ള പ്രതികരണം**

ഇക്കാലഘട്ടത്തിൽ നാം നേരിടുന്ന സാമൂഹികപ്രതിസന്ധികൾ പലതാണ്. ലഹരിയുടെ ഭയാനകമായ സ്വാധീനം, നിരീശ്വരവാദപ്രസ്ഥാനങ്ങൾ, സഭാവിരുദ്ധപ്രത്യയശാസ്ത്രങ്ങൾ വൈവാഹികജീവിതവുമായി ബന്ധപ്പെട്ട പ്രതിസന്ധികൾ, തൊഴിൽ-സാമ്പത്തികപ്രതിസന്ധികൾ, രാഷ്ട്രീയ-വർഗീയ വെല്ലുവിളികൾ തുടങ്ങിയവ ഉദാഹരണങ്ങളാണ്. അനേകം യുവജനങ്ങൾ ക്രൈസ്തവവിശ്വാസത്തിൽനിന്നും തിരുസഭയിൽനിന്നും അകലാൻ ഇത്തരം പ്രതികൂലസാഹചര്യങ്ങൾ വഴിയൊരുക്കുന്നുണ്ട്. വിശ്വാസജീവിതത്തിൽനിന്നുള്ള അകൽച്ച കൂടുതൽ വലിയ വീഴ്ചകളിലേക്ക് അനേകരെ നയിക്കുന്നുണ്ട്.

മാനസികവും സാമ്പത്തികവുമായ ദുർബലാവസ്ഥകളാണ് അനേകരെ ഇത്തരം കെണികളിൽ അകപ്പെടുത്തിക്കൊണ്ടിരിക്കുന്നത് എന്ന വസ്തുത ഉൾക്കൊണ്ടുകൊണ്ടു വിവിധ പ്രതിസന്ധികളിൽ അകപ്പെട്ടിരിക്കുന്നവരോടു പ്രത്യേകം കരുതലുള്ളവരായിരിക്കാൻ വ്യക്തിപരമായും സംഘടനാ

പ്രവർത്തനങ്ങൾ വഴിയായും നമുക്കു പരിശ്രമിക്കാം. ഒപ്പം, മയക്കുമരുന്നു മാഫിയകളും നിരീശ്വരവാദപ്രസ്ഥാനങ്ങളും സഭാവിരുദ്ധശക്തികളും കുട്ടികൾക്കും യുവജനങ്ങൾക്കുമിടയിൽ ശക്തിപ്രാപിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ നമ്മുടെ ക്രിയാത്മകമായ ഇടപെടലുകൾ ആവശ്യമുണ്ട്. ജൂബിലി വർഷത്തോടനുബന്ധിച്ചുള്ള നവീകരണപ്രവർത്തനങ്ങളിൽ ഇത്തരം പദ്ധതികൾക്കു സംഘടനാതലങ്ങളിലും ഇടവകതലത്തിലും പ്രത്യേകപരിഗണന നൽകാൻ ശ്രദ്ധിക്കണം.

**തൊഴിൽമേഖലയും സംരംഭകത്വവും**

ക്രൈസ്തവയുവജനങ്ങൾ ഏറിയപങ്കും പ്രവാസജീവിതം തെരഞ്ഞെടുക്കുന്ന സാഹചര്യമാണ് ഇന്നുള്ളത്. മികച്ചവിദ്യാഭ്യാസ-തൊഴിൽ-ജീവിത സാധ്യതകൾ തേടി വിദേശരാജ്യങ്ങളിലേക്കു ചേക്കേറുന്നവരെ നിരുത്സാഹപ്പെടുത്താൻ കഴിയില്ലെങ്കിലും ജന്മനാട്ടിൽ ജീവിക്കാൻ തത്പരരായ ചെറുതല്ലാത്ത ഒരു സമൂഹം യുവജനങ്ങളിലുണ്ടെന്നുള്ളത് ഒരു വസ്തുതയാണ്. അത്തരക്കാർക്കെങ്കിലും നാട്ടിൽ തുടരാൻ കഴിയുന്നവിധത്തിലുള്ള തൊഴിൽ-സംരംഭകത്വസാധ്യതകൾ അവഗണിക്കപ്പെടാൻ പാടില്ല. പ്രൊഫഷണലായി തൊഴിൽ-സംരംഭകത്വമേഖലകളെ സമീപിക്കാനുതകുന്ന ബോധ്യങ്ങൾ വിദ്യാർഥികൾക്കും യുവജനങ്ങൾക്കും പകർന്നുനൽകാൻ സംഘടനാനേതൃത്വങ്ങൾക്കു കൂടുതലായി സാധിക്കും.

**ആർട്ടിഫിഷൽ ഇന്റലിജൻസ്**

നിർമിതബുദ്ധി (എ.ഐ.) സംബന്ധിച്ച തിരുസഭാപ്രബോധനങ്ങൾ യുവജനങ്ങൾ ഗൗരവമായി പരിഗണിക്കേണ്ടതാണ്. എ.ഐ.യുടെ അനന്തമായ സാധ്യതകളെ, ധാർമികമൂല്യങ്ങൾ കണക്കിലെടുത്തുകൊണ്ട് ഉത്തരവാദിത്വപൂർവം സമീപിക്കണമെന്ന ആഹ്വാനം പരിശുദ്ധ സിംഹാസനം പലപ്പോഴായി ആവർത്തിച്ചിട്ടുണ്ട്. ഇക്കാര്യങ്ങളിൽ അത്യന്തം ശ്രദ്ധാലുവായിരുന്ന ഫ്രാൻസിസ് മാർപാപ്പായുടെ പ്രബോധനങ്ങൾ നമുക്കു ഹൃദയത്തിൽ സൂക്ഷിക്കാം.

നിർമിതബുദ്ധി സംബന്ധമായ സംവിധാനങ്ങളെ ക്രിയാത്മകമായി ഉപയോഗിക്കാനും അതേസമയം ധാർമികവും മാനവികവുമായി സംഭവിച്ചേക്കാവുന്ന അപചയങ്ങളിൽ കരുതലുള്ളവരായിരിക്കാനും ഇക്കാലഘട്ടത്തിൽ യുവജനങ്ങൾ പ്രത്യേകമായ ശ്രദ്ധ പുലർത്തേണ്ടതാണ്. ഈ വിഷയത്തിൽ ആഴത്തിലുള്ള പഠനങ്ങൾക്കും പരിശീലനപദ്ധതികൾക്കും യുവജനസംഘടനകൾ നേതൃത്വം നൽകുന്നത് ഉചിതമാണ്.

**രാഷ്ട്രീയം**

അത്യന്തം കലുഷിതവും ആശയക്കുഴപ്പങ്ങൾക്കിടയാക്കുന്നതുമായ രാഷ്ട്രീയസാഹചര്യങ്ങളാണ് ഇന്നുള്ളത്. ഈ ഘട്ടത്തിൽ സഭാത്മകതയും നേതൃപാടവവും ചിന്താശേഷിയുമുള്ള ക്രൈസ്തവയുവനിര മുഖ്യധാരാ

രാഷ്ട്രീയത്തിൽനിന്ന് അകലം പാലിക്കുന്നതു ശരിയായ സമീപനമല്ല. അറിവും കഴിവും കാര്യപ്രാപ്തിയുമുള്ള യുവതലമുറ മുഖ്യധാരാരാഷ്ട്രീയത്തിലേക്കു കടന്നുവരികയാണ് ഇക്കാലഘട്ടത്തിൽ നമ്മുടെ നാട് അഭിമുഖീകരിക്കുന്ന പലവിധ പ്രതിസന്ധികളുടെയും പരിഹാരത്തിന് ആവശ്യം.

നേതൃഗുണമുള്ള യുവതീയുവാക്കളെ സഭാത്മകമായി പരിശീലിപ്പിക്കാനും മുഖ്യധാരയിലേക്കു കൊണ്ടുവരാനുമുള്ള ദൗത്യത്തെ കത്തോലിക്കാ യുവജനസംഘടനകൾ ഗൗരവമായെടുക്കണം. പൊതുസമൂഹത്തിന്റെയും ക്രൈസ്തവസമുദായത്തിന്റെയും ആവശ്യമെന്നനിലയിൽ തങ്ങളുടെ നിയോഗം തിരിച്ചറിഞ്ഞു മുന്നോട്ടുവരാൻ യോഗ്യരായവർ തയ്യാറാകണം. ആത്മീയവും സഭാപരവും സാമൂഹികവുമായ വിവിധ മേഖലകൾ പരിഗണിച്ചുകൊണ്ട് അവരവരുടെ വിളിക്കനുസൃതമായ ജീവിതപന്ഥാവിലേക്ക് ഓരോരുത്തരും കടന്നുവരികയും ആത്മാർഥതയോടെ ജീവിതത്തിൽ മുന്നേറുകയുമാണ് ഇന്നത്തെ കാലഘട്ടത്തിന്റെ ആവശ്യം. അത്തരത്തിൽ ഈ ജൂബിലി വർഷത്തോടും യുവജനദിനാചരണത്തോടും സഭാത്മകമായി നമുക്കു പ്രത്യുത്തരിക്കാം.

ജൂബിലി വർഷത്തിന്റെ ചൈതന്യത്തോടു ചേർന്നുനിന്നുകൊണ്ട് ഇത്തവണത്തെ യുവജനദിനം സവിശേഷമായി ആചരിക്കാനുള്ള ആഹ്വാനം 2025 ജൂൺ 3, 4 ദിവസങ്ങളിൽ പി.ഒ.സി.ൽ ചേർന്ന കെ.സി.ബി.സി. വർഷകാലസമ്മേളനത്തിൽ അഭി. പിതാക്കന്മാർ നൽകുകയുണ്ടായി. യുവജനദിനമായ ജൂലൈ ആറാം തീയതിയിലെ സ്തോത്രക്കാഴ്ച കെ.സി.ബി.സി. യുവജന കമ്മിഷന്റെ പ്രവർത്തനങ്ങൾക്കായി അതിരൂപത-രൂപതാകാര്യാലയങ്ങളിൽ ഏല്പിക്കണമെന്ന് അഭ്യർഥിക്കുന്നു. എല്ലാ യുവജനങ്ങൾക്കും ദൈവാനുഗ്രഹവും യുവജനദിനത്തിന്റെ മംഗളങ്ങളും ഏറ്റവും സ്നേഹത്തോടെ പ്രാർഥനാപൂർവം ആശംസിക്കുന്നു.

**ബിഷപ് ക്രിസ്തുദാസ് ആർ.**
*(ചെയർമാൻ)*

**ബിഷപ് ജോസഫ് പണ്ടാരശ്ശേരിൽ**
**ബിഷപ് മാത്യൂസ് മാർ പോളികാർപ്പോസ്**
*(വൈസ് ചെയർമാൻമാർ)*

പി.ഒ.സി., കേരളകത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി 682025

---

**NB:** ***2025 ജൂലൈ 6 ഞായറാഴ്ച*** *പരിശുദ്ധ കുർബാനമധ്യേ ഈ സർക്കുലർ വായിക്കുകയോ ഇതിലെ ആശയങ്ങൾ വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.*




## I
## ഗ്രാൻഡ് പേരന്റ്സ് ഡേ

വിശുദ്ധരായ യോവാക്കിം-അന്ന ദമ്പതികളുടെ തിരുനാളിനോടനുബന്ധിച്ച് *2025 ജൂലൈ 27 ഞായറാഴ്ച* ഗ്രാൻഡ് പേരന്റ്സ് ഡേ ആയി ആചരിക്കുകയാണ്. *'മനസാക്ഷി കുറ്റപ്പെടുത്താത്തവനും പ്രത്യാശ കൈവെടിയാത്തവനും ഭാഗ്യവാൻ' (പ്രഭാഷകൻ 14:2)* എന്ന ബൈബിൾ വാക്യത്തിൽ നിന്നെടുത്തിട്ടുള്ള 'പ്രതീക്ഷ കൈവിടാത്തവർ ഭാഗ്യവാന്മാർ' എന്നതാണു പ്രസ്തുത ദിനാചരണത്തിന്റെ ഈ വർഷത്തെ ചിന്താവിഷയം.

## II
## പ്രത്യേകപിരിവുകൾ

### സീറോമലബാർസഭാദിന ഫണ്ട്

നമ്മുടെ പിതാവായ മാർ തോമാ ശ്ലീഹായുടെ ദുക്റാനാ തിരുനാൾ *(ജൂലൈ 3)* സീറോമലബാർസഭാദിനമായി ആചരിക്കുകയാണ്. ജൂലൈ മൂന്നിലെ സ്തോത്രക്കാഴ്ച *(ഒരാൾക്ക് 4 രൂപ വീതം)* സീറോമലബാർ സഭാകാര്യാലയത്തിന്റെ പ്രവർത്തനച്ചെലവുകൾക്കായി നൽകാനുള്ളതാണ്.

### യുവജനദിനം

*2025 ജൂലൈ 6 ഞായറാഴ്ച* യുവജനദിനമായി ആചരിക്കുകയാണ്. ഈ ദിവസത്തെ സ്തോത്രക്കാഴ്ച യുവജനങ്ങളുടെ വിശ്വാസ പരിശീലനത്തിനുള്ളതാണ്. സ്തോത്രക്കാഴ്ചയുടെ 50% അതിരൂപതാ യുവജന ഫണ്ടിലേക്കും 25% ഫൊറോനാ യുവജന ഫണ്ടിലേക്കും 25% യൂണിറ്റ് ഫണ്ടിലേക്കും നൽകേണ്ടതാണ്. അതിരൂപത, ഫൊറോന ഫണ്ടുകളിലേക്കുള്ളത് ഇടവകകളിൽ വന്നു കൈപ്പറ്റുന്നതാണ്.

❑

# ചരമശതാബ്ദിയാചരണം:
# ധന്യൻ മാർ തോമസ് കുര്യാളശ്ശേരി

ചങ്ങനാശ്ശേരി രൂപതയുടെ പ്രഥമ തദ്ദേശീയ മെത്രാനായിരുന്ന ധന്യൻ മാർ തോമസ് കുര്യാളശ്ശേരിയുടെ ചരമശതാബ്ദിയാചരണം അദ്ദേഹത്തിന്റെ ജന്മനാടായ ചമ്പക്കുളത്തും കബറിടമുള്ള ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻപള്ളിയങ്കണത്തിലെ മാർത്ത് മറിയം കബറിടപ്പള്ളിയിലുമായി നടത്തപ്പെട്ടു.

ചരമശതാബ്ദിയോടനുബന്ധിച്ച് അഖിലേന്ത്യ പ്രസംഗ-ഉപന്യാസ-ക്വിസ് മത്സരങ്ങളും 2025 മെയ് 17നു കബറിടത്തിൽനിന്നു ചമ്പക്കുളം സെന്റ് മേരീസ് ബസിലിക്കയിലേക്കു ദീപശിഖ-ഛായാചിത്രപ്രയാണങ്ങളും മെയ് 18നു ചരമശതാബ്ദിപൊതുസമ്മേളനവും  മെയ് 26ന് അതിരൂപതാ ചെറുപുഷ്പ മിഷൻ ലീഗിന്റെയും എസ്.എ.ബി.എസ്. സന്യാസസമൂഹത്തിന്റെയും നേതൃത്വത്തിൽ പാറേൽ മരിയൻ തീർഥാടനകേന്ദ്രത്തിൽനിന്നും കബറിടത്തിലേക്കു തീർഥാടനവും മെയ് 11, 28 തീയതികളിൽ അനുസ്മരണ സിംപോസിയങ്ങളും നടത്തപ്പെട്ടു.

ഫാ.  ജോസ് കൊച്ചുപറമ്പിൽ, സി. തെരേസ നടുപ്പടവിൽ എസ്.എ.ബി.എസ്., ഡോ. ജോസഫ് ജോർജ് റേയ്, ഡോ. കുര്യാസ് കുമ്പളക്കുഴി എന്നിവർ യഥാക്രമം *ധന്യൻ മാർ തോമസ് കുര്യാളശ്ശേരിയുടെ സഭാത്മക ജീവിതദർശനം, ധന്യൻ മാർ തോമസ് കുര്യാളശ്ശേരി: മ്ശിഹായിൽ ലോകത്തെ നവീകരിച്ച നല്ലയിടയൻ, ധന്യൻ മാർ തോമസ് കുര്യാളശ്ശേരി: പ്രത്യാശയുടെ ആത്മീയാചാര്യൻ, ധന്യൻ കുര്യാളശ്ശേരിയുടെ സംഭാവനകൾ* എന്നീ പ്രബന്ധങ്ങൾ സിംപോസിയങ്ങളിലവതരിപ്പിച്ചു.

2025 മെയ് 26 മുതൽ ജൂൺ 1 വരെയുള്ള തീയതികളിൽ അതിരൂപതയുടെ മുൻ മെത്രാപ്പോലീത്താ അഭി. മാർ ജോസഫ് പെരുന്തോട്ടം, കാഞ്ഞിരപ്പള്ളി രൂപതയുടെ മെത്രാൻ അഭി. മാർ ജോസ് പുളിയ്ക്കൽ, സീറോമലബാർസഭയുടെ കൂരിയാ മെത്രാൻ അഭി. മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ, തൃശ്ശൂർ അതിരൂപതയുടെ സഹായ മെത്രാൻ അഭി. മാർ ആന്റണി നീലങ്കാവിൽ, മാനന്തവാടി രൂപതയുടെ സഹായ മെത്രാൻ അഭി. മാർ അലക്സ് താരാമംഗലം, മാർ ജേക്കബ് മുരിക്കൻ, അതിരൂപതാ സിഞ്ചെള്ളൂസ് വെരി റവ. ഫാ. സ്കറിയ കന്യാകോണിൽ എന്നിവർ പരിശുദ്ധ കുർബാനയ്ക്കും കബറിടത്തിങ്കലെ ഒപ്പീസിനും കാർമികരായിരുന്നു.

ചരമശതാബ്ദിദിനമായ 2025 ജൂൺ രണ്ടിന് അതിരൂപതയുടെ മെത്രാപ്പോലീത്താ അഭി. മാർ തോമസ് തറയിൽ, മുൻ മെത്രാപ്പോലീത്താ അഭി. മാർ

ജോസഫ് പെരുന്തോട്ടം, സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ് എമെരിത്തൂസ് അഭി. കർദിനാൾ മാർ ജോർജ് ആലഞ്ചേരി, ധന്യൻ കുര്യാളശ്ശേരി വികാരിയായിരുന്ന ചമ്പക്കുളം, എടത്വാ, കാവാലം, ചേന്നങ്കരി എന്നീ പള്ളികളിലെ വികാരിമാർ, മെത്രാപ്പോലീത്തൻപള്ളിയുടെ വികാരി ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ എന്നിവർ പരിശുദ്ധ കുർബാനയ്ക്കും കബറിടത്തിങ്കലെ ഒപ്പീസിനും കാർമികത്വംവഹിച്ചു.

കർദിനാൾ ആലഞ്ചേരി, ശതാബ്ദിസ്മരണികയായ 'താപസം' തോമസുകുട്ടി കുര്യാളശ്ശേരിക്കു നൽകി പ്രകാശനം ചെയ്തു.

വൈദികർ, ധന്യൻ കുര്യാളശ്ശേരി സ്ഥാപിച്ച എസ്.എ.ബി.എസ്. സന്യാസ സഭയുടെ വിവിധ പ്രോവിൻസുകളിലെ സന്യാസിനികൾ, അല്മായർ എന്നിവർ ചരമശതാബ്ദിയാചരണത്തിൽ പങ്കെടുത്തു.

**സി. അനറ്റ് ചാലങ്ങാടി എസ്.എ.ബി.എസ്.**
*(ധന്യൻ മാർ തോമസ് കുര്യാളശ്ശേരിയുടെ നാമകരണനടപടികളുടെ വൈസ് പോസ്റ്റുലേറ്റർ)*

❑

# അഭിനന്ദനങ്ങൾ



റോമിലെ ആഞ്ചെലിക്കും യൂണിവേഴ്സിറ്റിയിൽനിന്നു
ഫിലോസഫിയിൽ
*WORSHIP AND THE AUTONOMY OF THE MORAL AGENT:*
*A THOMISTIC UNDERSTANDING OF THE ETHICS OF WORSHIP*
എന്ന വിഷയത്തിൽ ഡോക്ടറേറ്റ് നേടിയ

**മുക്കം ബഹു. മാത്യു അച്ചന്**

**അതിരൂപതാകുടുംബത്തിന്റെ**
**പ്രാർഥനാശംസകൾ**

| പീഡാനുഭവവാരപിരിവ് 2025 – 2026 | | | | | |
|---|---|---|---|---|---|
| | പീഡാനുഭവ വെള്ളി | പെസഹാ വ്യാഴം | കാരിത്താസ് ചങ്ങനാശ്ശേരി | നോമ്പുകാല പിരിവ് | ഹോം മിഷൻ |
| **KURUMPANADOM FORANE** | | | | | |
| Kurumpanadom St. Antony’s Forane | 125359 | 57467 | | 35445 | 44537 |
| **KOLLAM-AYOOR FORANE** | | | | | |
| Venchempu St. George | 6640 | 4042 | | 2960 | 3123 |
| **CHANGANACHERRY FORANE** | | | | | |
| Parel St. Mary’s | 42650 | 21180 | | 18766 | 19022 |
| **ATHIRAMPUZHA FORANE** | | | | | |
| Athirampuzha St. Mary’s Forane | 118020 | 45080 | 77600 | 48825 | 54705 |
| Athirampuzha Lisiuex | 10610 | 5180 | | 8260 | 12900 |
| Kottackupuram St. Mathew's | 15858 | 12357 | 5373 | 7684 | 6062 |
| **KUDAMALOOR FORANE** | | | | | |
| Kumarakom St. John Nepumseanos | 14944 | 4083 | 3000 | 4154 | 2927 |
| **THRICKODITHANAM FORANE** | | | | | |
| Thrickodithanam St. Xavier’s Forane | 177797 | 95527 | | 40710 | 47112 |
| **AMBOORI FORANE** | | | | | |
| Amboori St. George Forane | 10000 | 8500 | 5500 | 6000 | 10000 |
| **MUHAMMA FORANE** | | | | | |
| Kalavoor St. Thomas | 6436 | 3398 | | 2511 | 2550 |
| **PULINCUNNOO FORANE** | | | | | |
| Pallikkoottumma Fathima Matha | 8447 | 4597 | | | |
| **THURUTHY FORANE** | | | | | |
| Podippara Holy Family | | 10033 | | | |
| **NEDUMKUNNAM FORANE** | | | | | |
| Mallappally St. Athanasius | 18910 | 5483 | | 6081 | 7887 |
| **ALAPPUZHA FORANE** | | | | | |
| Kuttamangalam St. Joseph’s | 9080 | 5440 | 3500 | 3500 | 5540 |
| **THIRUVANANTHAPURAM FORANE** | | | | | |
| Thiruvananthapuram Lourdes Forane | 83070 | 54060 | 38030 | 31630 | 24430 |
| **KOTTAYAM FORANE** | | | | | |
| Pangada Sacred Heart | 10700 | 6280 | | 3703 | 5585 |
| Puthuppally-Poomattam St. Antony’s | 19059 | 8733 | | 6617 | 8327 |

Till 23.06.2025

# സന്ദേശനിലയം

ഈശോയിൽ സ്നേഹമുള്ളവരേ,

പുതിയ പഠനവർഷം ആരംഭിച്ച് ആവേശത്തോടെ വിശ്വാസപരിശീലനത്തിന്റെ വഴികളിലാണു നാമെല്ലാം. ഈശോയ്ക്ക് ഇഷ്ടമുള്ളതുപോലെ ജീവിക്കാൻ നമ്മൾ പരിശീലനം നേടുന്ന ഇടമാണു വിശ്വാസപരിശീലനവേദി. ഈ വർഷത്തിൽ വിശ്വാസപരിശീലനത്തിനുള്ള സാധ്യതകൾ ഉപയോഗപ്പെടുത്താം. ഏകരക്ഷകനായ ഈശോയിലേക്കു വളരാനുള്ള മാർഗങ്ങൾ പ്രയോജനപ്പെടുത്തി വീടുകളിലും ഇടവകകളിലും വിശ്വാസത്തിന്റെ വായു ശ്വസിക്കുന്ന ഒരധ്യയന വർഷമായി ഇതു മാറട്ടെ.

ഈശോയിൽ സ്നേഹപൂർവം,

**ഫാ. സെബാസ്റ്റ്യൻ മാമ്പറ**
**ഫാ. ആന്റണി കിഴക്കേതലയ്ക്കൽ**
*(അസ്സിസ്റ്റന്റ് ഡയറക്ടർമാർ)*

**ഫാ. വർഗീസ് പുത്തൻപുരയ്ക്കൽ**
*(ഡയറക്ടർ)*

## അറിയിപ്പുകൾ

**ജൂലൈ**

01 ചൊവ്വ : **ഫൊറോനാ ഓർഗനൈസർമാരുടെ സമ്മേളനം: സന്ദേശനിലയം,** റ്റീച്ചേഴ്സ് ഈവ്: സെന്റ് മേരീസ് സൺഡേ സ്കൂൾ, വള്ളംചിറ *(വൈകുന്നേരം 6)*

02 ബുധൻ : റ്റീച്ചേഴ്സ് ഈവ്: സെന്റ് തോമസ് സൺഡേ സ്കൂൾ, നാലുകോടി *(വൈകുന്നേരം 6)*

03 വ്യാഴം : **ദുക്റാനാ തിരുനാൾ, അതിരൂപതാമതാധ്യാപകദിനം, സീറോമലബാർസഭാദിനം** - കടമുള്ള ദിവസം (*ഓഫീസ് അവധി*),

05 ശനി : ബി.സി.റ്റി. കോഴ്സ്, രണ്ടാം ബാച്ച്: മൂന്നാം ദിവസം

06 ഞായർ : ശ്ലീഹാ അഞ്ചാം ഞായർ, ക്ലാസ്സ് - 6

07 തിങ്കൾ : സി.എൽ.റ്റി. കോഴ്സിന് ആപ്ലിക്കേഷൻ സമർപ്പിക്കാനുള്ള അവസാന തീയതി

12 ശനി : **സി.എൽ.റ്റി. 44-ാം ബാച്ച് ഉദ്ഘാടനം, ക്ലാസ്സ് ആരംഭം സി.എഫ്.സി. ഫൊറോനാതലയോഗം:** പുളിങ്കുന്ന് *(ഉച്ചകഴിഞ്ഞ് 3.30)*

13 ഞായർ : ശ്ലീഹാ ആറാം ഞായർ, ക്ലാസ്സ് - 7

14 തിങ്കൾ : റ്റീച്ചേഴ്സ് ഈവ്: സെന്റ് സെബാസ്റ്റ്യൻസ് സൺഡേ സ്കൂൾ, ചാഞ്ഞോടി *(വൈകുന്നേരം 6)*

16 ബുധൻ : റ്റീച്ചേഴ്സ് ഈവ്: സെന്റ് മേരീസ് സൺഡേ സ്കൂൾ, മുണ്ടുപാലം *(വൈകുന്നേരം 6)*

17 വ്യാഴം : റ്റീച്ചേഴ്സ് ഈവ്: സെന്റ് സെബാസ്റ്റ്യൻസ് സൺഡേ സ്കൂൾ, കൊടിനാട്ടുംകുന്ന് *(വൈകുന്നേരം 6)*

19 ശനി : സി.എൽ.റ്റി. ക്ലാസ്സ് – 2

20 ഞായർ : ശ്ലീഹാ ഏഴാം ഞായർ, ക്ലാസ്സ് – 8

21 തിങ്കൾ : റ്റീച്ചേഴ്സ് ഈവ്: സെൻ്റ് ജോസഫ്സ് സൺഡേ സ്കൂൾ, കുന്നന്താനം *(വൈകുന്നേരം 6)*

22 ചൊവ്വ : റ്റീച്ചേഴ്സ് ഈവ്: സെൻ്റ് ആൻ്റണീസ് സൺഡേ സ്കൂൾ, മുത്തൂർ *(വൈകുന്നേരം 6)*

23 ബുധൻ : റ്റീച്ചേഴ്സ് ഈവ്: സെൻ്റ് സേവ്യേഴ്സ് ഫൊറോനാ സൺഡേ സ്കൂൾ, തൃക്കൊടിത്താനം *(വൈകുന്നേരം 6)*

24 വ്യാഴം : **കാറ്റക്കെറ്റിക്കൽ റിസോഴ്സ് റ്റീം: നവാഗതർക്കുള്ള പരിശീലനം** (*ഉച്ചകഴിഞ്ഞ് 2* സന്ദേശനിലയം), **സി.എഫ്.സി. ഫൊറോനാതല യോഗം: തുരുത്തി** *(ഉച്ചകഴിഞ്ഞ് 2.30)*, റ്റീച്ചേഴ്സ് ഈവ്: ലൂർദ് മാതാ സൺഡേ സ്കൂൾ, പായിപ്പാട് *(വൈകുന്നേരം 6)*

26 ശനി : വിശുദ്ധരായ യോവാക്കിം–അന്ന

**കൈത്താക്കാലം**

27 ഞായർ : കൈത്താ ഒന്നാം ഞായർ, ക്ലാസ്സ് – 9, പന്ത്രണ്ടു ശ്ലീഹന്മാരുടെ തിരുനാൾ

28 തിങ്കൾ : റ്റീച്ചേഴ്സ് ഈവ്: മാർ സ്ലീവാ ഫൊറോനാ സൺഡേ സ്കൂൾ, പഴവങ്ങാടി *(വൈകുന്നേരം 6)*

29 ചൊവ്വ : റ്റീച്ചേഴ്സ് ഈവ്: ലിറ്റിൽ ഫ്ളവർ സൺഡേ സ്കൂൾ, ആര്യാട് *(വൈകുന്നേരം 6)*

30 ബുധൻ : റ്റീച്ചേഴ്സ് ഈവ്: ഇമ്മാക്കുലേറ്റ് ഹാർട്ട് സൺഡേ സ്കൂൾ, കൈതവന *(വൈകുന്നേരം 6)*

31 വ്യാഴം : റ്റീച്ചേഴ്സ് ഈവ്: സെൻ്റ് തോമസ് സൺഡേ സ്കൂൾ, പള്ളാത്തുരുത്തി *(വൈകുന്നേരം 6)*

**ഓഗസ്റ്റ്**

01 വെള്ളി : **പതിനഞ്ചുനോമ്പാരംഭം**

02 ശനി : **അൽഫോൻസാ തീർഥാടനം** *(ഓഫീസ് അവധി)*

03 ഞായർ : കൈത്താ രണ്ടാം ഞായർ, ക്ലാസ്സ് – 10

04 തിങ്കൾ : വി. ജോൺ മരിയ വിയാനി

06 ബുധൻ : ഈശോയുടെ രൂപാന്തരീകരണതിരുനാൾ

08 വെള്ളി : മാർ മാറി, വി. ഡൊമിനിക്

09 ശനി : സി.എൽ.റ്റി. ക്ലാസ്സ് – 3, ബി.സി.റ്റി. കോഴ്സ് മൂന്നാം ബാച്ച് – ഒന്നാം ദിവസം

10 ഞായർ : കൈത്താ മൂന്നാം ഞായർ, ക്ലാസ്സ് – 11

**പുതിയ ഡയറക്ടർ–അസ്സി. ഡയറക്ടർ**

സന്ദേശനിലയം–മിഷൻ ലീഗിന്റെ പുതിയ ഡയറക്ടർ ഫാ. വർഗീസ് പുത്തൻപുരയ്ക്കൽ, തെക്കൻമേഖലയുടെ പുതിയ അസ്സി. ഡയറക്ടർ ഫാ. ആന്റണി കിഴക്കേതലയ്ക്കൽ എന്നിവരെ സന്ദേശനിലയം–മിഷൻ ലീഗ് കുടുംബത്തിലേക്കു ഹാർദമായി സ്വാഗതം ചെയ്യുന്നു.

**ബി.സി.റ്റി. കോഴ്സ്**

ഈ അധ്യയനവർഷത്തെ ബി.സി.റ്റി. മൂന്നാം ബാച്ചിന്റെ ക്ലാസ്സുകൾ **ഓഗസ്റ്റ് 9, 23, 30** തീയതികളിൽ രാവിലെ 9.30 മുതൽ വൈകുന്നേരം 4 വരെ സന്ദേശനിലയത്തിൽ നടത്തപ്പെടുന്നതാണ്. ഓഗസ്റ്റ് ഒന്നുമുതൽ Ecos@Sandesലൂടെ കോഴ്സിന് അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഗൂഗിൾ പേ വഴി 500 രൂപ അടച്ച അപേക്ഷകർക്കാണ് അഡ്മിഷൻ ലഭ്യമാകുന്നത്. അവസാനതീയതി ഓഗസ്റ്റ് 5 ആണെങ്കിലും സീറ്റ് പരിധി കഴിഞ്ഞാൽ അഡ്മിഷൻ അവസാനിക്കുന്നതാണ്. ബി.സി.റ്റി. കോഴ്സിൽ ഇനിയും പങ്കെടുക്കാനുള്ള മതാധ്യാപകർ ഈ അവസരം വിനിയോഗിക്കേണ്ടതാണ്.

**സി.എൽ.റ്റി കോഴ്സ്**

സി.എൽ.റ്റി കോഴ്സിനുള്ള പുതിയ ബാച്ച് **ജൂലൈ 12ന്** ആരംഭിക്കുന്നതാണ്. അധ്യാപകർ, പ്രത്യേകിച്ചു ഹെഡ്മാസ്റ്റർമാരും 8 മുതൽ പഠിപ്പിക്കുന്ന അധ്യാപകരും സി.എൽ.റ്റി കോഴ്സ് പൂർത്തീകരിക്കേണ്ടവരാണ്. ജൂൺ 18 മുതൽ Ecos@Sandesൽ രജിസ്ട്രേഷൻ ആരംഭിച്ചിട്ടുണ്ട്. രജിസ്ട്രേഷൻ ഫീസ് 500 രൂപ ഗൂഗിൾ പേ വഴി അടച്ചു രജിസ്ട്രേഷൻ നടത്തേണ്ടതാണ്. രജിസ്ട്രേഷനുള്ള അവസാനതീയതി: ജൂലൈ 7. പ്രവേശനം ലഭിച്ചവർ വികാരിയുടെയോ ഡയറക്ടറുടെയോ ശിപാർശക്കത്ത്, ബി.സി.റ്റി. സർട്ടിഫിക്കറ്റ് എന്നിവയുമായി *ജൂലൈ 12 രാവിലെ ഒമ്പതിനു* സന്ദേശനിലയത്തിൽ എത്തേണ്ടതാണ്.

**എക്കോസ്@സന്ദേശ്**

2024–2025 മതബോധനവർഷത്തെ 1 മുതൽ 11 വരെയുള്ള ക്ലാസ്സുകളിലെ അർഹരായ കുട്ടികളെ Ecos@Sandesൽ പ്രമോഷൻ നൽകുന്നത് ഉടനെ പൂർത്തീകരിക്കേണ്ടതാണ്. സൺഡേ സ്കൂളിൽ ഈ വർഷം ഒന്നാം ക്ലാസ്സിൽ അഡ്മിഷൻ നടത്തിയ കുട്ടികളെയും മറ്റു ക്ലാസ്സുകളിൽ പുതുതായി അഡ്മിഷൻ നൽകിയ കുട്ടികളെയും Ecos@Sandesൽ എന്റർ ചെയ്യുന്നത് ഉടനെ പൂർത്തീകരിക്കേണ്ടതാണ്. അതിനുശേഷം 2025–2026 മതബോധനവർഷത്തെ *കുട്ടികളുടെ സ്ഥിതിവിവരക്കണക്കുകൾ* ജൂലൈയിൽ കുട്ടികളുടെ കൃത്യമായ എണ്ണം രേഖപ്പെടുത്തി സന്ദേശനിലയത്തിൽ നൽകേണ്ടതാണ്.

**റ്റീച്ചേഴ്സ് ഈവ്**

സൺഡേ സ്കൂൾ അധ്യാപകരുമായി സംവദിക്കുന്നതിനും അവരിൽനിന്നു നിർദേശങ്ങൾ സ്വീകരിക്കുന്നതിനും അവരെ ശക്തീകരിക്കുന്നതിനുമായി ജൂൺ മുതൽ 'റ്റീച്ചേഴ്സ് ഈവ്' എന്ന സംഗമം നടത്തപ്പെട്ടുവരുന്നു. 247 സൺഡേ

സ്കൂളുകളിലും തിങ്കൾ മുതൽ വ്യാഴം വരെയുള്ള ദിവസങ്ങളിൽ വൈകുന്നേരം ആറിനു തുടർച്ചയായി ഇതു ക്രമീകരിക്കുന്നതാണ്. മണിമല ഫൊറോനയിൽ ഈ സംഗമം നടത്തപ്പെട്ടു.

റ്റീച്ചേഴ്സ് ഈവ് (ജൂലൈ) - തൃക്കൊടിത്താനം, ആലപ്പുഴ ഫൊറോനകൾ

**നേതൃനിര വാട്സ്ആപ്പ് നമ്പറുകൾ**

നിലവിൽ സൺഡേ സ്കൂൾ നേതൃത്വത്തിലുള്ളവർ (സി.ആർ.റ്റി., ഹെഡ് മാസ്റ്റർ, സ്റ്റാഫ് സെക്രട്ടറി, ഓഫീസ് സെക്രട്ടറി, എക്കോസ്@സന്ദേശ് മാനേജർമാർ) സ്ഥാനമൊഴിയുമ്പോൾ അവരുടെയും പകരം നിയമിതരാകുന്നവരുടെയും പേരുകളും ഫോൺ നമ്പറുകളും സന്ദേശനിലയത്തിൽ അറിയിക്കുകയും വാട്സ്ആപ്പ് നമ്പറുകൾ നിങ്ങൾ അംഗങ്ങളാകേണ്ട ഗ്രൂപ്പിൽ ചേർക്കപ്പെട്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യേണ്ടതാണ്.

**പി.റ്റി.എഫ്.-സൺഡേ സ്കൂൾ ലീഡർമാർ**

1 മുതൽ 12 വരെയുള്ള സൺഡേ സ്കൂൾ ക്ലാസ്സുകളിലെ കുട്ടികളുടെ മാതാപിതാക്കളിൽനിന്നും ഒരു മാതാവ്, ഒരു പിതാവ് എന്ന പ്രകാരം പ്രതിനിധികളെ എക്സിക്യൂട്ടിവംഗങ്ങളായി തെരഞ്ഞെടുക്കുകയും അവരിൽനിന്നും പി.റ്റി.എഫ്. ഭാരവാഹികളെ *ജൂലൈ പതിമൂന്നിനകം* തെരഞ്ഞെടുക്കേണ്ടതുമാണ്. സൺഡേ സ്കൂൾ ലീഡർമാരുടെ തെരഞ്ഞെടുപ്പ് ഉടനെ പൂർത്തീകരിക്കേണ്ടതാണ്. പി.റ്റി.എഫ്.-സൺഡേ സ്കൂൾ ലീഡേഴ്സ് മീറ്റും സ്കോളർഷിപ്പ് പരീക്ഷയിൽ അർഹത നേടിയ കുട്ടികൾക്കുള്ള സ്കോളർഷിപ്പ് വിതരണവും **ഓഗസ്റ്റ് 10** *രാവിലെ 9.30 മുതൽ ഉച്ചയ്ക്ക് 1.30 വരെ* പരിശുദ്ധ കുർബാനയോടെ സന്ദേശനിലയത്തിൽ നടത്തപ്പെടുന്നതാണ്.

**ഫൊറോനാ ഓർഗനൈസർമാർക്കു സ്വാഗതം**

ഫൊറോനാ ഓർഗനൈസർമാരായി നിയമിക്കപ്പെട്ട ഫാ. മാത്യു കാവനാട്ട് (അതിരമ്പുഴ), ഫാ. തോമസ് മണിയൻചിറ (മണിമല), ഫാ. തോമസ് കന്യാകോണിൽ (കൊല്ലം-ആയൂർ), ഫാ. ജോസഫ് പാറയ്ക്കൽ (കോട്ടയം), ഫാ. വർഗീസ് അരഞ്ഞാണിയിൽ (തിരുവനന്തപുരം), ഫാ. അബ്രാഹം തീമ്പലങ്ങാട്ട് (തുരുത്തി) എന്നിവരെ സന്ദേശനിലയം കുടുംബത്തിലേക്കു സ്വാഗതം ചെയ്യുന്നു.

**ആദരാഞ്ജലികൾ**

പഴവങ്ങാടി സൺഡേ സ്കൂൾ വിദ്യാർഥി ഡോൺ തോമസ് ജോസഫ്, സന്ദേശനിലയം വിശ്വാസോത്സവം റ്റീച്ചിങ് റ്റീമംഗം സി. ലിൻസ കരിമാളൂർ എസ്.എ.ബി.എസ്. എന്നിവരുടെ നിര്യാണങ്ങളിൽ സന്ദേശനിലയം-മിഷൻ ലീഗ് കുടുംബം അനുശോചനവും പ്രാർഥനയും അറിയിക്കുന്നു.

❑

# ചെറുപുഷ്പ മിഷൻ ലീഗ്
## (CML)

സ്നേഹമുള്ള കുഞ്ഞു മിഷണറിമാരേ,

ആഘോഷമായും വർണശബളമായും മിഷൻ ലീഗിന്റെ അതിരൂപതാതലത്തിലുള്ള പ്രവർത്തനവർഷം ഉദ്ഘാടനം ചെയ്യപ്പെട്ടു. അതിൽ പങ്കെടുത്ത കുഞ്ഞു മിഷണറിമാർ, ആനിമേറ്റർമാർ, ജോയിന്റ് ഡയറക്ടർമാർ, അധ്യാപകർ എന്നിവരെ അഭിനന്ദിക്കുന്നു. സുകൃതവഴികൾ അഭ്യസിക്കാൻ നമുക്കിപ്പോൾ കരഗതമായിരിക്കുന്ന ഏകവേദിയാണു മിഷൻ ലീഗിന്റെ പ്രവർത്തനങ്ങൾ. മാനുവൽ ബുക്ക് പൂരിപ്പിക്കൽ ഏറ്റം സത്യസന്ധമായും ആത്മാർഥമായും നിർവഹിക്കുകയെന്നതു നമ്മുടെ അടിസ്ഥാനങ്ങളെ ബലപ്പെടുത്തും. അക്കാര്യത്തിൽ ഈ വർഷം കൂടുതൽ ശ്രദ്ധയുള്ളവരാകാം.

ഈശോയിൽ സ്നേഹപൂർവം,

**ഫാ. വർഗീസ് പുത്തൻപുരയ്ക്കൽ**
*(ഡയറക്ടർ)*

**ഫാ. സെബാസ്റ്റ്യൻ മാമ്പറ**
**ഫാ. ആന്റണി കിഴക്കേതലയ്ക്കൽ**
*(അസ്സിസ്റ്റന്റ് ഡയറക്ടർമാർ)*

## അറിയിപ്പുകൾ

**ജൂലൈ**

02 ബുധൻ : അംഗത്വസ്വീകരണം: അതിരൂപതാതലോദ്ഘാടനം

03 വ്യാഴം : **ദുക്റാനാ തിരുനാൾ** – കടമുള്ള ദിവസം (*ഓഫീസ് അവധി*), അംഗത്വസ്വീകരണം: ശാഖകളിൽ, മാർ തോമസ് തറയിൽ മെത്രാപ്പോലീത്തായുടെ നാമഹേതുകതിരുനാൾ, തോമസ് നാമധാരികൾക്ക് ആശംസകൾ നേരാം

12 ശനി : ബേത്‌ലെഹെം മീറ്റ്, അനുരഞ്ജനശുശ്രൂഷാക്രമീകരണം

20 ഞായർ : അൾത്താര ബാലന്മാരുടെ യോഗം (ശാഖകളിൽ)

26 ശനി : വിശുദ്ധരായ യോവാക്കിം-അന്ന

27 ഞായർ : 12 ശ്ലീഹന്മാരുടെ തിരുനാൾ, അൽഫോൻസാ തീർഥാടനത്തിന് ഒരുക്കമായുള്ള പ്രാർഥന: കുടമാളൂർ ജന്മഗൃഹം (അതിരൂപതാ ഭാരവാഹികൾ), അൽഫോൻസാ ക്വിസ് (ഓൺലൈൻ)

28 തിങ്കൾ : മാർത്ത് അൽഫോൻസായുടെ തിരുനാൾ

ദൈവവചനം : കർത്താവിൽ പ്രത്യാശയർപ്പിക്കുവിൻ, ദുർബലരാകാതെ ധൈര്യമവലംബിക്കുവിൻ (സങ്കീർത്തനം 27:14)

നിയോഗം : കുഞ്ഞുങ്ങൾക്കായി

സത്പ്രവൃത്തി : സങ്കീർത്തനം 27:14 പത്തുപ്രാവശ്യം ഉരുവിട്ട് ആത്മാക്കളുടെ രക്ഷയ്ക്കായി സമർപ്പിച്ചു പ്രാർഥിക്കാം

ഓഗസ്റ്റ്

01 വെള്ളി : **പതിനഞ്ചുനോമ്പാരംഭം**

02 ശനി : **37–ാമത് അൽഫോൻസാ തീർഥാടനം** *(ഓഫീസ് അവധി)*

04 തിങ്കൾ : വി. ജോൺ മരിയ വിയാനി, ഇടവകവൈദികദിനം, ഇടവക വൈദികർക്കായി പ്രാർഥിക്കാം

06 ബുധൻ : ഈശോയുടെ രൂപാന്തരീകരണതിരുനാൾ

09 ശനി : ബേത്‌ലെഹെം മീറ്റ്, പഠനഗ്രന്ഥചർച്ച

ദൈവവചനം : പ്രത്യാശ നമ്മുടെ ആത്മാവിന്റെ സുരക്ഷിതവും സുസ്ഥിരവുമായ നങ്കൂരം പോലെയാണ് (ഹെബ്രായർ 6:19)

നിയോഗം : മെത്രാന്മാർക്കായി

സത്പ്രവൃത്തി : ഹെബ്രായർ 6:19 പത്തുപ്രാവശ്യം ഉരുവിട്ട് ആത്മാക്കളുടെ രക്ഷയ്ക്കായി സമർപ്പിച്ചു പ്രാർഥിക്കാം

**ജൂബിലി വർഷാചരണം**

ജൂബിലി വർഷത്തിൽ 'പ്രത്യാശയുടെ തീർഥാടകർ' എന്ന നിലയിൽ ശ്ലീഹാക്കാലത്തു താഴെപ്പറയുന്ന കാര്യങ്ങൾ ക്രമീകരിക്കാൻ സൺഡേ സ്കൂളിന്റെയും മിഷൻ ലീഗിന്റെയും അഭിമുഖ്യത്തിൽ വിശ്വാസപരിശീലകർ ശ്രദ്ധിക്കണം.

1. പരിശുദ്ധാരൂപിയുടെ ഗാനാലാപനത്തോടെ ക്ലാസ്സുകൾ ആരംഭിക്കുക.
2. ഓരോ ക്ലാസ്സിലും ശ്ലീഹന്മാരുടെ പ്രവർത്തനങ്ങൾ രണ്ടാം അധ്യായം 4 ഞായറാഴ്ചകളിലായി വായിപ്പിക്കുക.
3. ശ്ലീഹാക്കാലത്ത് 'ബൈബിൾ വേഴ്സ് ബോക്സിൽ' നിക്ഷേപിക്കാനായി കണ്ടെത്തേണ്ടതു സുവിശേഷപ്രഘോഷണദൗത്യത്തെ സൂചിപ്പിക്കുന്ന തിരുവചനങ്ങളായിരിക്കണം.

**അതിരൂപതാവിഹിതം**

ചെറുപുഷ്പ മിഷൻ ലീഗ് അതിരൂപതാ ഓഫീസിൽ അടയ്ക്കേണ്ട അതിരൂപതാവിഹിതം, ദൈവവിളി ഫണ്ട്, പഠനഗ്രന്ഥം (കുടിശിഖ വാങ്ങിയവർ) തുടങ്ങിയവ എത്രയുംവേഗം അടയ്ക്കാൻ ശ്രദ്ധിക്കണം.

❑

# ബൈബിൾ അപ്പോസ്തലേറ്റ് & കുടുംബക്കൂട്ടായ്മ

ഈശോയിൽ സ്നേഹമുള്ളവരേ,

നമ്മുടെ പിതാവായ മാർ തോമാ ശ്ലീഹായുടെ ദുക്റാനാ തിരുനാളിന്റെ ആശംസകൾ ഏവർക്കും നേരുന്നു.

ഫൊറോനാ ഡയറക്ടർ അച്ചന്മാർ, സെൻട്രൽ കമ്മിറ്റിയംഗങ്ങൾ എന്നിവരുടെ നേതൃത്വത്തിൽ പരിചയസമ്പന്നരായ ക്വിസ് മാസ്റ്റർമാരുടെ സഹകരണത്തോടെ ജൂൺ 15നു റീജൻ തലത്തിലുള്ള മത്സരം ഭംഗിയായി ക്രമീകരിക്കാൻ സാധിച്ചു. 5 റീജനുകളിലും നല്ല പങ്കാളിത്തമുണ്ടായിരുന്നു. ഇതിനായി പരിശ്രമിച്ചവരെ നന്ദിയോടെ ഓർക്കുന്നു.

ഈ വർഷത്തെ ലോഗോസ് ക്വിസിന്റെ രജിസ്ട്രേഷൻ ആരംഭിച്ചിട്ടുണ്ട്. കെ.സി.ബി.സി. ബൈബിൾ കമ്മിഷന്റെ ആഭിമുഖ്യത്തിലുള്ള ലോഗോസ് ക്വിസിലും പങ്കാളിത്തം ഒട്ടും കുറയാൻ പാടില്ല. എല്ലാവരും ഇതിൽ പങ്കെടുത്തു സമ്മാനങ്ങൾ കരസ്ഥമാക്കണമെന്ന് അറിയിക്കുന്നു.

കുടുംബക്കൂട്ടായ്മകളുടെ ഉപയോഗത്തിനായി കുടുംബക്കൂട്ടായ്മ ഡയറി തയ്യാറാക്കിവരുന്നു. ജൂലൈ 25 മുതൽ അതിരൂപതാ ഓഫീസിൽനിന്ന് അതു വാങ്ങാവുന്നതാണ്. നൂറുമേനി സീസൺ 3 ഗ്രാൻഡ് ഫിനാലെ, സമാപന സമ്മേളനം എന്നിവയുടെ തീയതികളിൽ മാറ്റം വന്നിട്ടുണ്ട്. ഉടനെതന്നെ അതറിയിക്കുന്നതാണ്.

സ്നേഹപൂർവം,

**ഫാ. ജോർജ് മാന്തുരുത്തിൽ**
*(ഡയറക്ടർ)*

## അറിയിപ്പുകൾ

**ലോഗോസ് ക്വിസ് – ജൂലൈ: ലോഗോസ് രജിസ്ട്രേഷൻ മാസം**

ലോഗോസ് ബൈബിൾ ക്വിസ് ആരംഭിച്ചതിന്റെ രജത ജൂബിലി വർഷമാണ് 2025. ഇടവകകളിൽനിന്നു പരമാവധി പങ്കാളിത്തമുണ്ടാകണമെന്നാണ് അഭി. മാർ തോമസ് തറയിൽ മെത്രാപ്പോലീത്താ നിർദേശിച്ചിരിക്കുന്നത്. സൺഡേ സ്കൂൾ, കുടുംബക്കൂട്ടായ്മ, യുവദീപ്തി, മാതൃ–പിതൃവേദികൾ എന്നിവയുടെ നേതൃത്വത്തിൽ മുഴുവനാളുകളെയും പങ്കെടുപ്പിക്കാൻ ജൂലൈയിൽ തീവ്രശ്രമം ഉണ്ടാകണം. ഈ വർഷം സൺഡേ സ്കൂളുകളിലെ കുട്ടികൾ, മതാധ്യാപകർ, കുടുംബക്കൂട്ടായ്മാ ലീഡർമാർ, കുടുംബങ്ങൾ എന്നിവരെ ലോഗോസ് പഠന പദ്ധതിയിൽ ചേർക്കണമെന്നാണ് ആഗ്രഹിക്കുന്നത്.

കുടുംബക്കൂട്ടായ്മകളിലും ലോഗോസ് പഠനം ഗൗരവമായി കാണേണ്ടതാണ്. സൺഡേ സ്കൂൾ ഹെഡ്മാസ്റ്റർമാരും കുടുംബക്കൂട്ടായ്മാ ലീഡർമാരും ഇക്കാര്യത്തിൽ പ്രത്യേക താത്പര്യമെടുക്കണം. ഏറ്റവും കൂടുതലാളുകളെ പങ്കെടുപ്പിക്കുന്ന ഇടവകൾക്കും കുടുംബങ്ങൾക്കാനുപാതികമായി ഏറ്റവും കൂടുതലാളുകളെ പങ്കെടുപ്പിക്കുന്ന ഇടവകയ്ക്കും പ്രത്യേകസമ്മാനങ്ങൾ നൽകുന്നതാണ്. ഇടവകയിൽ 2 മതാധ്യാപകരെ ലോഗോസ് കോഡിനേറ്റർമാരായി നിയമിച്ചു രജിസ്ട്രേഷൻ ഉടൻ ആരംഭിക്കേണ്ടതാണ്.

രജിസ്ട്രേഷൻ ഫീസ് ഒരാൾക്ക് 20 രൂപയാണ്. ഇതിൽ രണ്ടു രൂപ ഇടവക കളിലെ ചെലവുകൾക്കായി നൽകുന്നതാണ്. ബാക്കിയുള്ളത് അതിരൂപതയു ടെയും പി.ഒ.സി.യുടെയും വിഹിതങ്ങളാണ്. കുടുംബങ്ങൾക്കും ബധിര-ഭിന്ന ശേഷിയുള്ളവർക്കും സംസ്ഥാനതലത്തിൽ മത്സരിക്കുന്നതിനു സാധിക്കുന്ന താണ്. അതിരൂപതയിലെ കോൺഗ്രിഗേഷനുകൾക്കു ലോഗോസ് ക്വിസിനു പ്രത്യേകമായി രജിസ്റ്റർ ചെയ്തു മത്സരത്തിൽ പങ്കെടുക്കുന്നതിനുള്ള ക്രമീ കരണവും ചെയ്തിട്ടുണ്ട്.

**പഠനവിഷയങ്ങൾ**

ന്യായാധിപന്മാർ 11-21; പ്രഭാഷകൻ 41-50; ലൂക്കാ 17-24; എഫേസോസ് 1-6

**പ്രായവിഭാഗങ്ങൾ**

| | |
|---|---|
| **എ വിഭാഗം** | 01-01-2014നും അതിനുശേഷവും ജനിച്ചവർ |
| **ബി വിഭാഗം** | 01-01-2009നും 31-12-2013നും മധ്യേ ജനിച്ചവർ |
| **സി വിഭാഗം** | 01-01-1994നും 31-12-2008നും മധ്യേ ജനിച്ചവർ |
| **ഡി വിഭാഗം** | 01-01-1974നും 31-12-1993നും മധ്യേ ജനിച്ചവർ |
| **ഇ വിഭാഗം** | 01-01-1961 നും 31-12-1973നും മധ്യേ ജനിച്ചവർ |
| **എഫ് വിഭാഗം** | 31-12-1960നും അതിനുമുമ്പും ജനിച്ചവർ |

രജിസ്ട്രേഷനുള്ള അവസാനതീയതി: ജൂലൈ 31

**നൂറുമേനി സീസൺ 3 റീജൻ തല മത്സരവിജയികൾ**

**തിരുവനന്തപുരം**

സ്ഥാനം

| | |
|---|---|
| **ഒന്ന്** | ഡോ. അഭിലാഷ് കെ. തോമസ്, ഡോ. റോണ ജോസഫ് പി., സെബാസ്റ്റ്യൻ തോമസ് കുഴിക്കാട്ടിൽ (സെന്റ് അൽഫോൻസാ, പോങ്ങുമ്മൂട്) |
| **രണ്ട്** | അമ്മിണി ഇമ്മാനുവൽ, ദിയ ജെറി കരിക്കാട്ട് (ക്രൈസ്റ്റ് ദ കിങ്, കുറ്റിക്കോണം) |
| **മൂന്ന്** | സ്നേഹ ജെം മാത്യു, എൻ. എഫ്. ഫ്രാൻസിസ് നഞ്ചിലത്ത് (സെന്റ് അൽഫോൻസാ, പോങ്ങുമ്മൂട്) |
| **നാല്** | ബിന്ദു വർഗീസ്, ജിയ ആൻ തോമസ് കാക്കനാട് (സെന്റ് ജോർജ് ഫൊറോന, അമ്പൂരി) |
| **അഞ്ച്** | മംഗള ഫ്രാൻസിസ്, ഫൗസ്റ്റീന മറിയം ഫ്രാൻസിസ് കാളാപ്പറമ്പൻ (എമ്മാവൂസ്, ശ്രീകാര്യം) |

**നെടുങ്കുന്നം**

സ്ഥാനം

| | |
|---|---|
| **ഒന്ന്** | സോജി ചാക്കോ, മരിയ മാത്യു കൂനാനിക്കൽ (സെന്റ് ജോസഫ്സ്, വായ്പൂർ) |
| **രണ്ട്** | ജിസ ജോർജ്, ജിനോ ജോർജ്, ത്രേസ്യാമ്മ ജോർജ് കുരിക്കാട്ട് (സെന്റ് ജോസഫ്സ്, ചമ്പക്കര) |
| **മൂന്ന്** | മോസസ് തോമസ്, ജോഷ്വാ തോമസ്, മരിയ തോമസ് പ്ലാംപറമ്പിൽ (സെന്റ് ജോൺ ദ ബാപ്റ്റിസ്റ്റ് ഫൊറോന, നെടുങ്കുന്നം) |
| **നാല്** | കെ. എം. ജോൺ, ലിസി ജോൺ, അഖിൽ ജോൺ കിഴക്കേവീട്ടിൽ (സെന്റ് ആന്റണീസ് ഫൊറോന, കുറുമ്പനാടം) |
| **അഞ്ച്** | മരിയ മേരി തോമസ്, മാഗി മേരി തോമസ് കുമ്പുളുവേലിൽ (ലിറ്റിൽ ഫ്ളവർ, കുളത്തൂർ) |

### ചങ്ങനാശ്ശേരി

സ്ഥാനം

**ഒന്ന്** ജയിംസ് കെ. ജേക്കബ്, ഷൈനി സെബാസ്റ്റ്യൻ കോലോത്ത് (സെന്റ് മേരീസ്, പാറേൽ)

**രണ്ട്** മറിയമ്മ സണ്ണി, സണ്ണി ജേക്കബ് നാലുപറയിൽ (ഹോളി ഫാമിലി, പൊടിപ്പാറ)

**മൂന്ന്** ജെസി ജോസഫ്, സാന്ദ്ര ഡൊമിനിക് മുളയ്ക്കൽ (സെന്റ് മേരീസ്, പാറേൽ)

**നാല്** നിധി ആന്റണി, ജോംലിൻ ആന്റണി, റോംലിൻ ആന്റണി കൈലാത്ത് (സെന്റ് മേരീസ് മെത്രാപ്പോലീത്തൻ, ചങ്ങനാശ്ശേരി)

**അഞ്ച്** റിനി റിബു, മിലൻ റിബു പടനിലം (സെന്റ് തോമസ്, നാലുകോടി)

### കുട്ടനാട്

സ്ഥാനം

**ഒന്ന്** മാത്യു തോമസ്, മേരിക്കുട്ടി തോമസ്, മെർലി ആൻ മാത്യു തറയിൽ കാനാച്ചേരി (സെന്റ് മേരീസ് ഫൊറോന, പുളിങ്കുന്ന്)

**രണ്ട്** ഷൈനി കെ. ജെ., എയ്ഞ്ചൽ മേരി ആന്റണി ചെമ്മങ്ങാട് (മാർ സ്ലീവാ, പൊങ്ങ)

**മൂന്ന്**
- ലിസമ്മ ജോസഫ്, ജെസ്‌ലിൻ മേരി ജോസഫ്, ജെറിൻ ജോസഫ് നൂറ്റിയെട്ടിൽ (സെന്റ് സെബാസ്റ്റ്യൻസ്, നർബോണപുരം)
- അൾറിക് ജോസ്, മറിയാമ്മ ആന്റണി, എലിയൻ മരിയ ജോസുകുട്ടി വിരുത്തിക്കരി (സെന്റ് തെരേസാസ്, കാവാലം)

**നാല്** എവ്‌ലിൻ ആന്റണി, ഇമ്മാനുവൽ ആന്റണി, ഗ്രിറ്റ ആന്റണി (സെന്റ് ആന്റണീസ്, പാദുവാപുരം)

### കോട്ടയം

സ്ഥാനം

**ഒന്ന്** ഡോ. സുജിത്ത് ജോ മാത്യു, ഡോ. അനു വർഗീസ്, മരിയ റോസ് ജോ മണിയ ഞാട്ട് (ലൂർദ് മാതാ, അരുവിക്കുഴി)

**രണ്ട്** വർഗീസ് കുരുവിള, പ്രീണി വർഗീസ് കുന്നുംപുറത്ത് (സെന്റ് മേരീസ് മേജർ ആർക്കിഎപ്പിസ്കോപ്പൽ, കുടമാളൂർ)

**മൂന്ന്** മേരി ചെറിയാൻ, ചെറിയാൻ സി. ജെ. ചെന്നാട് (ക്രൈസ്റ്റ് ദ കിങ്, ഏറ്റുമാനൂർ)

**നാല്** റ്റി. ജെ. ജോസഫ്, ലിസി ജോസഫ് തയ്യിൽ (സെന്റ് മേരീസ് മേജർ ആർക്കിഎപ്പി സ്കോപ്പൽ, കുടമാളൂർ)

**അഞ്ച്** ഷൈജ അബ്രഹാം, ഹെലൻ ഗ്രെയ്സ്, ഐറിൻ ഗ്രെയ്സ് ചീരംകുന്നേൽ (റ്റ്വൽവ് അപ്പോസൽസ്, മാന്നാനം)

❑

# ഫാമിലി അപ്പോസ്തലേറ്റ്

ഈശോയിൽ പ്രിയരേ,

'എന്റെ കർത്താവും എന്റെ ദൈവവും' എന്ന് ഉദ്ഘോഷിച്ച മാർ തോമാ ശ്ലീഹായുടെ വിശ്വാസസാക്ഷ്യത്തിന്റെ പിന്മുറക്കാരായി ഉത്ഥിതനായ ഈശോ മ്ശിഹായിൽ അടിയുറച്ചുവിശ്വസിക്കുന്ന മാർ തോമാ നസ്രാണികളാണു നമ്മൾ. ഉത്ഥിതനായ കർത്താവിലുള്ള വിശ്വാസമാണു ക്രിസ്തീയപ്രത്യാശയുടെ അടിസ്ഥാനം. മാതാപിതാക്കൾ തങ്ങളുടെ കുടുംബത്തിൽ പ്രത്യാശയുടെ സാക്ഷ്യമായിരിക്കണം. ലോകത്തിൽ അസമാധാനത്തിന്റെയും നിരാശയുടെയും ശബ്ദവും സന്ദേശങ്ങളും പ്രാമുഖ്യം നേടാതിരിക്കണമെങ്കിൽ ക്രിസ്തീയകുടുംബങ്ങൾ പ്രത്യാശയുടെയും സമാധാനത്തിന്റെ സാക്ഷ്യകൂടാരങ്ങളാകണം.

ഈശോയുടെ മനുഷ്യാവതാര ജൂബിലിയുടെ ഈ കാലയളവിൽ മാതൃവേദി-പിതൃവേദി പ്രസ്ഥാനങ്ങൾ മുൻകൈയെടുത്ത് ഇടവകകളിൽ പാലിയേറ്റീവ് കെയർ ക്ലബ്ബുകൾ (നല്ലസമറായൻ ഫോറം) രൂപീകരിക്കാൻ ശ്രദ്ധിക്കണം. ഇതിനോടകം നൂറോളം ഇടവകകളിൽ ഇത്തരം സംവിധാനങ്ങൾ രൂപീകരിക്കപ്പെട്ടുകഴിഞ്ഞു എന്നത് സന്തോഷകരമാണ്. ഇതിന്റെ രൂപീകരണത്തിനും പ്രവർത്തനങ്ങൾക്കും ഇടവകയിലെ മറ്റുപ്രസ്ഥാനങ്ങളുടെ സഹകരണം തേടാം. വികാരിയച്ചന്മാരുടെയും ഡയറക്ടർ അച്ചന്മാരുടെയും മാർഗനിർദേശങ്ങൾക്കു വിധേയമായി ജീവകാരുണ്യപരമായി ഏറെ കാര്യങ്ങൾ ചെയ്യാൻ ഈ ക്ലബുകൾക്കു സാധിക്കുന്നതാണ്. അതു കാലഘട്ടത്തിന് ഏറെ അനുയോജ്യമായ ഒരു ശുശ്രൂഷയായിക്കണ്ട് ഏവരും സഹകരിക്കണമെന്ന് അഭ്യർഥിക്കുന്നു.

സ്നേഹപൂർവം

**ഫാ. ജോൺ തറക്കുന്നേൽ**
*(അസ്സിസ്റ്റന്റ് ഡയറക്ടർ)*

**ഫാ. സെബാസ്റ്റ്യൻ ചാമക്കാല**
*(ഡയറക്ടർ)*

## റിപ്പോർട്ട്

### പുതിയ അസ്സിസ്റ്റന്റ് ഡയറക്ടർ

ഫാമിലി അപ്പോസ്തലേറ്റിന്റെ അസ്സിസ്റ്റന്റ് ഡയറക്ടറും കുടുംബജ്യോതി മാസികയുടെ എക്സിക്യൂട്ടിവ് എഡിറ്ററുമായി ശുശ്രൂഷ ചെയ്ത ഫാ. ജോസഫ് ഇരുപ്പക്കാട്ടിനു പകരമായി തിരുവനന്തപുരം ലൂർദ് ഫൊറോനാ ഇടവകാംഗം ഫാ. ജോൺ തറക്കുന്നേലിനെ അഭി. മാർ തോമസ് തറയിൽ മെത്രാപ്പോലീത്താ നിയമിച്ചു; മെയ് 27ന് അച്ചൻ ചുമതലയേറ്റു. ഫാമിലി അപ്പോസ്തലേറ്റിന്റെ ശുശ്രൂഷകളിലേക്കെത്തിയ അച്ചനു സ്വാഗതമറിയിക്കുന്നു. കഴിഞ്ഞ രണ്ടര വർഷക്കാലത്തെ സ്തുത്യർഹമായ ശുശ്രൂഷകളിലൂടെ അതിരൂപതയുടെ കുടുംബപ്രേഷിതശുശ്രൂഷകൾക്ക് ഉണർവു പകർന്ന ഫാ. ജോസഫ് ഇരുപ്പക്കാട്ടിനു ഹൃദ്യമായ നന്ദി രേഖപ്പെടുത്തുന്നു.

### ആനിമേഷൻ കോർ കമ്മിറ്റി

മാതൃവേദി-പിതൃവേദി അതിരൂപതാഭാരവാഹികളുടെ ഓൺലൈൻ യോഗം ജൂൺ 19നു നടത്തപ്പെട്ടു.

**പരിസ്ഥിതിദിനാചരണം**

യൂണിറ്റുകളിൽ ലോകപരിസ്ഥിതിദിനം സമുചിതമായി ആചരിച്ചു. പ്ലാസ്റ്റിക് നിർമാർജനം, കംപോസ്റ്റ് നിർമാണം, മാലിന്യസംസ്കരണം എന്നിവയുടെ കാലോചിതമായ സന്ദേശങ്ങൾ കൈമാറുന്ന സന്ദേശപ്രചരണപരിപാടികൾ നടത്തപ്പെട്ടു. വൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ച് ഈ ദിനാചരണം അർഥവർത്താക്കി.

**പിതൃദിനാചരണം**

ലോകപിതൃദിനമായ ജൂൺ 15നും അതിനോടടുത്ത ദിവസങ്ങളിലും യൂണിറ്റുകളിൽ പിതൃദിനാഘോഷങ്ങൾ നടത്തപ്പെട്ടു. പിതൃത്വത്തിന്റെ ദൗത്യവും ഉത്തരവാദിത്വങ്ങളും അനുസ്മരിപ്പിക്കുന്ന സന്ദേശങ്ങൾ കൈമാറുകയും വിവിധ പ്രായവിഭാഗങ്ങളിലുള്ള പിതാക്കന്മാരെ ആദരിക്കുന്ന പരിപാടികൾ നടത്തപ്പെടുകയും ചെയ്തു.

**പാലിയേറ്റീവ് ക്ലബ്ബ് രൂപീകരണം**

രോഗീസന്ദർശനങ്ങൾ, രോഗീപരിചരണങ്ങൾ, ഒറ്റപ്പെട്ട കിടപ്പുരോഗികളുടെ വീടും പരിസരവും വൃത്തിയാക്കൽ, അവർ പരിശുദ്ധ കുർബാന സ്വീകരിക്കാനാഗ്രഹിക്കുമ്പോൾ അതിനുള്ള അവസരമൊരുക്കൽ, വർഷത്തിൽ 2 തവണയെങ്കിലും കിടപ്പുരോഗികളുൾപ്പെടെയുള്ളവർക്കു പള്ളിയിൽ വരാനും പരിശുദ്ധ കുർബാനയിലും മറ്റുശുശ്രൂഷകളിലും പങ്കെടുക്കാനുമുള്ള അവസരമൊരുക്കൽ, ശുശ്രൂഷാസന്നദ്ധരായ ഡോക്ടർമാർ, നേഴ്സുമാർ എന്നിവരുടെ സേവനം പ്രയോജനപ്പെടുത്തിയുള്ള സൺഡേ ക്ലിനിക്കുകൾ എന്നിങ്ങനെയുള്ള ലക്ഷ്യങ്ങളോടെ ഇതിനോടകം നൂറോളം ഇടവകകളിൽ പാലിയേറ്റീവ് ക്ലബ്ബുകൾ രൂപീകരിക്കപ്പെട്ടു.

**ആനിമേഷൻ റ്റീം സംയുക്തസമ്മേളനം**

അതിരൂപതാ മാതൃവേദി-പിതൃവേദിപ്രസ്ഥാനങ്ങളുടെ ആനിമേഷൻ റ്റീമിന്റെ സംയുക്തസമ്മേളനം ജൂൺ 19നു ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്ററിൽ നടത്തപ്പെട്ടു. ഫൊറോനാസന്ദർശനങ്ങൾ, വിവിധ ദിനാചരണങ്ങൾ, അതിരൂപതാതലത്തിലുള്ള മാതൃ-പിതൃസംഗമങ്ങൾ എന്നിവ സംബന്ധിച്ചു ചർച്ചകൾ നടത്തി തീരുമാനങ്ങൾ കൈക്കൊണ്ടു.

## ഓർമിക്കാൻ

| | |
|---|---|
| ജൂലൈ 03 | ദുക്റാനാ തിരുനാൾ |
| ജൂലൈ 26 | വിശുദ്ധരായ യോവാക്കിം-അന്ന |
| ജൂലൈ 27 | ഗ്രാൻഡ് പേരന്റ്സ് ഡേ |

*ശേഷം പേജ് 47 ➤➤➤*

# യുവദീപ്തി–എസ്.എം.വൈ.എം.

**ആന്റപ്പൻ അമ്പിയായം പ്രസംഗമത്സരം**

പരിസ്ഥിതിദിനത്തോടനുബന്ധിച്ചു യുവദീപ്തി-എസ്.എം.വൈ.എം.ന്റെ ആഭിമുഖ്യത്തിൽ ജൂൺ ഏഴിന് ആന്റപ്പൻ അമ്പിയായം മെമ്മോറിയൽ പ്രസംഗ മത്സരം നടത്തപ്പെട്ടു. അതിരൂപതാ പ്രസിഡന്റ് അരുൺ റ്റോം തോപ്പിലിന്റെ അധ്യക്ഷതയിലുള്ള സമ്മേളനത്തിൽ അതിരൂപതാ ഡയറക്ടർ ഫാ. സാവിയോ മാനാട്ട് സമ്മേളനം ഉദ്ഘാടനം ചെയ്തു. ലാലിച്ചൻ മറ്റത്തിൽ ആന്റപ്പൻ അമ്പി യായം അനുസ്മരണപ്രസംഗം നടത്തി. എലിസബത്ത് വർഗീസ്, ക്രിസ്റ്റി കെ. കുഞ്ഞുമോൻ, അലക്സ് സെബാസ്റ്റ്യൻ എന്നിവർ പ്രസംഗിച്ചു.

**വിജയികൾ**

| സ്ഥാനം | | യുവാക്കൾ | | യുവതികൾ | |
|---|---|---|---|---|---|
| | **ഒന്ന്** | നെവിൻ ബിജു | ചമ്പക്കര | മെറീന സജി | മാവേലിക്കര |
| | **രണ്ട്** | ജെബിൻ കെ. ജോസ് | ഈര | ലിബിയ എലിസബത്ത് ബില്ലി | പുളിക്കൽക്കവല |
| | **മൂന്ന്** | അലക്സ് ജോസഫ് | കൂത്രപ്പള്ളി | ട്രീസ ജയിംസ് | തൃക്കൊടിത്താനം |

**19–ാമതു നിരണം തീർഥാടനം**

19–ാമതു നിരണം തീർഥാടനം **ജൂലൈ ആറിനു** നടത്തപ്പെടുന്നതാണ്. ചങ്ങ നാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻപള്ളിയിൽനിന്നും രാവിലെ ഏഴി നുള്ള പരിശുദ്ധ കുർബാനയ്ക്കുശേഷം ആരംഭിക്കുന്ന തീർഥാടനം അഭി. മാർ തോമസ് തറയിൽ മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്യുന്നതാണ്. തീർഥാടനം നിരണത്തെത്തിയതിനുശേഷം എന്ദാനാ പ്രാർഥനയുണ്ടായിരിക്കുന്നതാണ്.

വാഹനങ്ങളിൽ വരുന്നവർ നേരിട്ടു നിരണത്തെത്തുന്നതിനുപകരം ഉായി ക്കാട്, ഇടിഞ്ഞില്ലം, വേങ്ങൽ, കാവുംഭാഗം, പൊടിയാടി എന്നിവിടങ്ങളിൽ നിന്നും തീർഥാടകരോടൊപ്പം ചേരുന്നതാണ് അഭികാമ്യം.

തീർഥാടനത്തിനൊരുക്കമായി, അഭി. മെത്രാപ്പോലീത്തായുടെ നിർദേശ പ്രകാരം *ജൂൺ 16 മുതൽ ജൂലൈ 5 വരെയുള്ള ദിവസങ്ങളിൽ* ഉപവാസവും പ്രാർഥനയും നോമ്പുംവഴി ഒരുങ്ങി അനുരഞ്ജനശുശ്രൂഷ സ്വീകരിച്ചു തീർഥാ ടനത്തിൽ പങ്കെടുക്കാൻ അച്ചന്മാർ യുവജനങ്ങളെ ഒരുക്കേണ്ടതാണ്.

**ഉപവാസപ്രാർഥന**

ഓരോദിവസവും ഉപവാസപ്രാർഥന നടത്തപ്പെട്ടതു രാത്രി 8 മുതൽ 9 വരെ ഓൺലൈനിലൂടെയായിരുന്നു. താഴെപ്പറയുന്ന ഫൊറോനകളാണ് ഇതിനു നേതൃത്വം നൽകിയത്.

**ജൂൺ**

16 കൊല്ലം, അമ്പൂരി
17 കുറുമ്പനാടം
18 തൃക്കൊടിത്താനം
19 മണിമല
20 നെടുങ്കുന്നം
21 ചമ്പക്കുളം
23 ആലപ്പുഴ, മുഹമ്മ
24 എടത്വാ
25 പുളിങ്കുന്ന്
26 അതിരമ്പുഴ
27 കോട്ടയം
28 കുടമാളൂർ
30 തിരുവനന്തപുരം

ജൂലൈ

01 ചെങ്ങന്നൂർ
02 തുരുത്തി
04 ചങ്ങനാശ്ശേരി
05 സെനറ്റംഗങ്ങൾ

**തൃക്കൊടിത്താനം ഫൊറോനാ ക്യാംപ്**

തൃക്കൊടിത്താനം ഫൊറോനയുടെ പ്രാർഥന-പഠന-പരിശീലന ക്യാംപ് ജൂൺ 6-8 തീയതികളിൽ കുന്നന്താനം സീയോൻ ധ്യാനകേന്ദ്രത്തിൽ നടത്തപ്പെട്ടു. തൃക്കൊടിത്താനം ഫൊറോനാ പ്രസിഡന്റ് ദീപു അപ്രേമിന്റെ അധ്യക്ഷതയിലുള്ള സമ്മേളനത്തിൽ അതിരൂപതാ പ്രോട്ടോസിഞ്ചെല്ലൂസ് വെരി റവ. ഫാ. ആന്റണി എത്തക്കാട് ക്യാംപ് ഉദ്ഘാടനം ചെയ്തു. ഫാ. ജോൺ പതാലിൽ, ഫാ. സാവിയോ മാനാട്ട്, ഫാ. ജോസഫ് പുതുവീട്ടിൽകളം, ഫാ. മാത്യു പള്ളിച്ചിറ, അതിരൂപതാ പ്രസിഡന്റ് അരുൺ റ്റോം തോപ്പിൽ, ഹിമ ട്രീസ ജോബി, എന്നിവർ ക്ലാസ്സുകളെടുത്തു. റീജന്റ് ബ്രദർ ജോയൽ തോണക്കര, ബ്രദർ സോബിൻ ചെമ്പിലകം, എലിസബത്ത് വർഗീസ്, ലൂസി ഫിലിപ്പോസ്, അലീന മരിയ എന്നിവർ ക്യാംപിനു നേതൃത്വം നൽകി.

**ചങ്ങനാശ്ശേരി ഫൊറോനാ ക്യാംപ്**

ചങ്ങനാശ്ശേരി ഫൊറോനയുടെ പ്രാർഥന-പഠന-പരിശീലന ക്യാംപ് ജൂൺ 13-15 തീയതികളിൽ ളായിക്കാട് മേരിറാണി പബ്ളിക് സ്കൂളിൽ നടത്തപ്പെട്ടു. ചങ്ങനാശ്ശേരി ഫൊറോനാ പ്രസിഡന്റ് ഈപ്പൻ മാത്യുവിന്റെ അധ്യക്ഷതയിലുള്ള സമ്മേളനത്തിൽ അതിരൂപതാ പ്രോട്ടോസിഞ്ചെല്ലൂസ് വെരി റവ. ഫാ. ആന്റണി എത്തക്കാട് ക്യാംപ് ഉദ്ഘാടനം ചെയ്തു. അതിരൂപതാ ഡയറക്ടർ ഫാ. സാവിയോ മാനാട്ട്, അതിരൂപതാ പ്രസിഡന്റ് അരുൺ റ്റോം തോപ്പിൽ, ചങ്ങനാശ്ശേരി ഫൊറോനാ ഡെപ്യൂട്ടി പ്രസിഡന്റ് റോസി ജോജി, റ്റോം തോമസ് എന്നിവർ പ്രസംഗിച്ചു. ഫാ. തോമസ് ഈറ്റയ്ക്കകുന്നേൽ, ഫാ. സാവിയോ മാനാട്ട്, ഫാ. മാത്യു പള്ളിച്ചിറ, ഫാ. ജോസഫ് പുതുവീട്ടിൽകളം എന്നിവർ ക്ലാസ്സുകളെടുത്തു. റീജന്റ് ബ്രദർ ജോയൽ തോണക്കര, ക്രിസ്റ്റി കെ. കുഞ്ഞുമോൻ, ജിയ വിൽസൻ, ലൂസി ഫിലിപ്പോസ്, ആനി കെ. തോമസ് എന്നിവർ ക്യാംപിനു നേതൃത്വം നൽകി.

**ജൂലൈയിലെ പരിപാടികൾ**

| | |
|---|---|
| 03 | ദുക്റാനാ തിരുനാൾ |
| 05 | സെനറ്റ് ഉപവാസപ്രാർഥന |
| 06 | നിരണം തീർഥാടനം |
| 12 | വൈ.റ്റി.പി. ക്ലാസ്സ് |
| 11-13 | പ്രാർഥന-പഠന-പരിശീലന ക്യാംപ്: തിരുവനന്തപുരം, അമ്പൂരി ഫൊറോനകൾ |
| 24 | വൈ.റ്റി.പി. ക്ലാസ്സ് |
| 25-27 | പ്രാർഥന-പഠന-പരിശീലന ക്യാംപ്: കുറുമ്പനാടം, ചെങ്ങന്നൂർ ഫൊറോനകൾ |

**ഫാ. ജോസഫ് പുതുവീട്ടിൽകളം**
*(അസ്സിസ്റ്റന്റ് ഡയറക്ടർ)*

**ഫാ. സാവിയോ മാനാട്ട്**
*(ഡയറക്ടർ)*

**അരുൺ റ്റോം തോപ്പിൽ**
*(പ്രസിഡന്റ്)*

❑

# സീയോൻ ധ്യാനകേന്ദ്രം

**സീനിയർ സിറ്റിസൺസ് ഗ്രെയ്സ്ഫുൾ ധ്യാനം**

ഈശോയുടെ മനുഷ്യാവതാരത്തിന്റെ 2025-ാം ജൂബിലി വർഷ സന്ദേശം 'എല്ലാവർക്കും പ്രത്യാശ' എന്നതാണ്. പ്രായാധിക്യത്താൽ ജീവിക്കാനുള്ള പ്രത്യാശ കുറയുന്നവരാണു വൃദ്ധജനങ്ങൾ. പ്രായമായ മാതാപിതാക്കൾക്കു പ്രത്യാശയും സമാധാനവും സന്തോഷവും പകരുന്നതാണു ഗ്രെയ്സ്ഫുൾ ധ്യാനം. ഇക്കാര്യം പള്ളികളിലറിയിക്കാനും അവരെ ഈ ധ്യാനത്തിൽ പങ്കെടുപ്പിക്കാനും വികാരിയച്ചന്മാർ മുൻകൈയെടുക്കണം.

ബുക്കിങ്ങിന്: **8086399023, 9495107045**

**അടുത്തധ്യാനങ്ങൾ:**
**ജൂലൈ 27-30**
**ഓഗസ്റ്റ് 24-27**

ജൂബിലി വർഷത്തിൽ ഇടവകകളിൽ സീനിയർ സിറ്റിസൺ സംഗമം, രോഗീദിനാചരണം എന്നിവ നടത്താൻ വിളിക്കുക: **9495107045**

**വൈദികർക്കുള്ള ധ്യാനം**

വൈദികർക്കുള്ള വാർഷികധ്യാനസമയത്തു ധ്യാനകേന്ദ്രത്തിന്റെ താഴത്തെ നിലകളിൽ താമസസൗകര്യം ആവശ്യമായവർ അറിയിക്കേണ്ടതാണ്: **9495107045**

**ജൂലൈയിലെ ശുശ്രൂഷകൾ**

06-11, 13-18 : വൈദികർക്കുള്ള ധ്യാനം
20-23 : ദമ്പതീധ്യാനം (ഫാ. പോൾ വേങ്ങാശ്ശേരി)
25-27 : യുവദീപ്തി ക്യാംപ്: കുറുമ്പനാടം ഫൊറോന
27-30 : സീനിയർ സിറ്റിസൺസ് ഗ്രെയ്സ്ഫുൾ ധ്യാനം

**ഓഗസ്റ്റ്**

04-07 : കുട്ടികൾക്കുള്ള ധ്യാനം (ഇംഗ്ലീഷ്)
14-17 : യുവജനധ്യാനം
20-23 : വിശ്വാസവളർച്ചാധ്യാനം
(ഫാ. പോൾ വേങ്ങാശ്ശേരി)

ബുക്കിങ്ങിന്: **9778167769** (വാട്സ്ആപ് മാത്രം)

**ഫാ. തോമസ് പ്ലാപ്പറമ്പിൽ**
*(ഡയറക്ടർ)*

❑

# ചങ്ങനാശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റി (CHASS)

### ചാസ്സിൽനിന്നും ആശംസകൾ

പ്രിയ ബഹു. അച്ചാ/സുഹൃത്തേ,

കാലവർഷം ശക്തിപ്രാപിച്ചുകൊണ്ടിരിക്കുകയാണ്. ക്രമമില്ലാതെ പെയ്യുന്ന മഴ കുട്ടനാടൻപ്രദേശങ്ങളിലെ ജനജീവിതം ദുഃസഹമാക്കുന്നുണ്ട്. ഈയവസ്ഥയിൽ കുട്ടനാടൻജനതയ്ക്കു ശുദ്ധജലംപോലും ലഭിക്കുന്നില്ലെന്നുള്ളതു സങ്കടകരമാണ്. കുടിവെള്ളത്തിന്റെ കാര്യത്തിലെങ്കിലും ശാശ്വതപരിഹാരം കാണാൻ നാം ശ്രദ്ധിക്കേണ്ടതാണ്. ഓരോ വെള്ളപ്പൊക്കത്തിലും ഓടകളും ശുചിമുറിമാലിന്യങ്ങളും ജലസ്രോതസുകളും ഒന്നായിമാറുകയും ജലജന്യരോഗങ്ങളും മറ്റുമാരകരോഗങ്ങളും പിടിപെടാനുള്ള സാഹചര്യങ്ങൾ വർധിക്കുകയും ചെയ്യുന്നു. നമ്മുടെ യൂണിറ്റുകൾവഴി മഴവെള്ളസംഭരണികൾ സബ്സിഡി നിരക്കിൽ നിർമിക്കാൻ സാധിക്കും. യൂണിറ്റുകൾ കേന്ദ്രഓഫീസുമായി സഹകരിച്ചു മഴവെള്ളസംഭരണികൾ നിർമിക്കാൻ മുൻകൈയെടുക്കുകയും പരമാവധി ആളുകൾക്കു ശുദ്ധജലം ലഭ്യമാക്കാൻ സഹായിക്കുകയും ചെയ്യണം. ജലസ്രോതസുകൾ വൃത്തിയാക്കിയും ബോധവത്കരണപരിപാടികൾ സംഘടിപ്പിച്ചും പരിസ്ഥിതിപ്രശ്നങ്ങളിൽനിന്നും കരകയറാൻ സമൂഹത്തെ പ്രാപ്തരാക്കാം.

കൂടാതെ, മറ്റൊരു പ്രധാനപ്പെട്ട കാര്യമാണു ജനങ്ങളെ ഗ്രസിച്ചിരിക്കുന്ന ലഹരിയുടെ ഉപയോഗം. ഈ തിന്മയിൽനിന്നും മുക്തി നേടാൻ നാം ബദ്ധശ്രദ്ധരാകണം. ഇതിനായി നമ്മുടെ സംവിധാനങ്ങൾ ഉപയോഗിച്ചു വേണ്ടവിധം സമൂഹത്തിനു ബോധവത്കരണം നൽകാൻ യൂണിറ്റുകൾ ശ്രദ്ധിക്കണം. യുവതലമുറയെ ചേർത്തുനിർത്താൻ നമുക്കാകണം. ജൂൺ 26 അന്താരാഷ്ട്രലഹരിവിരുദ്ധദിനത്തോടനുബന്ധിച്ചു യൂണിറ്റുകളിലും കേന്ദ്രഓഫീസ് തലത്തിലും നടത്തപ്പെട്ട പരിപാടികളിൽ സഹകരിച്ചവർക്കു നന്ദിയറിയിക്കുന്നു. തുടർന്നും സഹകരണം പ്രതീക്ഷിച്ചുകൊണ്ട്

ഈശോയിൽ സ്നേഹപൂർവം,

**ഫാ. ജോർജ് പനക്കേഴം**
*(ഡയറക്ടർ)*

**ഫാ. സെബാസ്റ്റ്യൻ കണ്ണാടിപ്പാറ**
**ഫാ. ജോർജ് തൈച്ചേരിൽ**
**ഫാ. ജോസഫ് ചോരേട്ട്ചാമക്കാല**
**ഫാ. വർഗീസ് നമ്പിമഠം**
*(അസ്സിസ്റ്റന്റ് ഡയറക്ടർമാർ)*

## കേന്ദ്രവാർത്തകൾ

**മേഖലാസമ്മേളനം:** 2024–2025 വർഷത്തെ മേഖലാപ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും അടുത്ത ഒരുവർഷത്തെ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും മേഖലാസമ്മേളനങ്ങൾ നടത്തപ്പെട്ടു. യൂണിറ്റ് ഡയറക്ടർമാരുടെ സാന്നിധ്യത്തിൽ ചാസ്സ് ഡയറക്ടർ ഫാ. ജോർജ് പനക്കേഴം, അസ്സി. ഡയറക്ടർ ഫാ. വർഗീസ് നമ്പിമഠം എന്നിവർ ചേർന്നു മേഖലകളുടെ പ്രവർത്തനങ്ങൾ വിലയി

രുത്തി ആവശ്യമായ മാർഗനിർദേശങ്ങൾ നൽകി ചാസ്സിന്റെ നൂതനപദ്ധതികൾ വിശദീകരിച്ചു. യൂണിറ്റ് ഭാരവാഹികൾ റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. ചാസ്സ് റ്റീമംഗങ്ങൾ, മേഖലാ കോഡിനേറ്റർമാർ എന്നിവർ പരിപാടികൾക്കു നേതൃത്വം നൽകി.

| *തീയതി* | *മേഖല* | *യൂണിറ്റ്* |
|---|---|---|
| 18.05.2025 | തുരുത്തി | കൈനടി |
| 23.05.2025 | നെടുങ്കുന്നം, മണിമല | നെടുങ്കുന്നം |

**കെയർ എ ഫാമിലി കുടുംബസംഗമം-ഫണ്ട് വിതരണം:** 'കെയർ എ ഫാമിലി' കുടുംബോദ്ധാരണപദ്ധതിയിൽ അംഗങ്ങളായവരുടെ കുടുംബസംഗമവും ഫണ്ട് വിതരണവും മെയ് 30നു ചാസ്സ് കേന്ദ്രഓഫീസിൽ നടത്തപ്പെട്ടു. അതിരൂപതാ പ്രൊക്യുറേറ്റർ വെരി റവ. ഫാ. ആന്റണി മാളേക്കൽ അധ്യക്ഷതവഹിച്ച യോഗത്തിൽ ചാസ്സ് ഡയറക്ടർ ഫാ. ജോർജ് പനക്കേഴം, അസ്സി. ഡയറക്ടർ ഫാ. ജോസഫ് ചോരേട്ട്ചാമക്കാല എന്നിവർ ആശംസകളർപ്പിച്ചു. പ്രോജക്റ്റ് കോഡിനേറ്റർ സി. ആൽഫി ഡി.എസ്.ജെ. ഗുണഭോക്താക്കൾക്ക് ആവശ്യമായ മാർഗനിർദേശങ്ങൾ നൽകി.

**പരിസ്ഥിതിദിനാചരണം:** ലോകപരിസ്ഥിതിദിനാചരണത്തിന്റെ ഭാഗമായി ജൂൺ നാലിനു ചാസ്സ് കേന്ദ്രഓഫീസിൽ പരിസ്ഥിതിദിനാചരണം നടത്തപ്പെട്ടു. ചങ്ങനാശ്ശേരി നഗരസഭാ ചെയർപേഴ്സൺ കൃഷ്ണകുമാരി രാജശേഖരൻ ചാസ്സ് അങ്കണത്തിൽ വൃക്ഷത്തൈ നട്ട് ആചരണം ഉദ്ഘാടനം ചെയ്തു. ചാസ്സ് ഡയറക്ടർ ഫാ. ജോർജ് പനക്കേഴം, അസ്സി. ഡയറക്ടർമാരായ ഫാ. സെബാസ്റ്റ്യൻ കണ്ണാടിപ്പാറ, ഫാ. ജോസഫ് ചോരേട്ട്ചാമക്കാല, ചാസ്സ് ജീവനക്കാർ എന്നിവർ ഇതിൽ പങ്കെടുത്തു.

**വിദ്യാർഥികൾക്ക് ഇന്റേൺഷിപ്പ് പ്രോഗ്രാം:** ബിരുദാനന്തരബിരുദപഠനത്തിന്റെ ഭാഗമായി തൃശ്ശൂർ വിമല, ചേർപ്പുങ്കൽ ബി.വി.എം. എന്നീ കോളേജുകളിൽനിന്നു ജൂൺ 16, 19 തീയതികളിൽ ഒരുമാസത്തെ ഇന്റേൺഷിപ്പിനായി സോഷ്യൽ വർക്ക് വിദ്യാർഥികൾ ചാസ്സിലെത്തി.

**മേഖലാഭരണസമിതിയോഗം:** ചാസ്സ് മേഖലാഭരണസമിതിയംഗങ്ങളുടെ യോഗം ജൂൺ 18നു ചാസ്സ് കേന്ദ്രഓഫീസിൽ നടത്തപ്പെട്ടു. ചാസ്സ് ഡയറക്ടർ ഫാ. ജോർജ് പനക്കേഴം അധ്യക്ഷതവഹിച്ച യോഗത്തിൽ ചാസ്സ് റിട്ട. പ്രോജക്റ്റ് ഓഫീസർ ജോബി മാത്യു മുഖ്യപ്രഭാഷണം നടത്തി. മേഖലാസമിതിയുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താനും അടുത്ത ആറുമാസത്തേക്കുള്ള കർമപദ്ധതികൾ ആവിഷ്കരിക്കാനുമാണു യോഗം ചേർന്നത്. 2026 ജനുവരിയിൽ നടത്തപ്പെടുന്ന മെഗാ ഫാം ഫെസ്റ്റിന്റെ സ്റ്റിയറിങ് കമ്മിറ്റിയിലേക്കുള്ള അംഗങ്ങളുടെ തെരഞ്ഞെടുപ്പുമുണ്ടായിരുന്നു.

**കെ.എസ്.എസ്.എഫ്. ആനുവൽ ജനറൽ ബോഡി യോഗം:** കോട്ടയം ആമോസ് സെന്ററിൽ ജൂൺ 19നു നടത്തപ്പെട്ട കേരള സർവീസ് ഫോറം ആനുവൽ ജനറൽ ബോഡി യോഗത്തിൽ ചാസ്സിനെ പ്രതിനിധീകരിച്ചു ഡയറക്ടർ ഫാ. ജോർജ് പനക്കേഴം, റ്റീം ലീഡർ ബാബു ജോസഫ്, റ്റോബിൻ റ്റോമി എന്നിവർ പങ്കെടുത്തു.

**എസ്.ബി.ഐ. ലൈഫ് ഇന്റർവ്യൂ:** ചാസ്സിന്റെ ആഭിമുഖ്യത്തിൽ അഭ്യസ്ത വിദ്യരും തൊഴിൽരഹിതരുമായ യുവജനങ്ങൾക്കു ജോലി ഉറപ്പാക്കുന്നതിനായി എസ്.ബി.ഐ. ലൈഫുമായി സഹകരിച്ചു ജൂൺ 19നു ചാസ്സ് കോൺഫെറൻസ് ഹാളിൽ ഇന്റർവ്യൂ നടത്തപ്പെട്ടു.

**ചാസ്സ് സ്വാശ്രയവിപണിയുല്പന്നങ്ങളുടെ പ്രദർശനം-വിപണനമേള:** കേരള സർക്കാർ കാർഷികവികസനകർഷകക്ഷേമവകുപ്പു മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിൽ സംഘടിപ്പിച്ച 'ജൈവം 2025' എന്ന പരിപാടിയോടനുബന്ധിച്ചു ജൂൺ 19, 20 തീയതികളിൽ ചാസ്സ് സ്വാശ്രയവിപണിയുല്പന്നങ്ങളുടെ പ്രദർശനവും വിപണനവും നടത്തപ്പെട്ടു.

## സ്വാശ്രയസംഘരൂപീകരണം

| *തീയതി* | *യൂണിറ്റ്* | *സംഘം* | *അംഗങ്ങൾ* |
|---|---|---|---|
| 19.05.2025 | തായങ്കരി | ഐക്യം | 12 |
| 28.05.2025 | കൈതവന | കർമലമാതാ | 19 |
| 11.06.2025 | പച്ചക്കാട് | തിരുഹൃദയ | 17 |
| 18.06.2025 | ളായിക്കാട് | പ്രതീക്ഷ | 15 |
| 18.06.2025 | പച്ച-ചെക്കിടിക്കാട് | സാന്ത്വനം | 15 |

### ബാങ്ക് ലോൺ

ചാസ്സിന്റെ യൂണിറ്റുകളിൽ പ്രവർത്തിക്കുന്ന ജെ.എൽ.ജി.കളിലെ അംഗങ്ങൾക്കു സ്വയംതൊഴിൽസംരംഭം ഏറ്റെടുത്തു നടത്തുന്നതിനും കാർഷികാവശ്യങ്ങൾക്കുമായി ബാങ്ക് ഓഫ് ഇൻഡ്യ, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ, കേരള ഗ്രാമീൺ ബാങ്ക് എന്നിവിടങ്ങളിൽനിന്ന് 4 ജെ.എൽ.ജി.കൾക്ക് 12 ലക്ഷം രൂപ ലോൺ ലഭ്യമാക്കി.

| *തീയതി* | *എസ്.എച്ച്.ജി.* | *ജെ.എൽ.ജി.* | *യൂണിറ്റ്* |
|---|---|---|---|
| 23.04.2025 | അൽഫോൻസാ | ഹരിത | കരിക്കാട്ടൂർ |
| 07.05.2025 | തളിർ | ഇതൾ | പൊടിപ്പാറ |
| 28.05.2025 | ദീപം | മരിയ | കിഴക്കേ മിത്രക്കരി |
| 18.06.2025 | പ്രിയ | ഹരിത | ഈര |

## സാമൂഹ്യസുരക്ഷാസഹായപദ്ധതി

**1. എസ്.എച്ച്.ജി. മരണാനന്തരസഹായം** (ഒരു കുടുംബത്തിന് 20,000 രൂപ വീതം അനുവദിച്ചു)

| *പേര്* | *സംഘം* | *യൂണിറ്റ്* | *മേഖല* |
|---|---|---|---|
| 714. ത്രേസ്യാമ്മ ജോർജ് | സെന്റ് തേരേസാസ് | മുടിയൂർക്കര | കുടമാളൂർ |
| 715. ഉഷ കുമാരി | സാന്ത്വനം | കുറുമ്പനാടം | കുറുമ്പനാടം |

**2. മ്യൂച്വൽ ബനഫിറ്റ് സ്കീം (എം.ബി.എസ്.)** ഒരു കുടുംബത്തിന് 10,000 രൂപ വീതം 2 കുടുംബങ്ങൾക്ക് 20,000 രൂപ മരണാനന്തരസഹായം അനുവദിച്ചു.

| *പേര്* | *യൂണിറ്റ്* | *മേഖല* |
|---|---|---|
| 1239. മേരിക്കുട്ടി ജോസഫ് പറങ്ങാട്ട് | കോയിൽമുക്ക് | എടത്വാ |
| 1240. ത്രേസ്യാമ്മ മാത്യു തോട്ടത്തിൽ | കുമരകം വടക്കുംകര | കുടമാളൂർ |

## മേഖലാവാർത്തകൾ

**യൂണിറ്റ് എക്സിക്യൂട്ടീവ് യോഗം:** യൂണിറ്റ് ശക്തീകരണത്തിന്റെ ഭാഗമായി വടക്കേ അമിച്ചകരി യൂണിറ്റിൽ മെയ് 22നു യൂണിറ്റ് എക്സിക്യൂട്ടീവ് യോഗം നടത്തപ്പെട്ടു. യൂണിറ്റ് ഡയറക്ടർ ഫാ. അലക്സ് പാറപ്പുറം യോഗത്തിൽ അധ്യക്ഷത വഹിച്ചു. ചാസ്സ് ഡയറക്ടർ ഫാ. ജോർജ് പനക്കേഴം പ്രവർത്തനങ്ങൾ വിലയിരുത്തി ആവശ്യമായ മാർഗനിർദേശങ്ങൾ നൽകി.

**സർട്ടിഫിക്കറ്റ് വിതരണം:** ചമ്പക്കുളം യൂണിറ്റിൽ തയ്യൽ പരിശീലനം പൂർത്തിയാക്കിയ 15 വനിതകൾക്കു മെയ് 22നു ചാസ്സ് ഡയറക്ടർ ഫാ. ജോർജ് പനക്കേഴം സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.

**യൂണിറ്റ് വാർഷികം:** ഫിൽഗിരി ഗ്രാമവികസന ട്രസ്റ്റിന്റെ വാർഷികം മെയ് 24നു ഫിൽഗിരി സെന്റ് ജോസഫ്സ് പള്ളിയുടെ ഹാളിൽ നടത്തപ്പെട്ടു. ചാസ്സ് ഡയറക്ടർ ഫാ. ജോർജ് പനക്കേഴം വാർഷികം ഉദ്ഘാടനം ചെയ്തു. അസ്സി. ഡയറക്ടർ ഫാ. വർഗീസ് നമ്പിമഠം, യൂണിറ്റ് ഡയറക്ടർ ഫാ. മാത്യു നടയ്ക്കൽ, പ്രസിഡന്റ് സാജു തോമസ് മേലുകുന്നേൽ എന്നിവർ പ്രസംഗിച്ചു. സെക്രട്ടറി ജോണി ദേവസ്യ ചെറിയാന്തറയിൽ റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. മേഖലാ കോഡിനേറ്റർ ബേബി ജോസഫ് പരിപാടികൾക്കു നേതൃത്വം നൽകി.

**സ്വാശ്രയസംഘസംഗമം:** പൊടിപ്പാറ യൂണിറ്റിലെ സ്വാശ്രയസംഘശക്തീകരണത്തിന്റെ ഭാഗമായി മെയ് 25നു സ്വാശ്രയസംഘസംഗമം നടത്തപ്പെട്ടു. ചാസ്സ് ഡയറക്ടർ ഫാ. ജോർജ് പനക്കേഴം സ്വാശ്രയസംഘങ്ങൾ യൂണിറ്റുമായി ചേർന്നുപ്രവർത്തിക്കേണ്ടതിന്റെ ആവശ്യകത വിശദീകരിച്ചു യൂണിറ്റ് എക്സിക്യൂട്ടിവംഗങ്ങളുമായി ചർച്ച നടത്തി.

വെരൂർ യൂണിറ്റിലെ സ്വാശ്രയസംഘാംഗങ്ങളുടെ സംഗമം ജൂൺ ഒമ്പതിനു വെരൂർ സെന്റ് ജോസഫ്സ് പള്ളിയുടെ ഹാളിൽ നടത്തപ്പെട്ടു. വാഴപ്പള്ളി കൃഷി ഓഫീസർ ഗോപി കൃഷ്ണൻ *പരിസ്ഥിതിസംരക്ഷണം* എന്ന വിഷയത്തെക്കുറിച്ചു ക്ലാസ്സെടുത്തു. യൂണിറ്റ് ഭാരവാഹികൾ പരിപാടികൾക്കു നേതൃത്വം നൽകി.

**സ്വാശ്രയസംഘസംഗമം-കാർഷിക സെമിനാർ:** നെടുങ്കുന്നം മേഖലയിലെ സ്വാശ്രയസംഘാംഗങ്ങളുടെ സംഗമവും കാർഷിക സെമിനാറും മെയ് 30നു നെടുങ്കുന്നം സെന്റ് ജോൺ ദ ബാപ്റ്റിസ്റ്റ് ഫൊറോനാപ്പള്ളിയുടെ ഹാളിൽ നടത്തപ്പെട്ടു. വാഴൂർ കൃഷി അസ്സി. ഓഫീസർ സജികുമാർ *പരിസ്ഥിതിയും- ജൈവകൃഷിയും* എന്ന വിഷയത്തെക്കുറിച്ചു ക്ലാസ്സെടുത്തു. പൊങ്ങന്താനം ചാസ്സ് ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് കമ്പനിയുടെ മൂല്യവർധിതയുല്പന്നങ്ങളുടെ എക്സിബിഷനും പച്ചക്കറിത്തൈകളുടെ വിതരണവും ഇതിന്റെ ഭാഗമായിരുന്നു. യൂണിറ്റ് ഭാരവാഹികൾ പരിപാടികൾക്കു നേതൃത്വം നൽകി.

**സ്വാശ്രയസംഘവാർഷികം:** കൂരോപ്പട യൂണിറ്റിലെ 'അൽഫോൻസാ' സ്വാശ്രയ സംഘത്തിന്റെ വാർഷികം മെയ് 29നു സംഘാംഗം ലിബി കുര്യന്റെ വസതിയിൽ നടത്തപ്പെട്ടു. പ്രസിഡന്റ് ത്രേസ്യാമ്മ യു. സി.യുടെ അധ്യക്ഷതയിലുള്ള സമ്മേളനത്തിൽ മേഖലാ പ്രസിഡന്റ് റ്റി. എം. ആന്റണി തുപ്പലഞ്ഞിയിൽ വാർഷികം ഉദ്ഘാടനം ചെയ്തു. യൂണിറ്റ് പ്രസിഡന്റ് സോയി പി. എം., കോഡിനേറ്റർ റ്റോം സി. തയ്യിൽ, മഹിളാസമാജഭാരവാഹികളായ മോളി ജോസഫ്, റോസമ്മ ജോസഫ് എന്നിവർ പ്രസംഗിച്ചു.

**ലഹരിവിരുദ്ധബോധവത്കരണ ക്ലാസ്സ്:** ചേപ്പുംപാറ യൂണിറ്റിൽ മെയ് 31നു സൺഡേ സ്കൂൾ കുട്ടികൾക്കായി ചേപ്പുംപാറ മാർത്ത് മറിയം പള്ളിയുടെ ഹാളിൽ ഡോ. റ്റോണി ജോസിന്റെ നേതൃത്വത്തിൽ ലഹരിവിരുദ്ധബോധവത്കരണ ക്ലാസ്സ് നടത്തപ്പെട്ടു. 62 കുട്ടികളും അധ്യാപകരും ഇതിൽ പങ്കെടുത്തു.

**ആരോഗ്യബോധവത്കരണ സെമിനാർ:** കുറുമ്പനാടം അസംപ്ഷൻ യൂണിറ്റിൽ മെയ് 31നു കുറുമ്പനാടം അസംപ്ഷൻ പള്ളിയുടെ ഹാളിൽ ഡോ. സുരേഷ് ബാബുവിന്റെ നേതൃത്വത്തിൽ ജീവിതശൈലീരോഗങ്ങളെക്കുറിച്ചു സെമിനാർ നടത്തപ്പെട്ടു. യൂണിറ്റ് ഡയറക്ടർ ഫാ. ജോസ് കൊച്ചുപറമ്പിൽ സെമിനാർ ഉദ്ഘാടനം ചെയ്തു. 40 അംഗങ്ങൾ ഇതിൽ പങ്കെടുത്തു. മേഖലാ കോഡിനേറ്റർ സിജി ബിജുമോൻ ആശംസയർപ്പിച്ചു.

**നോട്ടുബുക്ക് വിതരണം:** കുറിച്ചി സെന്റ് ജോസഫ്സ് സോഷ്യൽ സർവീസ് ട്രസ്റ്റിന്റെ നേതൃത്വത്തിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർഥികൾക്കു ജൂൺ ഒന്നിനു യൂണിറ്റ് ഡയറക്ടർ ഫാ. ജോസഫ് പുതിയാപറമ്പിൽ സൗജന്യമായി നോട്ടുബുക്കുകൾ വിതരണം ചെയ്തു. പൊങ്ങ, രാമങ്കരി യൂണിറ്റുകളുടെ നേതൃത്വത്തിൽ ചാസ്സ് പ്രവർത്തകരുടെ മക്കൾക്കു നോട്ടുബുക്കുകൾ നൽകി.

**പഠനോപകരണവിതരണം:** ചേപ്പുംപാറ യൂണിറ്റിന്റെ നേതൃത്വത്തിൽ ചേന്നാമറ്റം സി. അൽഫോൻസാ യു.പി. സ്കൂളിലെ കുട്ടികൾക്കു പ്രവേശനോത്സവത്തോടനുബന്ധിച്ചു ജൂൺ രണ്ടിനു യൂണിറ്റ് ഡയറക്ടർ ഫാ. ജോസഫ് പാറയ്ക്കൽ പഠനോപകരണങ്ങൾ വിതരണം ചെയ്തു.

**പരിസ്ഥിതിദിനാചരണം:** ലോകപരിസ്ഥിതിദിനാചരണത്തിന്റെ ഭാഗമായി ചാസ്സ് യൂണിറ്റുകളുടെയും സ്വാശ്രയസംഘങ്ങളുടെയും നേതൃത്വത്തിൽ ഫലവൃക്ഷത്തൈകൾ നട്ടു പരിസ്ഥിതിദിനമാചരിച്ചു.

| ***തീയതി*** | ***യൂണിറ്റ്*** |
|---|---|
| ജൂൺ 05 | കൊല്ലം, കിഴക്കേ മിത്രക്കരി |
| ജൂൺ 06 | വില്ലൂന്നി |
| ജൂൺ 07 | മുട്ടാർ ഓൾഡ്, വൈശ്യംഭാഗം, |
| ജൂൺ 08 | മുടിയൂർക്കര, കൂരോപ്പട, കുറുമ്പനാടം, വെരൂർ |
| ജൂൺ 15 | കുറിച്ചി |

| *തീയതി* | *സ്വാശ്രയസംഘം* | *യൂണിറ്റ്* |
|---|---|---|
| ജൂൺ 5 | ആരാധന, അർച്ചന, സ്നേഹദീപം, യുവശക്തി, സാന്ത്വനം, ജ്വാല, ശാലോം | പച്ച-ചെക്കിടിക്കാട് |
| ജൂൺ 5 | ജ്യോതി | കൂത്രപ്പള്ളി |
| | മാവേലി | ഏറ്റുമാനൂർ |
| | ഫ്രണ്ട്സ് | നാൽപ്പാത്തിമല |
| ജൂൺ 6 | കരുതൽ | പൊടിപ്പാറ |
| | ധനശ്രീ | വായ്പൂർ |
| | പുതുജീവൻ | മൈലാടി |
| | ധന്യ | മണിമല ന്യൂ |
| | സെന്റ് ജോൺസ് | ഏറ്റുമാനൂർ |
| ജൂൺ 7 | ചൈതന്യ | തൃക്കൊടിത്താനം |
| ജൂൺ 7 | സമൃദ്ധി | ഫാത്തിമാപുരം |

**പാലിയേറ്റീവ് കെയർ യൂണിറ്റ് ഉദ്ഘാടനം:** മുട്ടാർ ഓൾഡ് സെന്റ് ജോർജ് ഇടവകാതിർത്തിയിൽ ഒറ്റപ്പെട്ടു കഴിയുന്ന പ്രായമായവർ, രോഗികൾ, കിടപ്പു രോഗികൾ എന്നിവരെ അടിയന്തരാവശ്യങ്ങളിൽ സഹായിക്കുന്നതിനും കിടപ്പു രോഗികൾക്കാവശ്യമായ ഉപകരണങ്ങൾ കണ്ടെത്തി നൽകുന്നതിനും ആരംഭിച്ച പാലിയേറ്റീവ് കെയർ ജൂൺ ഏഴിനു ചാസ്സ് ഡയറക്ടർ ഫാ. ജോർജ് പനക്കേഴം ഉദ്ഘാടനം ചെയ്തു. യൂണിറ്റ് ഡയറക്ടർ ഫാ. ജോൺ തടത്തിൽ യോഗത്തിൽ അധ്യക്ഷതവഹിച്ചു.

**മുഖാഭിമുഖം:** ചാസ്സ് യൂണിറ്റുകൾ, സ്വാശ്രയസംഘങ്ങൾ എന്നിവയുടെ ശക്തീകരണത്തിന്റെ ഭാഗമായി ജൂൺ ഏഴിനു മുട്ടാർ ഓൾഡ് യൂണിറ്റ് ഡയറക്ടർ ഫാ. ജോൺ തടത്തിലിന്റെ അധ്യക്ഷതയിലുള്ള യോഗത്തിൽ ചാസ്സ് ഡയറക്ടർ ഫാ. ജോർജ് പനക്കേഴം എക്സിക്യുട്ടിവംഗങ്ങളുമായി ചർച്ച നടത്തി സ്വാശ്രയസംഘങ്ങളുടെ പ്രവർത്തനങ്ങൾ വിലയിരുത്തി. വരുംമാസങ്ങളിൽ യൂണിറ്റും സ്വാശ്രയസംഘങ്ങളും ചേർന്നു നടപ്പിലാക്കേണ്ട പദ്ധതികളെക്കുറിച്ചു വിശദീകരണം നൽകി.

**കാർഷിക സെമിനാർ:** കുറുമ്പനാടം ഫൊറോനാ യൂണിറ്റിന്റെ നേതൃത്വത്തിൽ ജൂൺ എട്ടിനു കുറുമ്പനാടം സെന്റ് ആന്റണീസ് ഫൊറോനാപ്പള്ളിയുടെ ഹാളിൽ കാർഷിക സെമിനാർ നടത്തപ്പെട്ടു. ഫൊറോനാ ഡയറക്ടർ ഫാ. ചെറിയാൻ കറുകപ്പറമ്പിലിന്റെ അധ്യക്ഷതയിലുള്ള സമ്മേളനത്തിൽ ചാസ്സ് ഡയറക്ടർ ഫാ. ജോർജ് പനക്കേഴം സെമിനാർ ഉദ്ഘാടനം ചെയ്തു. കൂനന്താനം 'സങ്കേതം' പ്രകൃതിജീവനപരിശീലനകേന്ദ്രം ഡയറക്ടർ സി. നവീന സി.എം.സി. ക്ലാസ്സെടുത്തു. യൂണിറ്റ് ഭാരവാഹികളായ തോമസ് വി. ജെ. തേവരുപറമ്പിൽ, പ്രസാദ് ജോസഫ് കളരിമുറിയിൽ, മേഖലാ കോഡിനേറ്റർ സിജി ബിജുമോൻ എന്നിവർ പ്രസംഗിച്ചു.

**സൗജന്യനേത്രപരിശോധന-രോഗനിർണയ ക്യാംപ്:** പാറേൽ സോഷ്യൽ സർവീസ് ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ കോട്ടയം മെഡിക്കൽ കോളേജ് നേത്ര വിഭാഗത്തിന്റെ സഹകരണത്തോടെ ജൂൺ 13നു പാറേൽ സെന്റ് മേരീസ് പള്ളി യുടെ ഹാളിൽ സൗജന്യനേത്രപരിശോധന-രോഗനിർണയ ക്യാംപ് നടത്ത പ്പെട്ടു. ചങ്ങനാശ്ശേരി എം.എൽ.എ. അഡ്വ. ജോബ് മൈക്കിൾ ക്യാംപ് ഉദ്ഘാ ടനം ചെയ്തു. യൂണിറ്റ് ഡയറക്ടർ ഫാ. ജേക്കബ് വാരിക്കാട്ട് യോഗത്തിൽ അധ്യക്ഷതവഹിച്ചു. യൂണിറ്റ് ഭാരവാഹികളായ ബാബു വള്ളപ്പുര, തങ്കച്ചൻ പുല്ലുകാട്ട്, ജോസുകുട്ടി കുട്ടംപേരൂർ, തോമസ് കുന്നുവിളയിൽ, ഡോ. ആശ കുരുവിള എന്നിവർ പ്രസംഗിച്ചു. 98 പേർ ക്യാംപ് പ്രയോജനപ്പെടുത്തി.

**യൂണിറ്റ് എക്സിക്യൂട്ടിവ്-കമ്മ്യൂണിറ്റി ഓർഗനൈസർമാരുടെ യോഗം:** നാലു കോടി യൂണിറ്റിൽ ജൂൺ 15നു യൂണിറ്റ് എക്സിക്യൂട്ടിവംഗങ്ങളുടെയും കമ്മ്യൂ ണിറ്റി ഓർഗനൈസർമാരുടെയും സംയുക്തയോഗം നാലുകോടി സെന്റ് തോമസ് പള്ളിയുടെ ഹാളിൽ നടത്തപ്പെട്ടു. യൂണിറ്റ് ഡയറക്ടർ ഫാ. സക്കറി യാസ് കരിവേലിൽ യോഗത്തിൽ അധ്യക്ഷതവഹിച്ചു. ചാസ്സ് ഡയറക്ടർ ഫാ. ജോർജ് പനക്കേഴം ചാസ്സിന്റെ പ്രവർത്തനമേഖലകൾ വിശദീകരിച്ചു യൂണിറ്റ് ശക്തീകരണത്തിനാവശ്യമായ കാര്യങ്ങൾ എക്സിക്യൂട്ടിവംഗങ്ങളുമായി ചർച്ച ചെയ്തു.

❑

➤➤➤ *ഫാമിലി അപ്പോസ്തലേറ്റ് തുടർച്ച...*

## വിവാഹഒരുക്ക സെമിനാർ

| മാസം | തീയതി | സ്ഥലം |
|---|---|---|
| ജൂലൈ | 14, 15, 16 | ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്റർ |
| | 28, 29, 30 | |
| ഓഗസ്റ്റ് | 09, 10, 11 | കുന്നന്താനം സീയോൻ ധ്യാനകേന്ദ്രം |
| | 25, 26, 27 | ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്റർ |

വിവരങ്ങൾക്ക്: 0481 2424476, 9447016240
വിളിക്കേണ്ട സമയം: രാവിലെ 10 മുതൽ വൈകിട്ട് 5 വരെ

❑

# ചാസ്സ്–ഖാദി ഗ്രാമവ്യവസായമേഖല

**ആർട്സ് ആൻഡ് ക്രാഫ്റ്റ്സ് കോഴ്സ്**

മെയ് 12നു കാഞ്ഞിരപ്പള്ളി ആശ്വാസ് വോക്കേഷണൽ ട്രെയിനിങ് സെന്ററിലാരംഭിച്ച ഒരുമാസത്തെ ആർട്സ് ആൻഡ് ക്രാഫ്റ്റ്സ് കോഴ്സ് ജൂൺ 11ന് അവസാനിച്ചു. ഈ സ്ഥാപനത്തിലെ 23 അധ്യാപകർ കോഴ്സിൽ പങ്കെടുത്തു.

**ബീ–കീപ്പിങ് സർട്ടിഫിക്കറ്റ് കോഴ്സ്**

ജൂലൈ 14 മുതൽ ഓഗസ്റ്റ് 13 വരെ കോട്ടയം ബി.സി.എം. കോളേജിൽ ബീ–കീപ്പിങ് സർട്ടിഫിക്കറ്റ് കോഴ്സ് നടത്തപ്പെടുന്നതാണ്.

**ഖാദിനെയ്ത്തുപരിശീലനം**

പ്രതിമാസം 3000 രൂപ സ്റ്റൈപ്പെന്റോടുകൂടി മല്ലപ്പള്ളി ഖാദി ഗ്രാമോദ്യോഗ് വിദ്യാലയയിൽ ജൂൺ 16 മുതൽ ആറുമാസത്തെ സെമി ഓട്ടോമാറ്റിക് ലൂം നെയ്ത്തുപരിശീലനമാരംഭിച്ചു. 10 പേർ പങ്കെടുക്കുന്നുണ്ട്.

**2025 ജൂലൈ മാസത്തിലാരംഭിക്കുന്ന സ്റ്റൈപ്പെന്ററി/ ഫീ ബേസിസ് കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു (9961274993, 9447160207, 7907144684)**

| കോഴ്സുകൾ | തുടങ്ങുന്ന തീയതി | കാലാവധി | ഫീസ് | പ്രതിമാസ സ്റ്റൈപ്പെന്റ് | സ്ഥലം | സീറ്റ് എണ്ണം |
|---|---|---|---|---|---|---|
| ടെയ്‌ലറിങ് | 01.07.2025 | 3 മാസം | 2500 | - | ലിറ്റിൽ ഫ്ളവർ പള്ളി, മാടപ്പള്ളി | 20 |
| | 14.07.2025 | | | - | ലൂർദ് മാതാ പള്ളി, മാമ്മൂട് | 20 |
| പഴവർഗസംസ്കരണം | 14.07.2025 | 2 മാസം | 1250 | - | കെ.ജി.വി., മല്ലപ്പള്ളി | 20 |
| കാർപ്പെന്ററി | 21.07.2025 | 6 മാസം | - | 1500 | ചാസ്സ് ഫർണിച്ചർ, മാമ്മൂട് | 10 |
| ബേക്കറി പരിശീലനം | | 2 മാസം | 1250 | - | കെ.ജി.വി., മല്ലപ്പള്ളി | 20 |

**ഫാ. സെബാസ്റ്റ്യൻ കണ്ണാടിപ്പാറ**
*(ഡയറക്ടർ, ചാസ്സ്-ഖാദി;*
*പ്രിൻസിപ്പൽ, കെ.ജി.വി. മല്ലപ്പള്ളി)*
*7994111005*

**ഫാ. ജോർജ് പനക്കേഴം**
*(എക്സിക്യൂട്ടീവ് ഡയറക്ടർ)*
*9496807124*

**ഫാ. വർഗീസ് നമ്പിമഠം**
*(അസ്സിസ്റ്റന്റ് ഡയറക്ടർ)*
*9633521483*

❑

# ജീവകാരുണ്യനിധി ട്രസ്റ്റ്

## കളർ എ ഹോം ഭവനനിർമാണപദ്ധതി

'കളർ എ ഹോം' ഭവനനിർമാണപദ്ധതിയിൽ **2024 ഡിസംബറിൽ** ഇടവകകൾ സമാഹരിച്ച തുകയും **2025 മെയ് 22 മുതൽ ജൂൺ 19 വരെ** അതിരൂപതാകേന്ദ്രത്തിൽ ലഭിച്ച തുകയും (40%)

| | ഇടവക | ആകെ സമാഹരിച്ച തുക | അതിരൂപതയിൽ ലഭിച്ച തുക |
|---|---|---|---|
| 191 | ആര്യങ്കാവ് | 73471 | 29388 |
| 192 | എസ്. എൽ. പുരം | 15450 | 15450 |
| 193 | വെട്ടിക്കൽപുരയിടം | 7650 | 3060 |
| 194 | കൈനകരി | 56450 | 22580 |
| 195 | കണ്ണാടി സെന്റ് ജോസഫ്സ് | 25150 | 10060 |
| 196 | കുറ്റിക്കോണം | 17800 | 7120 |
| 197 | ശ്രീകാര്യം | 269700 | 107880 |
| 198 | കടയനിക്കാട് | 83050 | 33220 |

*(തുടരും...)*

## കളർ എ ഡ്രീം ഉന്നതവിദ്യാഭ്യാസപദ്ധതി

'കളർ എ ഡ്രീം' പദ്ധതിയിലേക്ക് **2025 മെയ് 23 മുതൽ ജൂൺ 21 വരെ** ഇടവകകളിൽനിന്നു ലഭിച്ച സംഭാവന

| | ഇടവക / സംഘടന | തുക |
|---|---|---|
| 1. | കായൽപ്പുറം സെന്റ് ജോസഫ്സ് | 50000 |
| 2. | നെടുമണ്ണി ഫാത്തിമാ മാതാ | 20000 |
| 3. | രാജമറ്റം സേക്രഡ് ഹാർട്ട് | 20000 |
| 4. | വെട്ടിത്തുരുത്ത് സെന്റ് ആന്റണീസ് | 11500 |
| 5. | കണ്ണാടി സെന്റ് റീത്താസ് | 10000 |

❑

# ദീപിക ഫ്രണ്ട്സ് ക്ലബ്ബ്
# (DFC)

## ഡി.എഫ്.സി. ഇലക്ഷൻ സർക്കുലർ

പ്രിയ ഡി.എഫ്.സി. ഫൊറോനാ ഡയറക്ടർമാരേ, വികാരിയച്ചന്മാരേ, അതിരൂപത–ഫൊറോന–ഇടവകഭാരവാഹികളേ

സഭയുടെ നാവായ ദീപികയുടെ പ്രചാരണത്തെ പ്രോത്സാഹിപ്പിക്കുന്ന അഭി. പിതാക്കന്മാർക്കും വൈദികർക്കും ദൈവജനത്തിനും നന്ദിപറയുന്നു. ദീപിക ദിനപത്രത്തിന്റ പ്രസക്തിയും പ്രാധാന്യവും സമൂഹത്തിൽ വർധിച്ചു വരികയാണ്. ഡി.എഫ്.സി. സംസ്ഥാനസമിതിയുടെ നിർദേശപ്രകാരം ഇടവക–ഫൊറോനാഭാരവാഹികളുടെ തെരഞ്ഞെടുപ്പിന്റെ സമയമാണു ജൂലൈ, ഓഗസ്റ്റ് മാസങ്ങൾ. ഇടവകകളിൽ ഡി.എഫ്.സി.യുടെ പ്രവർത്തനങ്ങൾ ഊർജ സ്വലമാക്കാനായി തീക്ഷ്ണതയുള്ള ഡി.എഫ്.സി. ഭാരവാഹികളെ തെരഞ്ഞെടുക്കാൻ സഹകരണവും നേതൃത്വവും അഭ്യർഥിക്കുന്നു. തെരഞ്ഞെടുപ്പിൽ താഴെപ്പറയുന്ന നിർദേശങ്ങൾ പാലിക്കാൻ ശ്രദ്ധിക്കണം.

### ഇടവക/ഫൊറോനാസമിതിതെരഞ്ഞെടുപ്പ്

- **ജൂലൈ 31നു മുമ്പ്** ഇടവകകളിൽ ഡി.എഫ്.സി. പുരുഷ/വനിതാഭാരവാഹികളെ തെരഞ്ഞെടുക്കേണ്ടതാണ്.
- **ഓഗസ്റ്റ് 15നു മുമ്പു** ഫൊറോനകളിൽ ഡി.എഫ്.സി. സമിതികളെ തെരഞ്ഞെടുക്കേണ്ടതാണ്.

### അംഗങ്ങളുടെ അവലോകനം–പുതുക്കൽ

ഇപ്പോൾ സജീവമായി പ്രവർത്തിക്കുന്ന അംഗങ്ങളെ ആവശ്യമെങ്കിൽ തുടരാനും സജീവമല്ലാത്തവരെ മാറ്റി മറ്റുവ്യക്തികളെ കണ്ടെത്തി ഇടവക തലത്തിലെ ഡി.എഫ്.സി. യൂണിറ്റുകൾ പുനഃക്രമീകരിക്കാനും ശ്രദ്ധിക്കുക. ഡി.എഫ്.സി. ഇല്ലാത്ത ഇടവകകളിൽ വികാരിയച്ചന്മാർക്കു ഭാരവാഹികളെ തെരഞ്ഞെടുക്കുകയോ നോമിനേഷൻ നടത്തുകയോ ചെയ്യാവുന്നതാണ്.

### ഡി.എഫ്.സി. സമിതിയുടെ ഘടന

പുരുഷ/വനിതാഭാരവാഹികളെ പ്രത്യേകം പ്രത്യേകം തെരഞ്ഞെടുക്കാൻ ശ്രദ്ധിക്കണം. ഡി.എഫ്.സി. സമിതിയിൽ താഴെപ്പറയുന്നവിധത്തിൽ അംഗങ്ങളുണ്ടാകണം.

പ്രസിഡന്റ് (പുരുഷൻ/വനിത)

വൈസ് പ്രസിഡന്റ് (പുരുഷൻ/വനിത)

ജനറൽ സെക്രട്ടറി (പുരുഷൻ/വനിത)

സെക്രട്ടറി (പുരുഷൻ/വനിത)

ട്രെഷറർ (പുരുഷൻ/വനിത)

സോഷ്യൽ മീഡിയ കോഡിനേറ്റർ (യുവാവ്/യുവതി)

എക്സിക്യുട്ടിവ് കമ്മിറ്റിയംഗങ്ങൾ 6 (പുരുഷന്മാർ 3/വനിതകൾ 3)

*ശേഷം പേജ് 55* ➤➤➤

# ആതുരശുശ്രൂഷാമേഖല

## സെന്റ് തോമസ് ഹോസ്പിറ്റൽ ചെത്തിപ്പുഴ

### എൻ.എ.ബി.എച്ച്. പരിശോധന

ആശുപത്രിയിൽ നാഷണൽ അക്രെഡിറ്റേഷൻ ബോർഡ് ഫോർ ഹോസ്പിറ്റൽസിന്റെ (എൻ.എ.ബി.എച്ച്.) ദേശീയനിലവാരത്തിനായുള്ള പരിശോധന ജൂൺ എട്ടിനു പൂർത്തിയായി. എൻ.എ.ബി.എച്ച്. സിക്സ്ത് എഡിഷൻ മാനദണ്ഡങ്ങളനുസരിച്ചാണ് ഈ വിലയിരുത്തൽ നടത്തപ്പെട്ടത്. ഇത്തരത്തിൽ വിലയിരുത്തപ്പെടുന്ന ഇൻഡ്യയിലാദ്യത്തെ ആശുപത്രിയാണു ചെത്തിപ്പുഴ സെന്റ് തോമസ്.

### ലോകരക്തദാതാക്കളുടെ ദിനാചരണം

സുരക്ഷിതമായ രക്തം, രക്തോല്പന്നങ്ങൾ എന്നിവയുടെ ആവശ്യകതയെക്കുറിച്ച് അവബോധം വളർത്തുന്നതിനായി ജൂൺ 14നു ലോകരക്തദാതാക്കളുടെ ദിനാചരണം നടത്തപ്പെട്ടു.

### ഡ്രീം ബിഗ് സീസൺ 3: കുട്ടികൾക്കായുള്ള ഗൈഡൻസ് പ്രോഗ്രാം

ആശുപത്രിയിലെ ജീവനക്കാരുടെ കുട്ടികൾക്കായി അവരുടെ കഴിവുകൾ തിരിച്ചറിഞ്ഞു പഠനത്തിലും പാഠ്യേതരവിഷയങ്ങളിലും മികവു തെളിയിക്കാൻ പ്രാപ്തരാക്കുന്ന ഗൈഡൻസ് പ്രോഗ്രാമായ 'ഡ്രീം ബിഗ് സീസൺ 3' മെയ് 24ന് അതിരൂപതാ മെത്രാപ്പോലീത്താ അഭി. മാർ തോമസ് തറയിൽ ഉദ്ഘാടനം ചെയ്തു. രണ്ടുവിഭാഗങ്ങളിലായാണ് (1-5; 6-12 ക്ലാസ്സുകൾ) ഇതു നടത്തപ്പെട്ടത്. സിജോ പി. ജേക്കബ്, ജിജോ ചിറ്റാടി എന്നിവർ സെഷൻസ് നയിച്ചു. ആശുപ്രതിയിലെ ജീവനക്കാരുടെ ക്ഷേമത്തിനായി രൂപീകരിച്ച 'കെയ്റോസ്'ന്റെ ഭാഗമായിട്ടാണു പ്രോഗ്രാം ക്രമീകരിച്ചത്.

### ഈറ്റ് റൈറ്റ് ക്യാംപസ് സർട്ടിഫിക്കറ്റ്

ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ് അതോറിറ്റി ഓഫ് ഇൻഡ്യയുടെ 'ഈറ്റ് റൈറ്റ് ക്യാംപസ്' സർട്ടിഫിക്കറ്റ് ആശുപത്രിയുടെ ക്യാന്റീനു ലഭിച്ചു. ഭക്ഷ്യസുരക്ഷ, ശുചിത്വം, ആരോഗ്യകരമായ ഭക്ഷണം എന്നിവയായിരുന്നു സർട്ടിഫിക്കറ്റിനുള്ള മാനദണ്ഡങ്ങൾ.

### ചുമതലയേറ്റു

ഇ.എൻ.റ്റി. വിഭാഗത്തിൽ ഡോ. ആര്യ ജയൻ, ക്ലിനിക്കൽ നെയ്ച്ചെറോപ്പതി വിഭാഗത്തിൽ ഡോ. സനിൽ എസ്. എം. എന്നിവർ ചുമതലയേറ്റു.

**ഫാ. ജയിംസ് പി. കുന്നത്ത്**
*(എക്സിക്യൂട്ടിവ് ഡയറക്ടർ)*

**ഫാ. മാർട്ടിൻ മുപ്പതിൽചിറ**
**ഫാ. ജേക്കബ് അത്തിക്കളം**
**ഫാ. ജോസ് പുത്തൻചിറ**
*(അസ്സോസിയേറ്റ് ഡയറക്ടർമാർ)*

## സഹൃദയ ഹോസ്പിറ്റൽ ആലപ്പുഴ

### ഡയാലിസിസ് മെഷീന്റെ ഉദ്ഘാടനം

സാധുജനങ്ങളായ വൃക്കരോഗികൾക്കുള്ള 'സൗജന്യ ഡയാലിസിസ്'

പദ്ധതിയുടെ ഭാഗമായി ആശുപത്രിയും ആലപ്പുഴ ലയൺസ് ക്ലബ്ബും ചേർന്നു സ്ഥാപിച്ച ഡയാലിസിസ് മെഷീൻ മെയ് 30ന് അതിരൂപതാ മെത്രാപ്പോലീത്താ അഭി. മാർ തോമസ് തറയിൽ ഉദ്ഘാടനം ചെയ്തു. ഡിസ്ട്രിക്റ്റ് ഗവർണർ ലയൺ രാജൻ എം. നമ്പൂതിരി, പി.എം.സി.സി. ഏരിയ ലീഡർ അഡ്വ. വി. അമർനാഥ് എന്നിവർ മുഖ്യാതിഥികളായിരുന്നു. എക്സി. ഡയറക്ടർ ഫാ. തോമസ് മാളിയേക്കൽ ചടങ്ങിനു കൃതജ്ഞതയറിയിച്ചു.

**ലോകപുകയിലവിരുദ്ധദിനാചരണം**

ലോകപുകയിലവിരുദ്ധദിനത്തോടനുബന്ധിച്ചു മെയ് 31ന് ആശുപത്രിയിലെ രോഗികൾ, ജീവനക്കാർ എന്നിവർക്കായി ജനറൽ മെഡിസിൻ വിഭാഗത്തിലെ ഡോ. ഗോവിന്ദ് എസ്.ന്റെ നേതൃത്വത്തിൽ ബോധവത്കരണ ക്ലാസ്സ് നടത്തപ്പെട്ടു. പുകയില ഉപേക്ഷിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചുള്ള വീഡിയോയും പ്രദർശിപ്പിച്ചു.

**കൊവിഡ് പ്രതിരോധബോധവത്കരണ സെമിനാർ**

കൊവിഡ് വ്യാപനം വീണ്ടും രൂക്ഷമായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ജൂൺ മൂന്നിന് ആശുപത്രിയിലെത്തിച്ചേർന്നവർ, ആശുപത്രിയിലെ ജീവനക്കാർ എന്നിവർക്കായി ശ്വാസകോശവിഭാഗത്തിലെ ഡോ. സായിലാൽ എം.ന്റെ നേതൃത്വത്തിൽ കൊവിഡ് പ്രതിരോധബോധവത്കരണ സെമിനാർ നടത്തപ്പെട്ടു.

**ലോകപരിസ്ഥിതിദിനാഘോഷം**

ലോകപരിസ്ഥിതിദിനമായ ജൂൺ അഞ്ചിന് ആശുപത്രിയിലെ ജീവനക്കാർക്കായി എമർജൻസി മെഡിസിൻ വിഭാഗത്തിലെ ഡോ. അരുൺ എ.യുടെ നേതൃത്വത്തിൽ പരിസ്ഥിതിദിന ബോധവത്കരണ ക്ലാസ്സ് നടത്തപ്പെട്ടു. ഡോ. അരുൺ എ. പരിസ്ഥിതിദിനസന്ദേശവും നൽകി.

**ലോക ബ്രെയിൻ ട്യൂമർ ഡേ ആചരണം**

ലോക ബ്രെയിൻ ട്യൂമർ ദിനത്തോടനുബന്ധിച്ചു ജൂൺ എട്ടിന് ആശുപത്രിയിലെ ജീവനക്കാർ, പൊതുജനങ്ങൾ എന്നിവർക്കായി ന്യൂറോ മെഡിസിൻ വിഭാഗത്തിലെ ഡോ. ആശ ജി. പിള്ളയുടെ നേതൃത്വത്തിൽ ബോധവത്കരണ ക്ലാസ്സ് നടത്തപ്പെട്ടു.

**രക്തദാനദിനാചരണം**

ലോകരക്തദാനദിനത്തോടനുബന്ധിച്ചു ജൂൺ 14നു ജനറൽ മെഡിസിൻ വിഭാഗത്തിലെ ഡോ. പ്രസന്ന ഹെഗ്ഡെയുടെ നേതൃത്വത്തിൽ രക്തദാനം, ദിനാചരണത്തിന്റെ പ്രത്യേകതകൾ എന്നിവയെക്കുറിച്ചു ബോധവത്കരണ ക്ലാസ്സ് നടത്തപ്പെട്ടു.

**ഫാ. ആന്റണി പെരുമ്പള്ളിത്തറ**
*(അസ്സിസ്റ്റന്റ് എക്സിക്യൂട്ടിവ് ഡയറക്ടർ)*

**ഫാ. തോമസ് മാളിയേക്കൽ**
*(എക്സിക്യൂട്ടിവ് ഡയറക്ടർ)*

❑

# പ്രവാസി അപ്പോസ്തലേറ്റ്

ഈശോയിൽ സ്നേഹമുള്ള പ്രവാസിസഹോദരങ്ങളേ,

ഏവർക്കും ദുക്റാനാ തിരുനാളിന്റെ പ്രാർഥനാശംസകൾ നേരുന്നു. പ്രവാസി അപ്പോസ്തലേറ്റിന്റെ 10-ാം വാർഷികവും കുടുംബസംഗമവും **ജൂലൈ 19നു** ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻപള്ളിയുടെ ഹാളിൽ നടത്തപ്പെടുന്നതാണ്. കേന്ദ്ര ഫിഷറീസ്-ന്യൂനപക്ഷകാര്യവകുപ്പുസഹമന്ത്രി ജോർജ് കുര്യൻ മുഖ്യാതിഥിയാകുന്ന സമ്മേളനത്തിൽ അതിരൂപതയുടെ മെത്രാപ്പോലീത്താ അഭി. മാർ. തോമസ് തറയിലാണ് അധ്യക്ഷൻ. പ്രവാസി അപ്പോസ്തലേറ്റിന്റെ സ്ഥാപകൻ അഭി. മാർ ജോസഫ് പെരുന്തോട്ടം, അതിരൂപതാസിഞ്ചെല്ലൂസ് വെരി റവ. ഫാ. മാത്യു ചങ്ങങ്കരി എന്നിവർ ഇതിൽ പങ്കെടുക്കുന്നതാണ്.

പന്തക്കുസ്താ തിരുനാളിനൊരുക്കമായി 10 ദിവസത്തെ ധ്യാനചിന്തകൾ അസ്സി. ഡയറക്ടർ യൂറ്റ്യൂബിലൂടെ പങ്കുവെച്ചു.

ജൂൺ 14ന് ഓൺലൈൻ സൺഡേ സ്കൂളിന്റെ 2025-2026 പ്രവർത്തനവർഷം അഭി. മാർ ജോസഫ് പെരുന്തോട്ടം ഉദ്ഘാടനം ചെയ്തു. കഴിഞ്ഞ 4 വർഷക്കാലം സൺഡേ സ്കൂളിനു നേതൃത്വം നൽകിയ ഹെഡ്മിസ്ട്രസ് സി. ദീപ്തി മരിയ എഫ്.സി.സി.ക്കു നന്ദിയർപ്പിച്ചു. പുതിയ ഹെഡ്മിസ്ട്രസ് സി. അൽഫോൻസാ ജോസ് എഫ്.സി.സി.ക്ക് അതിരൂപതാ മതബോധനവകുപ്പിന്റെ ഡയറക്ടർ ഫാ. വർഗീസ് പുത്തൻപുരയ്ക്കൽ, എഫ്.സി.സി. പ്രൊവിൻഷ്യൽ സുപ്പീരിയർ, സി. ബ്രിജി എന്നിവർ ആശംസകൾ നേർന്നു.

**ജൂലൈ 8, 9** തീയതികളിൽ പ്രവാസികളുടെ മക്കൾക്കായി ചെത്തിപ്പുഴ കാർമൽ മൗണ്ട് ധ്യാനകേന്ദ്രത്തിൽ 'മാറാനാത്ത' എന്ന പേരിൽ ക്യാംപ് നടത്തപ്പെടുന്നതാണ്.

യു.എ.ഇ. ചാപ്റ്ററിന്റെ എക്സിക്യുട്ടിവ് യോഗം ജൂൺ 10നും 10-ാം വാർഷികത്തോടനുബന്ധിച്ചുള്ള സ്റ്റിയറിങ് കമ്മിറ്റി യോഗം ജൂൺ 13നും സെൻട്രൽ എക്സിക്യുട്ടിവംഗങ്ങൾ നയിച്ച മാധ്യസ്ഥ്യപ്രാർഥന ജൂൺ 14നും നടത്തപ്പെട്ടു.

2025ലെ അതിരൂപതാദിനത്തിൽ 'പ്രവാസി അപ്പോസ്തലേറ്റ് ബെസ്റ്റ് ചാപ്റ്ററാ'യി തെരഞ്ഞെടുക്കപ്പെട്ടതിന്റെ സന്തോഷം പങ്കുവെക്കുന്നതിനു ജൂൺ 13നു നടത്തപ്പെട്ട ഒമാൻ എക്സിക്യുട്ടിവ് ഫാമിലി ഓഫ്‌ലൈൻ യോഗത്തിൽ സൂം പ്ലാറ്റ്ഫോമിലൂടെ ഡയറക്ടർ അച്ചന്മാർ സന്ദേശങ്ങൾ നൽകി.

**ഫാ. മാത്യു മാറാട്ടുകളം**
*(അസ്സിസ്റ്റന്റ് ഡയറക്ടർ)*

**ഫാ. ജോസഫ് പുതുവീട്ടിൽകളം**
*(ഡയറക്ടർ)*

**ഓഫീസ് സമയം – രാവിലെ 10 മുതൽ വൈകിട്ട് 5 വരെ**
**വിളിക്കേണ്ട നമ്പർ – 9207470117/ 8089920614 (നോർക്ക ഹെൽപ്പ് ഡെസ്ക്)**

❑

# കത്തോലിക്കാ കോൺഗ്രസ് (AKCC)

## 'വിദ്യാഭ്യാസം നാടിന്റെ നന്മയ്ക്കാകണം': ഫാ. ജോസഫ് പ്ലാത്തോട്ടം

ആധുനികകാലത്തു വിദ്യാഭ്യാസമേഖലയിൽ അറിവു നേടുന്നവർ അവരുടെ കർമശേഷി ജന്മനാടിനായി ഉപയോഗിക്കാൻ തയ്യാറാകണമെന്നും ജീവിക്കുന്ന കാലഘട്ടത്തോടു ചില ബാധ്യതകളുണ്ടെന്നും സമൂഹത്തോടുള്ള ഉത്തരവാദിത്വം വർധിച്ചതാണെന്നും അതിനാൽ ബൗദ്ധികമായ കഴിവുകൾ സമൂഹത്തിന്റെ പുരോഗതിക്കായി സമർപ്പിക്കാൻ വളരുന്ന തലമുറ സന്നദ്ധമാകണമെന്നും സീറോമലബാർസഭയുടെ ഉന്നതവിദ്യാഭ്യാസ കമ്മിഷൻ സെക്രട്ടറി ഫാ. ജോസഫ് പ്ലാത്തോട്ടം ആവശ്യപ്പെട്ടു. കത്തോലിക്കാ കോൺഗ്രസ് അതിരൂപതാസമിതിയുടെ ആഭിമുഖ്യത്തിലുള്ള എക്സലെൻഷ്യ സീസൺ 3 മാർ ജോസഫ് പവ്വത്തിൽ സ്മാരക ഹെറിറ്റേജ് ക്വിസിന്റെ ഭാഗമായി മെയ് 25നു വാഴപ്പള്ളി സെന്റ് തെരേസാസ് ഹയർ സെക്കൻഡറി സ്കൂളിൽ നടത്തപ്പെട്ട സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

അതിരൂപതാ പ്രസിഡന്റ് ബിജു സെബാസ്റ്റ്യൻ പടിഞ്ഞാറേവീട്ടിൽ സമ്മേളനത്തിൽ അധ്യക്ഷനായിരുന്നു. അതിരൂപതാ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ചാമക്കാല, ജനറൽ സെക്രട്ടറി ബിനു ഡൊമിനിക് നടുവിലേഴം, ട്രെഷറർ ജോസ് ജോൺ വെങ്ങാന്തറ, ജനറൽ കൺവീനർ ഷിജി ജോൺസൺ തകിടിപ്പുറം, സ്കൂൾ മാനേജർ സി. ലിൻസി വലിയപ്ലാക്കൽ എസ്.എ.ബി.എസ്., ക്വിസ് മാസ്റ്റർ ബിനു മാത്യു, ഡോ. സോണി കണ്ടങ്കരി, സി. റോസ്ബെല്ല എസ്.എ.ബി.എസ്., ഭാരവാഹികളായ റോസിലിൻ കുരുവിള, രാജേഷ് ജോൺ നന്തികാട്ട്, ടോമിച്ചൻ അയ്യരുകുളങ്ങര, ഓഫീസ് ചാർജ് സെക്രട്ടറി ജിനോ ജോസഫ് കളത്തിൽ, കുഞ്ഞ് കളപ്പുര, ചാക്കപ്പൻ ആന്റണി, സെബാസ്റ്റ്യൻ വർഗീസ്, കെ. എസ്. ആന്റണി കരിമറ്റം, പി. സി. കുഞ്ഞപ്പൻ, സെബാസ്റ്റ്യൻ പുല്ലാട്ടുകാല, സിസി അമ്പാട്ട്, ലിസി ജോസ്, ജോജൻ സെബാസ്റ്റ്യൻ എന്നിവർ പ്രസംഗിച്ചു.

### ഭാരവാഹികളുടെ സമ്മേളനങ്ങൾ

കത്തോലിക്കാ കോൺഗ്രസ് അതിരൂപതാസമിതിയുടെ 2024–2027 വർഷത്തെ ഭാരവാഹികളുടെ സമ്മേളനങ്ങൾ മെയ് 25നു വാഴപ്പള്ളി സെന്റ് തെരേസാസ് ഹയർ സെക്കൻഡറി സ്കൂളിലും ജൂൺ ഒമ്പതിന് അതിരൂപതാകേന്ദ്രത്തിലെ മാർതോമാവിദ്യാനികേതൻ ഹാളിലും നടത്തപ്പെട്ടു. അതിരൂപതാ പ്രസിഡന്റ് ബിജു സെബാസ്റ്റ്യൻ പടിഞ്ഞാറേവീട്ടിൽ സമ്മേളനങ്ങളിൽ അധ്യക്ഷനായിരുന്നു.

### പ്രതിഷേധം–പ്രതികരണം

ചങ്ങനാശ്ശേരി–ആലപ്പുഴ റോഡ് നിർമാണത്തിലെ അശാസ്ത്രീയത കാരണം കുട്ടനാട്ടിൽ കൂടെക്കൂടെയുണ്ടാകുന്ന വെള്ളപ്പൊക്കവും ആ മേഖലയിൽ വസിക്കുന്നവരുടെ പ്രശ്നങ്ങളും സർക്കാർ ഗൗരവമായി കാണണമെന്ന് ആവശ്യപ്പെട്ടും പ്രതികൂലകാലാവസ്ഥയിലും വെള്ളപ്പൊക്കത്തിലും സാമ്പത്തികമായി വിഷമിക്കുന്ന കർഷകരിൽനിന്നു സംഭരിച്ച നെല്ലിന്റെ തുക ഇതുവരെ ലഭിക്കാത്തതിലും പ്രതിഷേധവും പ്രതികരണവും രേഖപ്പെടുത്തി.

**സംയുക്തനേതൃസംഗമം**

കത്തോലിക്കാ കോൺഗ്രസ് അതിരൂപതാസമിതിയുടെ എക്സിക്യൂട്ടിവ് കമ്മിറ്റിയംഗങ്ങൾ, കൗൺസിലുകളുടെ ജനറൽ കോഡിനേറ്റർമാർ എന്നിവരുടെ സംയുക്തനേതൃസംഗമം ജൂൺ 13ന് അതിരൂപതാകേന്ദ്രത്തിലെ സന്ദേശനിലയം ഹാളിൽ നടത്തപ്പെട്ടു. അതിരൂപതാ പ്രസിഡന്റ് ബിജു സെബാസ്റ്റ്യൻ പടിഞ്ഞാറേ വീട്ടിലിന്റെ അധ്യക്ഷതയിലുള്ള സമ്മേളനം അതിരൂപതാ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ചാമക്കാല ഉദ്ഘാടനം ചെയ്തു.

**ഫാ. സെബാസ്റ്റ്യൻ ചാമക്കാല**
*(ഡയറക്ടർ)*

**ബിജു സെബാസ്റ്റ്യൻ**
*(പ്രസിഡന്റ്)*

**ബിനു ഡൊമിനിക്**
*(ജനറൽ സെക്രട്ടറി)*

❑

---

*➤➤➤ ദീപിക ഫ്രണ്ട്സ് ക്ലബ്ബ് തുടർച്ച...*

കുടുംബക്കൂട്ടായ്മകൾ, വാർഡുകൾ എന്നിവയുടെ ഏകോപനം ലക്ഷ്യമാക്കി ആവശ്യമെങ്കിൽ കൂടുതലാളുകളെ എക്സിക്യൂട്ടിവ് മെമ്പർമാരായി തെരഞ്ഞെടുക്കാവുന്നതാണ്.

**പട്ടികസമർപ്പണം**

ഇടവകഭാരവാഹികളുടെ പേരുവിവരങ്ങൾ, വാട്സ്ആപ്പ് നമ്പറുകൾ എന്നിവ *ഓഗസ്റ്റ് ഒന്നിനു മുമ്പു* ഡി.എഫ്.സി. ഫൊറോനാ ഡയറക്ടർ അച്ചന് പി.ഡി.എഫ്. ഫോർമാറ്റായി വാട്സാപ്പിൽ അയക്കേണ്ടതാണ്. ഡി.എഫ്.സി. ഫൊറോനാ ഡയറക്ടർമാരും ഫൊറോനാസമിതിയും ഇടവകകളിൽ ഡി.എഫ്.സി. തെരഞ്ഞെടുപ്പു നടത്താനും ഫൊറോനകളിലെ തെരഞ്ഞെടുപ്പ് *ഓഗസ്റ്റ് 15നു മുമ്പായി* പൂർത്തിയാക്കാനും നേതൃത്വം നൽകണം. ഇടവക/ ഫൊറോനാഭാരവാഹികളുടെ പൂർണമായ ലിസ്റ്റ്, വാട്സ്ആപ്പ് നമ്പറുകൾ സഹിതം **ഓഗസ്റ്റ് പതിനഞ്ചിനകം** പി.ഡി.എഫ്. ഫോർമാറ്റായി ഡി.എഫ്.സി. അതിരൂപതാ ഡയറക്ടർക്ക് അയക്കേണ്ടതാണ്.

**അഭിനന്ദനം**

ഡി.എഫ്.സി. സംസ്ഥാന പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട ആൻസി ചെന്നോത്തിന് അതിരൂപതാ ഡി.എഫ്.സി. കുടുംബത്തിന്റെ പ്രാർഥനാശംസകൾ.

ഡി.എഫ്.സി. അതിരൂപതാസമിതിക്കുവേണ്ടി,

**ഫാ. ജോർജ് മാന്തുരുത്തിൽ**
*(ഡയറക്ടർ)*
9447432531

**പരിമൾ ആന്റണി അറക്കത്തറ**
*(പ്രസിഡന്റ്, വനിതാവിഭാഗം)*

**ആന്റണി തോമസ് മലയിൽ**
*(പ്രസിഡന്റ്, പുരുഷവിഭാഗം)*

❑

# കേരള ലേബർ മൂവുമെന്റ്
## (KLM)

**സ്നേഹാദരവ്: ഫാ. ജോൺ വടക്കേകളം**

കേരള ലേബർ മൂവുമെന്റിനെ കഴിഞ്ഞ 4 വർഷക്കാലം നയിച്ച ഫാ. ജോൺ വടക്കേകളത്തിനു മെയ് 25ന് അതിരൂപതാ സിഞ്ചെല്ലൂസ് വെരി റവ. ഫാ. സ്കറിയ കന്യാകോണിൽ സ്നേഹാദരവു നൽകി. അതിരൂപതാ ജനറൽ സെക്രട്ടറി സെബാസ്റ്റ്യൻ പി. ജെ. അധ്യക്ഷനായിരുന്ന സമ്മേളനത്തിൽ അതിരൂപതാസമിതിയംഗം കെ. ഡി. ചാക്കോ സ്വാഗതമറിയിച്ചു. അതിരൂപതാ ജോയിന്റ് സെക്രട്ടറി ലാലി ബോബൻ, അതിരൂപതാസമിതിയംഗം സോണി പി. ജോർജ്, മുൻ അതിരൂപതാസമിതിയംഗങ്ങളായ ഷാജി ആന്റണി, ഡാനി തോമസ് എന്നിവർ ആശംസകൾ നേർന്നു. ചങ്ങനാശ്ശേരി ഫൊറോനാ കോഡിനേറ്റർ റ്റിസൺ തോമസ് കൃതജ്ഞതയർപ്പിച്ചു. മുമ്പത്തെയും ഇപ്പോഴത്തെയും അതിരൂപതാസമിതിയംഗങ്ങൾ, യൂണിറ്റ് ഭാരവാഹികൾ എന്നിവർ ഇതിൽ പങ്കെടുത്തു.

**പുതിയ ഡയറക്ടർ: ഫാ. ജോസഫ് ചമ്പക്കുളത്തിൽ**

അതിരൂപതാ കേരള ലേബർ മൂവുമെന്റിന്റെ പുതിയ ഡയറക്ടറായി ഫാ. ജോസഫ് ചമ്പക്കുളത്തിൽ നിയമിതനായി. അതിരൂപതാ പ്രോട്ടോസിഞ്ചെല്ലൂസ് വെരി റവ. ഫാ. ആന്റണി എത്തക്കാടിന്റെ സാന്നിധ്യത്തിൽ മെയ് 30ന് അച്ചൻ ചുമതലയേറ്റു.

**പുതിയസംഘങ്ങൾ**

കിടങ്ങറ യൂണിറ്റിൽ 'മദർ തെരേസ' എന്ന പേരിൽ ജൂൺ ഒമ്പതിനു പുതിയ എസ്.എച്ച്.ജി. രൂപീകരിച്ചു. കിടങ്ങറ സെന്റ് ഗ്രിഗോറിയോസ് പള്ളിയുടെ വികാരി ഫാ. സിറിൽ ചേപ്പിലയുടെ അധ്യക്ഷതയിലുള്ള സമ്മേളനം അതിരൂപതാ ഡയറക്ടർ ഫാ. ജോസഫ് ചമ്പക്കുളത്തിൽ ഉദ്ഘാടനം ചെയ്തു. അതിരൂപതാ ജനറൽ സെക്രട്ടറി സെബാസ്റ്റ്യൻ പി. ജെ., ചങ്ങനാശ്ശേരി ഫൊറോനയുടെ കോഡിനേറ്റർ റ്റിസൺ തോമസ്, സെക്രട്ടറി ലാലി ബോബൻ, യൂണിറ്റ് കോഡിനേറ്റർ ബോണി ജോസഫ് എന്നിവർ പ്രസംഗിച്ചു.

കോട്ടാങ്ങൽ യൂണിറ്റിൽ 'സാൻജോ' എന്ന പേരിൽ ജൂൺ 14നു പുതിയ എസ്.എച്ച്.ജി. രൂപീകരിച്ചു. കോട്ടാങ്ങൽ സെന്റ് ജോൺ ദ ബാപ്റ്റിസ്റ്റ് പള്ളിയുടെ വികാരി ഫാ. തോമസ് നല്ലകുറ്റിന്റെ അധ്യക്ഷതയിലുള്ള സമ്മേളനം അതിരൂപതാ ഡയറക്ടർ ഫാ. ജോസഫ് ചമ്പക്കുളത്തിൽ ഉദ്ഘാടനം ചെയ്തു. അതിരൂപതാ ജനറൽ സെക്രട്ടറി സെബാസ്റ്റ്യൻ പി. ജെ., മണിമല ഫൊറോനയുടെ കോഡിനേറ്റർ ജാസ്മോൻ ആന്റണി, സെക്രട്ടറി സോണി പി. ജോർജ്, ട്രെഷറർ ജോസഫ് സേവ്യർ എന്നിവർ പ്രസംഗിച്ചു.

**യൂണിറ്റ് വാർഷികം**

ഇരവുചിറ യൂണിറ്റിന്റെ വാർഷികം ജൂൺ 15നു നടത്തപ്പെട്ടു. യൂണിറ്റ് ഡയറക്ടർ ഫാ. ജയിംസ് അത്തിക്കളത്തിന്റെ അധ്യക്ഷതയിലുള്ള സമ്മേളനം

ശേഷം പേജ് 58 ➤➤➤

# ആത്മതാകേന്ദ്രം
## (ARCHDIOCESAN TEMPERANCE MOVEMENT FOR AWARENESS & TREATMENT OF ADDICTS)

### മുൻ ഡയറക്ടർ ഫാ. ജോൺ വടക്കേക്കളത്തിനു യാത്രയയപ്പ്

ആത്മതാകേന്ദ്രം, കെ.സി.ബി.സി. മദ്യവിരുദ്ധസമിതി എന്നിവയുടെ അതിരൂപതാ ഡയറക്ടറായി സേവനം ചെയ്ത ഫാ. ജോൺ വടക്കേകളത്തിന് അതിരൂപതാ സിഞ്ചെല്ലൂസ് വെരി റവ. ഫാ. സ്കറിയ കന്യാകോണിലിന്റെ അധ്യക്ഷതയിലുള്ള സമ്മേളനത്തിൽ യാത്രയയപ്പു നൽകി. ആത്മതാകേന്ദ്രത്തിലെ ജീവനക്കാർ, കെ.സി.ബി.സി. മദ്യവിരുദ്ധസമിതിയുടെ ഭാരവാഹികൾ എന്നിവർ ആശംസകളർപ്പിച്ചു.

### പുതിയ ഡയറക്ടർ: ഫാ. ജോസഫ് ചോരേട്ട്ചാമക്കാല

ആത്മതാകേന്ദ്രം, കെ.സി.ബി.സി. മദ്യവിരുദ്ധസമിതി എന്നിവയുടെ അതിരൂപതാ ഡയറക്ടറായി ഫാ. ജോസഫ് ചോരേട്ട്ചാമക്കാല ചുമതലയേറ്റു.

### സപ്പോർട്ട് എ ചൈൽഡ് പദ്ധതി വാർഷികം–പഠനോപകരണവിതരണം

ആത്മതാകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിലുള്ള 'സപ്പോർട്ട് എ ചൈൽഡ്' പദ്ധതിയുടെ 21–ാമതു വാർഷികസമ്മേളനം, പഠനോപകരണവിതരണം എന്നിവ മെയ് 31നു ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്ററിൽ നടത്തപ്പെട്ടു. അതിരൂപതാ മെത്രാപ്പോലീത്താ അഭി. മാർ തോമസ് തറയിൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. അതിരൂപതാ പ്രോട്ടോസിഞ്ചെല്ലൂസ് വെരി റവ. ഫാ. ആന്റണി എത്തക്കാട് സമ്മേളനത്തിൽ അധ്യക്ഷനായിരുന്നു. ആത്മതാകേന്ദ്രം ഡയറക്ടർ ഫാ. ജോസഫ് ചോരേട്ട്ചാമക്കാല ആമുഖസന്ദേശം നൽകി.

ചങ്ങനാശ്ശേരി വ്യാപാരിവ്യവസായി ഏകോപനസമിതിയുടെ പ്രസിഡന്റ് ജോൺസൺ ജോസഫ് പ്ലാത്തോട്ടം പഠനോപകരണവിതരണവും ജെ.സി.എ. പ്രസിഡന്റ് ഡോ. ജോർജി ജോർജ്, സെക്രട്ടറി സച്ചു ലൂയിസ് എന്നിവർ സാമ്പത്തികസഹായവിതരണവും നിർവഹിച്ചു. വൈ'സ് മെൻ ക്ലബ്ബ് പ്രസിഡന്റ് ജോസ് കുളങ്ങര, തോമസുകുട്ടി പാലാത്ര, ഡോ. എസ്. ജി. ബിജു. അരുൺ ആലുങ്കൽ, തോമസ് വി. ജെ. തേവരുപറമ്പിൽ, റോസമ്മ വി. എ. തേവരുപറമ്പിൽ, ഡോ. ജോർജി ജോർജ്, ഡോ. ശരത്ചന്ദ്രൻ, ജിൻസി രാജൻ എന്നിവർ ആശംസകളറിയിച്ചു. ആത്മതാകേന്ദ്രത്തിലെ ജീവനക്കാരായ റ്റി. എം. മാത്യു സ്വാഗതമേകി; ട്രീസ മാത്യു റിപ്പോർട്ട് അവതരിപ്പിച്ചു.

ചങ്ങനാശ്ശേരി തോപ്പിൽ ജ്വല്ലറി ഉടമ മെൽവിൻ സക്കറിയാസ് 400 പേർക്ക് ഉച്ചഭക്ഷണത്തിനുള്ള 72,000 രൂപ നൽകി. കുട്ടികൾക്ക് 1,87,200 രൂപയുടെ ധനസഹായവും 75,480 രൂപയുടെ പഠനോപകരണങ്ങളും കേരള യൂണിവേഴ്സിറ്റിയിലെ 8–ാം റാങ്ക് ജേതാവു നന്ദിത അനിൽ; വഞ്ചിപ്പാട്ട്, നാടൻപാട്ട്, നാടോടിനൃത്തം എന്നിവയ്ക്ക് എ ഗ്രേഡ് നേടിയ അനില വിദ്യാസാഗർ എന്നിവർക്കോരോരുത്തർക്കും 5000 രൂപയുടെ ക്യാഷ് അവാർഡുകളും 10,000 രൂപയുടെ വിവാഹസഹായധനവും വിതരണം ചെയ്തു. കുട്ടികളുടെ കലാപരിപാടികൾ അവതരിപ്പിച്ചു. മിനി അശോകൻ നന്ദി രേഖപ്പെടുത്തി.

**കെ.സി.ബി.സി. മദ്യവിരുദ്ധസമിതി**

കെ.സി.ബി.സി. മദ്യവിരുദ്ധസമിതിയുടെ എക്സിക്യൂട്ടിവ് യോഗം ജൂൺ 13നു ചങ്ങനാശ്ശേരി ചാൾസ് ലവീഞ്ഞ് ഹാളിൽ നടത്തപ്പെട്ടു. അതിരൂപതാ ഡയറക്ടർ ഫാ. ജോസഫ് ചോരേട്ട്ചാമക്കാല യോഗത്തിൽ അധ്യക്ഷനായിരുന്നു. അതിരൂപതാ പ്രസിഡന്റ് റാംസെ ജെ. റ്റി. മെതിക്കളം ആമുഖസന്ദേശം നൽകി. റ്റി. എം. മാത്യു തച്ചിലേട്ട് സ്വാഗതമറിയിച്ചു. തോമസുകുട്ടി മണക്കുന്നേൽ റിപ്പോർട്ട് അവതരിപ്പിച്ചു. ജോസി കല്ലുകളം നന്ദിയറിയിച്ചു. അതിരൂപതാ ഭാരവാഹികളായ കെ. പി. മാത്യു കടന്തോട്, റോസമ്മ കാടാശ്ശേരി, ഷേർളി കരിവേലിൽ, മേരിക്കുട്ടി പാറക്കടവിൽ എന്നിവർ ഇതിൽ പങ്കെടുത്തു. ചർച്ചയിൽ ലഹരിക്കെതിരായി ശക്തമായ പ്രവർത്തനം ആവശ്യമാണെന്നും കലാലയ വിദ്യാർഥികളെ നശിപ്പിക്കുന്ന ലഹരിവ്യാപനത്തിനെതിരെ സർക്കാർ അടിയന്തര നടപടി സ്വീകരിക്കണമെന്നും പ്രമേയമവതരിപ്പിച്ചു.

**ഹോമിയോചികിത്സാപദ്ധതി**

ലഹരിവസ്തുക്കളുടെ ദുരുപയോഗത്തിന് അടിമപ്പെട്ടവർക്കു പാർശ്വഫലങ്ങളില്ലാത്ത, സൗജന്യനിരക്കിലുള്ള ഹോമിയോചികിത്സ താഴെപ്പറയുന്ന ദിവസങ്ങളിലും സ്ഥലങ്ങളിലുമായി നൽകിവരുന്നു. വിദഗ്ധരായ ഡോക്ടർമാരുടെയും കൗൺസിലർമാരുടെയും സേവനം ഈ പദ്ധതിയിൽ ലഭ്യമാണ്.

**സമയം:** രാവിലെ 10 മുതൽ ഉച്ചയ്ക്ക് 12.30 വരെ

| | | |
|---|---|---|
| ചൊവ്വ | (ആലപ്പുഴ) | തത്തംപള്ളി, മരിയൻ ഹോമിയോ ഡിസ്പെൻസറി |
| വ്യാഴം | (കോട്ടയം) | അതിരമ്പുഴ, സെന്റ് മേരീസ് ഫൊറോനാപ്പള്ളി |
| വെള്ളി | (കോട്ടയം) | ചങ്ങനാശ്ശേരി, പാസ്റ്ററൽ സെന്റർ |

പ്രസ്തുതവിവരം വികാരിയച്ചന്മാർ പള്ളിയിലറിയിക്കണം.

**ഫാ. ജോസഫ് ചോരേട്ട്ചാമക്കാല**
*(ഡയറക്ടർ)*

❑

---

➤➤➤ *കേരള ലേബർ മൂവുമെന്റ് തുടർച്ച...*

അതിരൂപതാ ഡയറക്ടർ ഫാ. ജോസഫ് ചമ്പക്കുളത്തിൽ ഉദ്ഘാടനം ചെയ്തു. അതിരൂപതാ ജനറൽ സെക്രട്ടറി സെബാസ്റ്റ്യൻ പി. ജെ., കുറുമ്പനാടം ഫൊറോനാ കോഡിനേറ്റർ കെ. ഡി. ചാക്കോ, ഇരവുചിറ യൂണിറ്റ് കോഡിനേറ്റർ ജയ്സൺ ജേക്കബ് എന്നിവർ പ്രസംഗിച്ചു.

**ആദരാഞ്ജലികൾ**

താഴത്തുവടകര യൂണിറ്റ് ലൂർദ് മാതാ സംഘാംഗം ജിജോ കെ. ജോർജ് കോളശ്ശേരിലിന്റെ നിര്യാണത്തിൽ കെ.എൽ.എം. കുടുംബം അനുശോചനവും പ്രാർഥനയും അറിയിക്കുന്നു.

**സെബാസ്റ്റ്യൻ പി. ജെ.**
*(ജനറൽ സെക്രട്ടറി)*

**ഫാ. ജോസഫ് ചമ്പക്കുളത്തിൽ**
*(ഡയറക്ടർ)*

❑

# ദളിത് കത്തോലിക്കാ മഹാജനസഭ (DCMS)

**പുതിയ ഡയറക്ടർ: ഫാ. ജോസഫ് കുഴിയടിയിൽ**

ഡി.സി.എം.എസ്.ന്റെ പുതിയ അതിരൂപതാ ഡയറക്ടറായി നിയമിതനായ ഫാ. ജോസഫ് കുഴിയടിയിലിനെ മെയ് 27ന് അതിരൂപതാ പ്രസിഡന്റ്, അതിരൂപതാ സെക്രട്ടറി, മറ്റുസംഘടനകളുടെ ഡയറക്ടർമാർ, കമ്മിറ്റി ഭാരവാഹികൾ എന്നിവർ ചേർന്ന് ഓഫീസിലേക്കു സ്വീകരിച്ചു.

**യാത്രയാക്കൽ**

കഴിഞ്ഞ മൂന്നുവർഷക്കാലം ഡി.സി.എം.എസ്.ന്റെ അതിരൂപതാ ഡയറക്ടറായി സേവനമനുഷ്ഠിച്ച ഫാ. ജോൺ വടക്കേകളത്തിനെ യാത്രയാക്കിയപ്പോൾ ഡി.സി.എം.എസ്. അതിരൂപതാ പ്രസിഡന്റ്, അതിരൂപതാ സെകട്ടറി, ഡി.സി.വി.എസ്. സെക്രട്ടറി, കമ്മിറ്റിയംഗങ്ങൾ, ഓഫീസ് സെക്രട്ടറി എന്നിവർ അനുഗമിച്ചു.

**സംയുക്തയോഗം**

ഡി.സി.എം.എസ്.-ഡി.സി.വി.എസ്.-ഡി.സി.വൈ.എൽ. സംഘടനകളിലെ ഭാരവാഹികളുടെ സംയുക്തയോഗം ജൂൺ എട്ടിനു ഡി.സി.എം.എസ്. ഓഫീസിൽ നടത്തപ്പെട്ടു. അതിരൂപതാ ഡയറക്ടർ ഫാ. ജോസഫ് കുഴിയടിയിലിന്റെ നേതൃത്വത്തിലുള്ള യോഗത്തിൽ അതിരൂപതാ പ്രസിഡന്റ് ഡോ. സിജോ ജേക്കബ് അധ്യക്ഷതവഹിച്ചു. അതിരൂപതാ സെക്രട്ടറി മാത്യു ജോസഫ് സ്വാഗതമറിയിച്ചു. ഫാ. ജോസഫ് കുഴിയടിയിൽ ആമുഖസന്ദേശം നൽകി. സംസ്ഥാന പ്രസിഡന്റും കമ്മിറ്റിയംഗവുമായ ജയിംസ് ഇലവുങ്കൽ, ഡി.സി.വി.എസ്. സെക്രട്ടറി ത്രേസ്യാമ്മ ജോസഫ്, ഡി.സി.വൈ.എൽ. പ്രസിഡന്റ് മനു മൈക്കിൾ, ഡി.സി.എം.എസ്. ഉപദേശകസമിതിയംഗം ബേബി എം. സി. എന്നിവർ ആശംസകൾ നേർന്നു. 2025ലെ ജസ്റ്റിസ് സൺഡേ ആചരണം, മുൻ ഡി.സി.വൈ.എൽ. പ്രവർത്തകരുടെ യോഗം, കെ.സി.ബി.സി. എസ്.സി./എസ്.റ്റി. സ്കോളർഷിപ്പ് വിതരണം, അടുത്ത കൗൺസിൽ യോഗം തുടങ്ങിയവയെക്കുറിച്ചു ചർച്ചയിൽ തീരുമാനമെടുത്തു. അതിരൂപതാ ട്രെഷറർ ലെനിൻ ജോസഫ് നന്ദി രേഖപ്പെടുത്തി.

**വനിതാ സെമിനാർ–ആദരിക്കൽ**

ഡി.സി.എം.എസ്. സംസ്ഥാന കമ്മിറ്റിയുടെ നേതൃത്വത്തിലുള്ള ഏകദിന വനിതാ സെമിനാർ ജൂൺ 14നു കോട്ടയം ലൂർദ് ഫൊറോനാപ്പള്ളിയുടെ ഹാളിൽ നടത്തപ്പെട്ടു. സംസ്ഥാന പ്രസിഡന്റ് ജയിംസ് ഇലവുങ്കലിന്റെ അധ്യക്ഷതയിലുള്ള യോഗത്തിൽ സംസ്ഥാന ഓർഗനൈസർ ത്രേസ്യാമ്മ മത്തായി സ്വാഗതമറിയിച്ചു. കെ.സി.ബി.സി. എസ്.സി./എസ്.റ്റി./ബി.സി. കമ്മിഷൻ വൈസ് ചെയർമാൻ അഭി. മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ സെമിനാർ ഉദ്ഘാടനം ചെയ്തു. കോട്ടയം നഗരസഭാധ്യക്ഷ ബിൻസി സെബാസ്റ്റ്യൻ, ഫൊറോനാപ്പള്ളി

*ശേഷം പേജ് 64 ➤➤➤*

"സമാധാനം-സൗഭാഗ്യം"

# സെക്കുലർ ഫ്രാൻസിസ്കൻ ഓർഡർ
# (SFO)

പ്രിയസഹോദരങ്ങളേ,

വാഴപ്പള്ളി റീജൻ കൺവെൻഷൻ, സഭാപ്രവേശനം, നിത്യവ്രതവാഗ്ദാനം എന്നിവ മെയ് 25നു വാഴപ്പള്ളി ഗത്സേമനി കപ്പൂച്ചിൻ ആശ്രമത്തിൽ നടത്തപ്പെട്ടു. സ്പിരിചൽ അസ്സി. ഫാ. തോമസ് വെട്ടിക്കൽ മൂന്നാം സഭാംഗത്വം ഒരു ദൈവവിളിയാണെന്നും സംഘടനാജീവിതമല്ലെന്നും സഭാസ്ഥാപകൻ വി. ഫ്രാൻസിസ് അസ്സീസ്സിയുടെ ജീവിതവെളിച്ചത്തിലൂടെ അംഗങ്ങളെ ഉദ്ബോധിപ്പിച്ചു. സഭാവസ്ത്രം സ്വീകരിച്ച 66 പേർ പരിശുദ്ധ കുർബാനമധ്യേ സത്യപ്രതിജ്ഞ ചൊല്ലി സഭാംഗങ്ങളായി. റീജൻ പ്രസിഡന്റ് പ്രമോദ് പി. ജോസഫ് സത്യപ്രതിജ്ഞാവാചകം ചൊല്ലിക്കൊടുത്തു. സഭാംഗത്വം സ്വീകരിച്ച് 3 വർഷം കഴിഞ്ഞ 43 പേർ നിത്യവ്രതവാഗ്ദാനം ചെയ്തു.

അതിരൂപതാ സ്പിരിചൽ അസ്സിസ്റ്റന്റ് സ്ഥാനമൊഴിയുന്ന ഫാ. തോമസ് വെട്ടിക്കലിന് അതിരൂപതാ പ്രസിഡന്റ് വി. സി. അലക്സ് വലിയപറമ്പിൽ അംഗങ്ങളുടെ പേരിലുള്ള ഹൃദയംഗമമായ നന്ദിയറിയിച്ചു. 2023 മുതൽ 2025 വരെ സ്തുത്യർഹമായ സേവനമാണ് അച്ചൻ നൽകിയത്. ഫ്രാൻസിസ്കൻ ജീവിതശൈലിയുടെ മഹത്വവും അതു ജീവിക്കേണ്ടതിന്റെ ആവശ്യകതയും സൗന്ദര്യവും അച്ചൻ എപ്പോഴും മൂന്നാം സഭാംഗങ്ങളെ ഓർമിപ്പിച്ചിരുന്നു.

പുതിയ അതിരൂപതാ സ്പിരിചൽ അസ്സിസ്റ്റന്റായി കപ്പൂച്ചിൻ സഭാംഗം ഫാ. അലക്സ് വാച്ചാപറമ്പിൽ ചുമതലയേറ്റു. മുമ്പു സ്പിരിചൽ അസ്സിസ്റ്റന്റായി സേവനമനുഷ്ഠിച്ച അച്ചൻ തന്റെ അനുഭവങ്ങൾ പങ്കുവെച്ചു.

**സ്വർഗപ്രാപ്തി**

കുറുമ്പനാടം റീജൻ തൃക്കൊടിത്താനം സെന്റ് സേവ്യേഴ്സ് ഭ്രാതൃത്വാംഗം പേരുട്ടയിൽ അന്നമ്മ ജോസഫ്, കുറുമ്പനാടം റീജൻ ഇരവുചിറ സെന്റ് മേരീസ് ഭ്രാതൃത്വാംഗം മടത്തുവേലിൽ മോളി മാത്യു, കുട്ടനാട് റീജൻ കാവാലം സെന്റ് തോമസ് ഭ്രാതൃത്വാംഗം പതിനഞ്ചിൽ ത്രേസ്യാമ്മ ജോസഫ് എന്നിവരുടെ ആത്മശാന്തിക്കായി പ്രാർഥിക്കാം.

**വി. സി. അലക്സ്**
**വലിയപറമ്പിൽ**
*(പ്രസിഡന്റ്)*

**ഫാ. അലക്സ് വാച്ചാപറമ്പിൽ**
**ഒ.എഫ്.എം. കപ്പൂച്ചിൻ**
*(സ്പിരിചൽ അസ്സിസ്റ്റന്റ്)*

❑

# വിൻസെൻഷ്യൻ വേദി
# (SSVP)

*"നീ പഠിച്ചിട്ടുള്ളതും ഉറപ്പായി വിശ്വസിച്ചിട്ടുള്ളതുമായ കാര്യങ്ങൾ ആരിൽനിന്നാണു പഠിച്ചതെന്നോർത്ത് അവയിൽ സ്ഥിരമായി നിൽക്കുക"*
(2 തിമോ. 3:14).

പ്രിയ വിൻസെൻഷ്യൻ സഹോദരങ്ങളേ,

കുടുംബയോഗം, കുടുംബചരിത്രം എന്നിവയ്ക്കു പ്രാധാന്യം ഏറെ നൽകുന്ന കാലഘട്ടത്തിലാണു നാം ജീവിക്കുന്നത്. നമ്മുടെ കുടുംബങ്ങളുടെ ശ്രേഷ്ഠതയും പാരമ്പര്യവുമൊക്കെ മനസിലാക്കുക, അത് അടുത്തതലമുറയ്ക്കു മനസിലാക്കിക്കൊടുക്കുക എന്നതിനൊപ്പംതന്നെ നാമതിൽ അഭിമാനിക്കുകയും ചെയ്യുന്നു. കുടുംബചരിത്രം തോമാ ശ്ലീഹായിൽ എത്തിക്കാനുള്ള പലരുടെയും പരിശ്രമം ആ പാരമ്പര്യത്തിന്റെ മൂല്യത്തെയാണു കാണിക്കുന്നത്.

വിശ്വാസത്തിൽ നമ്മുടെ പിതാവായ മാർ തോമാ ശ്ലീഹായുടെ ദുക്റാനാ തിരുനാളാചരിക്കുന്ന ദിവസമാണു ജൂലൈ 3. 'അവനോടൊപ്പം മരിക്കാൻ' തയ്യാറാകുന്ന മ്ശിഹാസ്നേഹവും അവന്റെ കല്പനയനുസരിച്ചു സുവിശേഷം നമ്മുടെയുൾപ്പെടെയുള്ള നാടുകളിലെത്തിക്കാൻ കാണിച്ച വിശ്വാസതീക്ഷ്ണതയും അവനുവേണ്ടി രക്തസാക്ഷിയായിക്കൊണ്ടു ജീവനെക്കാൾ മൂല്യം നിത്യജീവനാണെന്നും തോമാ ശ്ലീഹാ നമുക്കു വ്യക്തമാക്കിത്തന്നു. ശ്ലീഹായുടെ ചുടുനിണത്താൽ നനയ്ക്കപ്പെട്ട ഈ വിളനിലം ശ്രേഷ്ഠമായ ഫലങ്ങൾ പുറപ്പെടുവിക്കുന്നു എന്നതിൽ അഭിമാനിക്കാം.

തോമാ ശ്ലീഹായുടെ ഓർമദിനം സീറോമലബാർസഭാദിനമായി നാം ആചരിക്കുകയാണ്. നാമംഗങ്ങളായിരിക്കുന്ന ഈ സഭയുടെ വ്യക്തിത്വം ശരിയായി മനസിലാക്കാനും അതനുസരിച്ചു ജീവിക്കാനും അതിന്റെ പ്രാധാന്യം വരുംതലമുറയ്ക്കു പകർന്നുകൊടുക്കാനും നമുക്കു കടമയുണ്ട്. മാർ തോമാ ശ്ലീഹായുടെ മ്ശിഹാനുഭവത്തിലൂടെ നസ്രായനായ ഈശോയെ കർത്താവും ദൈവവുമായി സ്വീകരിച്ച നാം 'മാർ തോമാ നസ്രാണികൾ' എന്നാണ് അറിയപ്പെട്ടിരുന്നത്. 16-ാം നൂറ്റാണ്ടിൽ പോർച്ചുഗീസ് മിഷണറിമാർ ഈ ചെറിയ സമൂഹത്തെ കണ്ടെത്തിയ കാലം മുതൽ പരിശുദ്ധ സിംഹാസനത്തോടുള്ള കൂട്ടായ്മയിലും വിശ്വസ്തതയിലും നാം പ്രവർത്തിക്കുന്നു.

മലകളും കുന്നുകളും നിറഞ്ഞ സ്ഥലത്തു സുറിയാനിഭാഷയിൽ ആരാധനക്രമം പരികർമം ചെയ്യുന്ന ജനവിഭാഗത്തെ വിശേഷിപ്പിക്കാൻ വിദേശികൾ ഉപയോഗിച്ച 'സീറോമലബാർ' എന്ന നാമം 18-ാം നൂറ്റാണ്ടിലാണു നമ്മുടെ ഔദ്യോഗികനാമമായത്. കത്തോലിക്കാ തിരുസഭയെ അലംകൃതമാക്കുന്ന 24 വ്യക്തിസഭകളിൽ 'ഒരു ശ്ലീഹായുടെ പേരിലറിയപ്പെടുന്ന' ഏകസഭയും നമ്മുടേതാണ്. ഭാരതീയപാരമ്പര്യവും പൗരസ്ത്യ ആരാധനക്രമവും നമ്മുടെ ശ്രേഷ്ഠതയാണ്. ഈ നാടിന്റെ പുരോഗതിക്കും ആഗോളതിരുസഭയുടെ വളർച്ചയ്ക്കും സീറോമലബാർസഭ ചെയ്യുന്ന സേവനങ്ങൾ അഭിമാനാർഹമാണ്.

ഐക്യത്തിനും അഭിമാനത്തിനും ക്ഷതമേല്പിക്കുന്ന ചില പ്രവർത്തനങ്ങൾ സഭയിൽ കാണപ്പെടുന്നു എന്നതു നമ്മുടെ വേദനയ്ക്കും പ്രാർഥനയ്ക്കും വിഷയമാകണം. അഭിപ്രായങ്ങളും പ്രതികരണങ്ങളും അറിവും അധികാരവും ഉള്ളവർക്കായി നീക്കിവെക്കുന്നതാണ് ഉചിതം. സീറോമലബാർ ഹയരാർക്കി സ്ഥാപിക്കുമ്പോൾ വി. പതിനൊന്നാം പീയൂസ് മാർപാപ്പ ചൂണ്ടിക്കാട്ടിയ ഒരു കാരണം വൈദികരോടും മെത്രാന്മാരോടും പരിശുദ്ധ സിംഹാസനത്തോടുമുള്ള സഭാതനയരുടെ ബഹുമാനാദരവാണ്. നമ്മുടെ ചിന്തകളും പ്രവർത്തനങ്ങളും സഭാനേതൃത്വത്തോടു ചേർന്നുള്ളതാകണം.

നാമഹേതുകതിരുനാൾ ആഘോഷിക്കുന്ന അഭി. മാർ തോമസ് തറയിൽ മെത്രാപ്പോലീത്തായ്ക്കും തോമസ് നാമധാരികൾക്കും പ്രാർഥനാശംസകൾ നേരുന്നു.

സെപ്റ്റംബർ നമ്മെ സംബന്ധിച്ചിടത്തോളം വളരെ പ്രാധാന്യമുള്ളതാകുകയാണ്. ഏറെക്കാലമായി നാം പ്രാർഥിച്ചതും ആഗ്രഹിച്ചതുമായ വാഴ്ത്തപ്പെട്ട ജോർജിയോ ഫ്രസാറ്റിയുടെ വിശുദ്ധപദവിപ്രഖ്യാപനം സെപ്റ്റംബർ ഏഴിനു നടത്തപ്പെടുകയാണ്. ജൂലൈ 4 അദേഹത്തിന്റെ ചരമദിനമാണ്. കേവലം 24 വർഷങ്ങൾ മാത്രമാണ് അദേഹം ജീവിച്ചത്. അദേഹത്തിന്റെ ജീവചരിത്രം നമ്മുടെ നിയമാവലിയിലും മാനുവലിലും മാധ്യമങ്ങളിലുമുള്ളത് ഈ ദിവസങ്ങളിലെ നമ്മുടെ യോഗങ്ങളിൽ ജ്ഞാനവായനയ്ക്ക് ഉപയോഗിക്കണമെന്ന് അഭ്യർഥിക്കുന്നു. സെപ്റ്റംബറിലെ നമ്മുടെ സംയുക്തതിരുനാൾ ആഘോഷങ്ങളോടൊപ്പം ഈ പ്രഖ്യാപനവും നമുക്ക് ആഘോഷിക്കണം.

വാഴ്ത്തപ്പെട്ട കാർലോ അക്യൂട്ടിസും അദേഹത്തോടൊപ്പം വിശുദ്ധരുടെ ഗണത്തിലേക്ക് ഉയർത്തപ്പെടുന്നുണ്ട്. ഈ യുവാക്കൾ ചുരുങ്ങിയ കാലത്തെ ജീവിതത്തിലൂടെ നേടിയതൊക്കെയും ഈശോയ്ക്കുവേണ്ടിയായിരുന്നു. വാഴ്ത്തപ്പെട്ട ഫ്രെഡറിക് ഓസാനാമും എത്രയുംവേഗം വിശുദ്ധഗണത്തിൽ ചേർക്കപ്പെടാൻ തീക്ഷ്ണതയോടെ പ്രാർഥിക്കാം.

ഈശോയിൽ സ്നേഹപൂർവം,

**തോമസ് റ്റി. മൂലയിൽ**
*സെൻട്രൽ കൗൺസിൽ പ്രസിഡന്റ്*
❑

# കരിസ്മാറ്റിക് നവീകരണം

''നിങ്ങൾ കരിസ്മാറ്റിക്കുകൾക്കു കർത്താവിൽനിന്ന് ഒരു വലിയസമ്മാനം ലഭിച്ചിരിക്കുന്നു. നിങ്ങളുടെ പ്രസ്ഥാനത്തിന്റെ ജനനം പരിശുദ്ധാത്മാവിനാൽ 'സഭയിലും തിരുസഭയ്ക്കുംവേണ്ടിയുള്ള കൃപയുടെ ഒരു പ്രവാഹ'മായിരിക്കാൻ ഇച്ഛിക്കപ്പെട്ടതാണ്. ഇതാണു നിങ്ങളുടെ ഐഡന്റിറ്റി: കൃപയുടെ ഒരു പ്രവാഹമാകുക'': **ഫ്രാൻസിസ് മാർപാപ്പ**

### പന്തക്കുസ്താ ഒരുക്കശുശ്രൂഷ

ജൂൺ അഞ്ചിനു കുന്നന്താനം സീയോൻ ധ്യാനകേന്ദ്രത്തിൽ പന്തക്കുസ്താ ഒരുക്ക കൺവെൻഷൻ നടത്തപ്പെട്ടു. ധ്യാനകേന്ദ്രത്തിന്റെ ഡയറക്ടർ ഫാ. തോമസ് പ്ലാപ്പറമ്പിൽ ശുശ്രൂഷകൾക്കു നേതൃത്വം നൽകി. പരിശുദ്ധ കുർബാന, യാമപ്രാർഥന, വചനപ്രഘോഷണം, അഭിഷേകശുശ്രൂഷ എന്നിവയിൽ ചങ്ങനാശ്ശേരി സോണിലെ സബ്സോണുകളിൽനിന്നുള്ള കരിസ്മാറ്റിക് നവീകരണ ശുശ്രൂഷകർ പങ്കെടുത്തു. 2026ലെ കരിസ്മാറ്റിക് നവീകരണ ജൂബിലിയാഘോഷങ്ങൾക്കായുള്ള പ്രത്യേകപ്രാർഥനയുമുണ്ടായിരുന്നു.

### സോണൽ സേവനസമിതിയോഗം

സോണൽ ആനിമേറ്റർ ഫാ. തോമസ് പ്ലാപ്പറമ്പിലിന്റെ നേതൃത്വത്തിൽ ജൂൺ അഞ്ചിനു കുന്നന്താനം സീയോൻ ധ്യാനകേന്ദ്രത്തിൽ സോണൽ സേവനസമിതി യോഗം നടത്തപ്പെട്ടു. മാസത്തിന്റെ ആദ്യശനിയാഴ്ചകളിൽ ഉച്ചകഴിഞ്ഞു സേവനസമിതിയോഗം ഒരുമിച്ചുചേരാമെന്നു തീരുമാനമെടുത്തു. ഈ ജൂബിലി വർഷത്തിൽ ഇടവകകളിലും മാധ്യസ്ഥ്യപ്രാർഥനാക്കൂട്ടായ്മകൾ രൂപീകരിക്കേണ്ടതിന്റെയാവശ്യം ആനിമേറ്റർ അച്ചൻ ഓർമിപ്പിച്ചു.

### ജൂബിലേവൂസ് ജൂബിലിയൊരുക്ക കൺവെൻഷൻ

2026ലെ കരിസ്മാറ്റിക് നവീകരണ ജൂബിലിയാഘോഷങ്ങൾക്ക് ഒരുക്കമായുള്ള ജൂബിലേവൂസ് കേരളാതല കൺവെൻഷൻ ജൂൺ 14നു തൃശ്ശൂർ ജറുസലെം ധ്യാനകേന്ദ്രത്തിൽ നടത്തപ്പെട്ടു. കേരളത്തിലെ 24 സോണുകളിൽനിന്ന് 2500 പ്രതിനിധികൾ ഇതിൽ പങ്കെടുത്തു. ചങ്ങനാശ്ശേരിയിൽനിന്ന് 30 പ്രതിനിധികളുടെ സാന്നിധ്യമുണ്ടായിരുന്നു. കോഴിക്കോട് അതിരൂപതാധ്യക്ഷൻ റൈറ്റ് റവ. ഡോ. വർഗീസ് ചക്കാലയ്ക്കൽ അനുഗ്രഹപ്രഭാഷണം നൽകി.

### തൂവാനീസാ മിനിസ്ട്രി സോണൽ വിസിറ്റ്

ജൂൺ 18നു കേരള കാരിസ് സർവീസ് കമ്മ്യൂണിയൻ തൂവാനീസാ സെൻട്രൽ റ്റീമംഗങ്ങൾ ചങ്ങനാശ്ശേരി സോൺ സന്ദർശിച്ചു. മിനിസ്ട്രി കോൺടാക്റ്റ് പേഴ്സൺ സിനി ജയിംസ്, സോണൽ ആനിമേറ്റർ സി. ചെറുപുഷ്പം എസ്.എ.ബി.എസ്., സോണൽ കോഡിനേറ്റർ മഞ്ജു മാത്തൂർ, സോണൽ സെക്രട്ടറി ജോസ് പത്തുംപാടം എന്നിവർ സന്നിഹിതരായിരുന്നു. വാഴപ്പള്ളി ഗത്സേമനി കപ്പൂച്ചിൻ ആശ്രമത്തിലാണ് ഇതു ക്രമീകരിച്ചത്. തൂവാനീസാ മിനിസ്ട്രിയുടെ കേരള ആനിമേറ്റർ ഫാ. വിബിൻ ചൂതംപറമ്പിൽ

ഓൺലൈനിൽ ആമുഖമായി പ്രസംഗിച്ചു. കുടുംബങ്ങളുടെ വിശുദ്ധീകരണത്തിലും നവീകരണത്തിലും വനിതകളുടെ പങ്കു പ്രധാനപ്പെട്ടതാണെന്ന് അച്ചൻ പ്രത്യേകമനുസ്മരിപ്പിച്ചു.

**ലോഡ്സ് കപ്പിൾസ് മിനിസ്ട്രി**

ചങ്ങനാശ്ശേരി സോണിലെ കപ്പിൾസ് മിനിസ്ട്രി സേവനസമിതിയുടെ 75-ാമതു യോഗം മെയ് 27നു മടുക്കംമൂട് മറ്റപ്പറമ്പിൽ ഡൊമിനിക്-ലിറ്റി ദമ്പതികളുടെ ഭവനത്തിൽ നടത്തപ്പെട്ടു. പരിശുദ്ധാത്മാവിന്റെ ഗാനാലാപനം, ജപമാല എന്നിവയോടെ യോഗമാരംഭിച്ചു. കപ്പിൾസ് മിനിസ്ട്രി ആനിമേറ്റർ സി. തെരസിന എഫ്.ഡി.എസ്.എച്ച്.ജെ. മർക്കോസ് 6:7-13 വായിച്ചു വിചിന്തനങ്ങൾ നൽകി. 8 ദമ്പതികൾ ഇതിൽ പങ്കെടുത്തു. ഇടവകകളിൽ ദമ്പതീ സെല്ലുകൾ ആരംഭിക്കാൻ സേവനസമിതിയംഗങ്ങൾ മുൻകൈയെടുക്കണമെന്നു കപ്പിൾസ് മിനിസ്ട്രി ആനിമേറ്റർ ഫാ. ലൂയിസ് വെള്ളാനിക്കൽ ഓർമിപ്പിച്ചു.

സ്നേഹപൂർവം,

**മഞ്ജു മാത്തൂർ**
*(കോഡിനേറ്റർ)*

**ഫാ. തോമസ് പ്ലാപ്പറമ്പിൽ**
*(ആനിമേറ്റർ)*

❍

➤➤➤ *ദളിത് കത്തോലിക്കാ മഹാജനസഭ തുടർച്ച...*

വികാരി ഫാ. ജേക്കബ് വട്ടക്കാട്ട്, അതിരൂപതാ ഡയറക്ടർ ഫാ. ജോസഫ് കുഴിയടിയിൽ എന്നിവർ ആശംസകൾ നേർന്നു. സംസ്ഥാന ഡയറക്ടർ ഫാ. ജോസ് ഇടത്തിനകം ആമുഖസന്ദേശം നൽകി. കാഞ്ഞിരപ്പള്ളി സെന്റ് ഡൊമിനിക്സ് കോളേജിലെ ഡോ. സാലിക്കുട്ടി ജോസഫ്, ഡോ. ബിൻസി മരിയ വിൻസെന്റ് എന്നിവർ *സ്ത്രീശക്തീകരണം* എന്ന വിഷയത്തെക്കുറിച്ചു ക്ലാസ്സുകളെടുത്തു.

ദളിത് കത്തോലിക്കാ വിഭാഗത്തിലെ വനിതാ ഡോക്ടർമാരായ റ്റിജി പി. വി. (കൈപ്പുഴ), ഷെറിൻ (മാന്നാനം), രഞ്ജു ജോൺസൺ (പങ്ങട), ഡോക്ടറേറ്റ് നേടിയ വനിതകൾ എന്നിവരെ യോഗത്തിലാദരിച്ചു. സെമിനാറിൽ പങ്കെടുത്ത 60 പേരിൽ 25 പേർ അതിരൂപതാംഗങ്ങളായിരുന്നു. ഡി.സി.വി.എസ്. സെക്രട്ടറി ത്രേസ്യാമ്മ ജോസഫ് നന്ദിയറിയിച്ചു.

**ഡോ. സിജോ ജേക്കബ്**
*(പ്രസിഡന്റ്)*

**ഫാ. ജോസഫ് കുഴിയടിയിൽ**
*(ഡയറക്ടർ)*

**മാത്യു ജോസഫ്**
*(സെക്രട്ടറി)*

❑

**മെയ്**

23 കുരിശുമ്മൂട് മീഡിയ വില്ലേജിൽ 'മൈ പാരിഷ്' ബോധവത്കരണ ക്ലാസ്സിൽ സന്ദേശം നൽകി. ചങ്ങനാശ്ശേരി സെന്റ് ബർക്ക്മൻസ് ഹയർ സെക്കൻഡറി സ്കൂളിൽ കോർപ്പറേറ്റ് മാനേജുമെന്റിലെ പ്രഥമാധ്യാപകരുടെ യോഗത്തെ അഭിസംബോധന ചെയ്തു.

24 കുന്നന്താനം സീയോൻ ധ്യാനകേന്ദ്രത്തിൽ വിശ്വാസരൂപീകരണധ്യാന ത്തോടനുബന്ധിച്ചു പരിശുദ്ധ കുർബാനയർപ്പിച്ചു. ചെത്തിപ്പുഴ സെന്റ് തോമസ് ഹോസ്പിറ്റലിലെ ജീവനക്കാരുടെ കുട്ടികൾക്കുള്ള പരിശീലനപരി പാടിയിൽ പ്രസംഗിച്ചു. മതാധ്യാപകനേതൃസംഗമത്തിൽ അനുഗ്രഹപ്രഭാ ഷണം നടത്തി. മാങ്ങാനം സ്പിരിചാലിറ്റി സെന്ററിൽ അപ്പസ്തോലിക് ഒബ്ളേറ്റ്സ് സന്യാസസമൂഹത്തിന്റെ സുവർണ ജൂബിലിയാഘോഷത്തിൽ സന്ദേശം നൽകി. പാലാ രൂപത കരിമ്പാനി ബ്ലസഡ് സാക്രമെന്റ് പള്ളിയിൽ സി.ബി.സി.ഐ ഡെപ്യുട്ടി ജനറൽ സെക്രട്ടറി കോയിക്കൽ ബഹു. മാത്യു അച്ചന്റെ പൗരോഹിത്യസ്വീകരണ രജത ജൂബിലിയാഘോഷത്തിൽ ആശം സകളറിയിച്ചു. വെട്ടിക്കൽപുരയിടം സെന്റ് സെബാസ്റ്റ്യൻസ് പള്ളിയിൽ റൂബി ജൂബിലി സമാപനയോഗത്തിൽ സന്ദേശം നൽകി; ജൂബിലി സ്മാരകമായ ഭവനം വെഞ്ചരിച്ചു. ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്ററിൽ കായംകുളത്തു ശ്ശേരി ബഹു. ജോസഫ്, നെടുങ്കുന്നം സഞ്ജീവനിയിൽ വട്ടക്കാട്ട് ബഹു. ജേക്കബ് എന്നീ വൈദികരുടെ യാത്രയയപ്പുസമ്മേളനങ്ങളിൽ പങ്കെടുത്തു.

25 കോഴിക്കോട് സെന്റ് ജോസഫ്സ് പള്ളിയിൽ കോഴിക്കോട് രൂപതാധ്യക്ഷൻ റൈറ്റ് റവ. ഡോ. വർഗീസ് ചക്കാലക്കലിന്റെ സ്ഥാനാരോഹണച്ചടങ്ങിൽ പങ്കെടുത്തു.

28 അതിരൂപതാകേന്ദ്രത്തിൽ റീജൻസി വൈദികാർഥികളുടെ മാസധ്യാന ത്തിൽ സന്ദേശം നൽകി. ചങ്ങനാശ്ശേരി എസ്.എച്ച്. സെന്റ് മാത്യൂസ് പ്രൊവിൻഷ്യൽ ഹൗസിൽ സി. തിയഡോഷ്യ പടവിൽ എസ്.എച്ച്.ന്റെ മൃതസംസ്കാരത്തിന്റെ രണ്ടാം ഭാഗശുശ്രൂഷകൾക്കു കാർമികത്വംവഹിച്ചു. ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻപള്ളിയിൽ ധന്യൻ മാർ തോമസ് കുര്യാളശ്ശേരി സിംപോസിയത്തിൽ സന്ദേശം നൽകി. പൂങ്കാവ് ഔർ ലേഡി ഓഫ് അസംപ്ഷൻ പള്ളിയിൽ യുവജനങ്ങളുമായി സംവ ദിച്ചു.

29 അതിരൂപതാകേന്ദ്രത്തിൽ 'മൈ പാരിഷ്' ഡയറക്ടർമാരുടെ യോഗത്തിൽ അധ്യക്ഷതവഹിച്ചു. ചമ്പക്കുളം സെന്റ് മേരീസ് ബസിലിക്കയിൽ വിവാഹം ആശീർവദിച്ചു. വിതുര ഓൾ സെയ്ന്റ്സ് പള്ളിയിൽ പ്രവേശകകൂദാശകൾ, ആഘോഷമായ പരിശുദ്ധ കുർബാനസ്വീകരണം എന്നിവയ്ക്കു കാർമികത്വം വഹിച്ചു.

30 വെരൂർ സെന്റ് ജോസഫ്സ് ഇടവകാംഗം മഞ്ചേരിക്കളം ഷാജി ജോസഫിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി. അതിരൂപതാകേന്ദ്രത്തിൽ മദർ മേരി ഷന്താൾ എസ്.എ.ബി.എസ്.ന്റെ നാമകരണനടപടികളുടെ യോഗത്തിൽ അധ്യക്ഷതവഹിച്ചു. തത്തംപള്ളി സഹൃദയ ഹോസ്പിറ്റലിൽ ഡയാലിസിസ് മെഷീൻ ഉദ്ഘാടനം ചെയ്തു. ചങ്ങനാശ്ശേരി ഒ.എം.എം.ഐ. കോൺവെന്റ് വെഞ്ചരിച്ചു; ചാപ്പൽ കൂദാശ ചെയ്തു.

31 അതിരൂപതാകേന്ദ്രത്തിൽ കോർപ്പറേറ്റ് മാനേജുമെന്റിലെ പുതിയ അധ്യാപകർക്കു നിയമനപത്രിക നൽകി. കോട്ടയ്ക്കുപുറം സെന്റ് മാത്യൂസ് പള്ളിയിൽ ചെക്കാത്തടത്തിൽ ബഹു. ജോർജ് അച്ചന്റെ പൗരോഹിത്യ സ്വീകരണ രജത ജൂബിലിയാഘോഷത്തിലും ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻപള്ളിയിലെ നവമി ഹാളിൽ അതിരൂപതാ ബൈബിൾ കൺവെൻഷൻ വോളണ്ടിയർമാരുടെ യോഗത്തിലും പങ്കെടുത്തു. ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്ററിൽ ആത്മതാകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിലുള്ള 'സപ്പോർട്ട് എ ചൈൽഡ്' പദ്ധതിയുടെ വാർഷികസമ്മേളനത്തിൽ അധ്യക്ഷതവഹിച്ചു.

**ജൂൺ**

01 നെടുങ്കുന്നം സെന്റ് ജോൺ ദ ബാപ്റ്റിസ്റ്റ് ഫൊറോനാപ്പള്ളിയിൽ ഇടവകദിനത്തോടനുബന്ധിച്ചു പരിശുദ്ധ കുർബാനയർപ്പിച്ചു; പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു. ചെത്തിപ്പുഴ കാർമൽ മൗണ്ട് കോൺവെന്റിൽ സി. മെർലിൻ ജോസ് സി.എം.സി.യുടെ മൃതസംസ്കാരത്തിന്റെ രണ്ടാം ഭാഗ ശുശ്രൂഷകൾക്കു കാർമികത്വംവഹിച്ചു. വടവാതൂർ സെന്റ് തോമസ് പള്ളിയിൽ മാതൃ-പിതൃവേദിസംഗമത്തിൽ സന്ദേശം നൽകി.

02 ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ പള്ളിയിൽ ധന്യൻ മാർ തോമസ് കുര്യാളശ്ശേരിയുടെ ചരമവാർഷികത്തോടനുബന്ധിച്ചു പരിശുദ്ധ കുർബാനയർപ്പിച്ചു. ചങ്ങനാശ്ശേരി സെന്റ് ബർക്മൻസ് കോളേജിലും മാങ്ങാനം മിഷണറി ഓറിയന്റേഷൻ സെന്ററിലും പുതിയ അധ്യയനവർഷം ഉദ്ഘാടനം ചെയ്തു. കട്ടച്ചിറ മേരി മൗണ്ട് പബ്ലിക് സ്കൂളിൽ ഹോസ്റ്റൽ വെഞ്ചരിച്ചു.

03 പുത്തൻകുരിശ് പാത്രിയാർക്കൽ സെന്ററിൽ യാക്കോബായ സുറിയാനി സഭയുടെ സിനഡിനോടനുബന്ധിച്ചുള്ള ധ്യാനത്തിൽ സന്ദേശം നൽകി.

03-05 പാലാരിവട്ടം പി.ഒ.സി.ൽ കെ.സി.ബി.സി. സമ്മേളനത്തിൽ പങ്കെടുത്തു.

08 മിലാൻ ആർച്ചുബിഷപ് മാരിയോ എൻറിക്കോ ഡെൽപീനിയെ വസതിയിൽ സന്ദർശിച്ചു.

12 കർദിനാൾ മാർ ജോർജ് കൂവക്കാടിനൊപ്പം പരിശുദ്ധ പിതാവു ലെയോ പതിനാലാമൻ മാർപാപ്പായെ സന്ദർശിച്ച് അതിരൂപതയുടെ പ്രാർഥനാശംസകൾ നേർന്നു.

13 റോമിലെ സാന്റ് അന്റോണിയോ ഡി പാദുവ പള്ളിയിൽ കർദിനാൾ മാർ ജോർജ് കൂവക്കാട് സ്ഥാനികദൈവാലയം ഏറ്റെടുത്ത ചടങ്ങിൽ പങ്കെടുത്തു.

14 റോമിലെ സാന്താ മരിയ മജോറെ ബസിലിക്കയിൽ ഫ്രാൻസിസ് മാർ പാപ്പായുടെ കബറിടത്തിൽ പ്രാർഥിച്ചു; പരിശുദ്ധ കുർബാനയർപ്പിച്ചു. റോമിലെ വൈദികർ, സന്യസ്തർ എന്നിവരുടെ കൂട്ടായ്മയിൽ പങ്കെടുത്തു.

16–18 ഷില്ലോങ്ങിൽ സി.ബി.സി.ഐ. പരിസ്ഥിതി കമ്മിറ്റി യോഗത്തിൽ പങ്കെടുത്തു.

19 ചങ്ങനാശ്ശേരി സേക്രഡ് ഹാർട്ട് സ്കൂളിന്റെ ഓഡിറ്റോറിയത്തിൽ ദീപിക മെറിറ്റ് അവാർഡ് യോഗം ഉദ്ഘാടനം ചെയ്തു. കുന്നന്താനം എൽ.എസ്. ഡി.പി. ജനറലേറ്റിൽ സന്യാസിനികളുടെ നിത്യവ്രതവാഗ്ദാനശുശ്രൂഷ, സീറോമലങ്കരസഭയുടെ മേജർ ആർച്ചുബിഷപ് കർദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവായുടെ സഹോദരി സൂസമ്മ ജോസഫിന്റെ മൃതസംസ്കാരത്തിന്റെ ഭവനത്തിലെ ശുശ്രൂഷകൾ എന്നിവയ്ക്കു കാർമികത്വംവഹിച്ചു.

20 കുന്നന്താനം സീയോൻ ധ്യാനകേന്ദ്രത്തിൽ അതിരൂപതാവൈദികരുടെ വാർഷികധ്യാനത്തോടനുബന്ധിച്ചു പരിശുദ്ധ കുർബാനയർപ്പിച്ചു.

21 പുന്നപ്ര മാർ ഗ്രിഗോറിയോസ് പള്ളിയിൽ പ്രവേശകകൂദാശകൾ പരികർമം ചെയ്തു. പൊടിപ്പാറ ഹോളി ഫാമിലി പള്ളിയിൽ ഓർമക്കുർബാനയർപ്പിച്ചു. അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു.

22 ചങ്ങനാശ്ശേരി സെന്റ് ബർക്മൻസ് കോളേജിലെ ആർച്ചുബിഷപ് കാവുകാട്ട് ഹാളിൽ എ.കെ.സി.സി. മെറിറ്റ് അവാർഡ് വിതരണയോഗത്തിൽ അധ്യക്ഷതവഹിച്ചു. കടുവാക്കുളം ലിറ്റിൽ ഫ്ളവർ പള്ളിയിൽ വിവാഹം ആശീർവദിച്ചു.

23 കോട്ടയം എസ്.എച്ച്. മെഡിക്കൽ സെന്റർ പ്രത്യാശാഭവനിൽ പരിശുദ്ധ കുർബാനയർപ്പിച്ചു. കോട്ടയം പരിത്രാണ റിട്രീറ്റ് സെന്ററിൽ വിൻസെൻഷ്യൻ സഭാംഗം മാളിയേക്കൽ ബഹു. തോമസ് അച്ചന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി. കാരണകോടം സെന്റ് ജൂഡ് പള്ളിയിൽ മൂലങ്കുന്നം ബഹു. ജോർജ് അച്ചന്റെ മാതാവ് അന്നമ്മ ജോർജിന്റെ മൃതസംസ്കാരത്തിനു പള്ളിയിലെ ശുശ്രൂഷകൾക്കു കാർമികത്വംവഹിച്ചു.

24 കുറിച്ചി സെന്റ് തോമസ് മൈനർ സെമിനരിയിൽ പരിശുദ്ധ കുർബാന അർപ്പിച്ചു; വൈദികാർഥികൾക്കു ക്ലാസ്സെടുത്തു. പഴവങ്ങാടി മാർ സ്ലീവാ ഫൊറോനാ ഇടവകാംഗം കുന്നിൽ റ്റീന വർഗീസിന്റെ മൃതസംസ്കാരത്തിനു കാർമികത്വംവഹിച്ചു. അതിരൂപതാകേന്ദ്രത്തിൽ പാസ്റ്ററൽ കൗൺസിൽ എക്സിക്യുട്ടിവ് യോഗത്തിൽ അധ്യക്ഷതവഹിച്ചു.

❑

**മെയ്**

23 പാണ്ടങ്കരി സെന്റ് പയസ് റ്റെൻത് പള്ളിയിൽ പരിശുദ്ധ കുർബാനയർപ്പിച്ചു.

25 കോയിൽമുക്ക് സെന്റ് ജോസഫ്സ് പള്ളിയിൽ ആഘോഷമായ പരിശുദ്ധ കുർബാനസ്വീകരണത്തിനു കാർമികത്വംവഹിച്ചു. മാമ്മൂട് കോട്ടയ്ക്ക പറമ്പിൽ സോജിയുടെ ഭവനം വെഞ്ചരിച്ചു. ചുങ്കപ്പാറ ലിറ്റിൽ ഫ്ളവർ പള്ളിയുടെ ഇടവകദിനാഘോഷത്തിൽ പങ്കെടുത്തു.

26 ചങ്ങനാശ്ശേരി അസംപ്ഷൻ കോളേജ് ചാപ്പലിൽ പരിശുദ്ധ കുർബാന അർപ്പിച്ചു.

27 ധന്യൻ മാർ തോമസ് കുര്യാളശ്ശേരിയുടെ ചരമശതാബ്ദിയോടനുബന്ധിച്ചു ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻപള്ളിയിൽ പരിശുദ്ധ കുർബാനയർപ്പിച്ചു.

28 സി.എസ്.എസ്.ആർ. സന്യാസസമൂഹത്തിലെ വൈദികാർഥികൾക്കു ചെറുപട്ടങ്ങൾ നൽകി. കുടമാളൂർ സെന്റ് മേരീസ് മേജർ ആർക്കിഎപ്പിസ്ക്കോപ്പൽ ഫൊറോനാപ്പള്ളിയിൽ സി.എഫ്.എം.എസ്.എസ്. സന്യാസ സമൂഹാഗം സി. ജോസ്ലിൻ നല്ലക്കുറ്റിന്റെ ജൂബിലിയാഘോഷത്തിൽ സന്ദേശം നൽകി.

29 പാലമറ്റം ബേത്-തോമാ ദയറായിൽ പരിശുദ്ധ കുർബാനയർപ്പിച്ചു.

31 എടത്വാ സെന്റ് ജോർജ് ഫൊറോനാപ്പള്ളിയിൽ ചങ്ങങ്കരി സെന്റ് ജോസഫ്സ് ഇടവകാംഗം വേളശ്ശേരി ജസ്റ്റിൻ, ഡിയോണ എന്നിവരുടെ വിവാഹം ആശീർവദിച്ചു. കാഞ്ഞിരപ്പള്ളി പുത്തൻകൊരട്ടി സെന്റ് ജോസഫ്സ് പള്ളിയിൽ ചിറക്കലകത്ത് ബഹു. സെബാസ്റ്റ്യൻ അച്ചന്റെ പൗരോഹിത്യ സ്വീകരണ വജ്ര ജൂബിലിയോടനുബന്ധിച്ച് ആശംസ നേർന്നു.

**ജൂൺ**

01 അയർക്കുന്നം സെന്റ് സെബാസ്റ്റ്യൻസ് പള്ളിയിൽ ഇടവകദിനത്തോടനുബന്ധിച്ചു പരിശുദ്ധ കുർബാനയർപ്പിച്ചു; ഇടവകദിനാഘോഷങ്ങളിൽ പങ്കെടുത്തു. അയർക്കുന്നം സെന്റ് സെബാസ്റ്റ്യൻസ് ഇടവകാംഗം മുരിങ്ങയിൽ എം. ഡി. തോമസിന്റെ മൃതസംസ്കാരത്തിനു പള്ളിയിലെ ശുശ്രൂഷകൾക്കു കാർമികത്വംവഹിച്ചു.

02 ധന്യൻ മാർ തോമസ് കുര്യാളശ്ശേരിയുടെ ചരമശതാബ്ദിയോടനുബന്ധിച്ചു ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻപള്ളിയിൽ പരിശുദ്ധ കുർബാനയർപ്പിച്ചു. മുഹമ്മ സെന്റ് ജോർജ് ഇടവകാംഗവും പാലയ്ക്കൽ ബഹു. ജയിംസ് അച്ചന്റെ സഹോദരീഭർത്താവുമായ മറ്റത്തിൽ എം. എസ്. ജോസഫിന്റെ മൃതസംസ്കാരത്തിനു പള്ളിയിലെ ശുശ്രൂഷകൾക്കു കാർമികത്വംവഹിച്ചു.

04 നിരണം മാർ തോമാ ശ്ലീഹാ സെമിനരിയിൽ പരിശുദ്ധ കുർബാനയർപ്പിച്ചു.

05 കാഞ്ഞിരപ്പള്ളി രൂപതാംഗം മോൺ. ജോൺ കല്ലറയ്ക്കലിന്റെ മാതാവു മേരിക്കുട്ടി ജോണിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി.

06 പാറേൽ അമല തിയളോജിക്കൽ കോളേജിൽ ആസ്പിരൻസി കോഴ്സ് പൂർത്തിയാക്കിയവരുടെ ബിരുദദാനസമ്മേളനത്തിൽ പങ്കെടുത്തു സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. വാഴപ്പള്ളി എസ്.എ.ബി.എസ്. കോൺവെന്റിൽ സി. ലിൻസ കരിമാളൂർ എസ്.എ.ബി.എസ്.ന്റെ മൃതസംസ്കാരത്തിനു സിമിത്തേരിയിലെ ശുശ്രൂഷകൾക്കു കാർമികത്വംവഹിച്ചു.

07 പുല്ലങ്ങടി ഹോളി ഫാമിലി ഇടവകാംഗവും ചൂരവടി ബഹു. മാത്യു (മോബൻ) അച്ചന്റെ പിതാവുമായ ചാക്കോ മാത്യുവിന്റെ മൃതസംസ്കാരത്തിനു പള്ളിയിലെ ശുശ്രൂഷകൾക്കു കാർമികത്വംവഹിച്ചു. വെളിയനാട് സൗത്ത് സെന്റ് സേവ്യേഴ്സ് പള്ളിയിൽ ആഘോഷമായ പരിശുദ്ധ കുർബാനസ്വീകരണത്തിനു കാർമികത്വംവഹിച്ചു.

08 മാമ്പുഴക്കരി ലൂർദ് മാതാ പള്ളിയിൽ പരിശുദ്ധ കുർബാനയർപ്പിച്ചു; അതിരൂപതാതലമതബോധനവർഷം ഉദ്ഘാടനം ചെയ്തു. പുന്നക്കുന്നത്തുശ്ശേരി സെന്റ് ജോസഫ്സ് ഇടവകാംഗം പുന്നശ്ശേരിൽ എം. എം. സെബാസ്റ്റ്യന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി. ഇത്തിത്താനം സെന്റ് ജോസഫ്സ് പ്രീസ്റ്റ്സ് ഹോമിൽ പന്തക്കുസ്താ തിരുനാളിനോടനുബന്ധിച്ചു കുഞ്ഞുങ്ങളെ ആദ്യാക്ഷരം കുറിപ്പിച്ചു.

10 പുന്നത്തുറ സെന്റ് തോമസ് പള്ളിയിൽ പെരുന്തോട്ടം കുടുംബത്തിലെ മരണമടഞ്ഞവർക്കായി പരിശുദ്ധ കുർബാനയർപ്പിച്ചു.

11 കുന്നന്താനം സീയോൻ ധ്യാനകേന്ദ്രത്തിൽ സീനിയർ സിറ്റിസൺസ് ധ്യാനത്തോടനുബന്ധിച്ചു പരിശുദ്ധ കുർബാനയർപ്പിച്ചു.

12 കുറുമ്പനാടം സെന്റ് ആന്റണീസ് ഫൊറോനാ ഇടവകാംഗവും മണക്കളം ബഹു. ജോസഫ് അച്ചന്റെ മാതാവുമായ റോസമ്മ ജോർജിന്റെ മൃതസംസ്കാരത്തിനു ഭവനത്തിലെ ശുശ്രൂഷകൾക്കു കാർമികത്വംവഹിച്ചു.

13 ചങ്ങനാശ്ശേരി സെന്റ് ബർക്മൻസ് ഹയർ സെക്കൻഡറി സ്കൂളിൽ കെ.സി.എസ്.എൽ. അതിരൂപതാതലപ്രവർത്തനവർഷം ഉദ്ഘാടനം ചെയ്തു.

13-14 കാഞ്ഞിരപ്പള്ളി നല്ലതണ്ണി മാർ തോമാ ശ്ലീഹാ ദയറാ സന്ദർശിച്ചു.

14 കാഞ്ഞിരപ്പള്ളി നല്ലതണ്ണി മാർ തോമാ ശ്ലീഹാ ദയറായിൽ പരിശുദ്ധ കുർബാനയർപ്പിച്ചു. ചങ്ങനാശ്ശേരി സെന്റ് ബർക്മൻസ് കോളേജിലെ ആർച്ചുബിഷപ് കാവുകാട്ട് ഹാളിൽ ചെറുപുഷ്പ മിഷൻ ലീഗിന്റെ അതിരൂപതാതലപ്രവർത്തനവർഷം ഉദ്ഘാടനം ചെയ്തു. വെളിയനാട് സൗത്ത് സെന്റ് സേവ്യേഴ്സ് പള്ളിയിൽ നല്ലപാറ വർക്കി, അന്നമ്മ എന്നിവരുടെ വിവാഹം ആശീർവദിച്ചു. മുട്ടാർ ഓൾഡ് സെന്റ് ജോർജ് പള്ളിയിൽ സി. എൽസമ്മ എൽ.എസ്.ജെ.സി.യുടെ സന്യാസവ്രതവാഗ്ദാനത്തിന്റെ രജതജൂബിലിയാഘോഷത്തോടനുബന്ധിച്ചുള്ള പരിശുദ്ധ കുർബാനയിൽ വചനസന്ദേശം നൽകി.

15 പച്ച-ചെക്കിടിക്കാട് ലൂർദ് മാതാ ഇടവകാംഗം ആശാരിപറമ്പിൽ റോയ്-ആശ ദമ്പതികളുടെ നാലാമത്തെ കുഞ്ഞിനു പ്രവേശകകൂദാശകൾ നൽകി. പുത്തനങ്ങാടി സെന്റ് ജോർജ് പള്ളിയിൽ പിതൃദിനാഘോഷത്തിൽ ആശംസയറിയിച്ചു.

16 പാലമറ്റം ബേത്-തോമാ ദയറായിൽ പരിശുദ്ധ കുർബാനയർപ്പിച്ചു. ഭിന്നശേഷിക്കാരുടെ പുനരധിവാസപദ്ധതിക്കായി മല്ലപ്പള്ളിയിൽ നിർമിക്കുന്ന ജിമ്മി പടനിലം സെന്ററിന്റെ അടിസ്ഥാനശില വെഞ്ചരിച്ചു. പുന്നപ്ര മാർ ഗ്രിഗോറിയോസ് പള്ളിയിൽ പ്ലാപ്പുഴ ലിസ്, തോട്ടത്തിൽ ജസ്റ്റിൻ എന്നിവരുടെ വിവാഹവാഗ്ദാനത്തിനു കാർമികത്വംവഹിച്ചു.

17 ഇത്തിത്താനം സെന്റ് ജോസഫ്സ് പ്രീസ്റ്റ്സ് ഹോമിൽ പരിശുദ്ധ കുർബാന അർപ്പിച്ചു.

18 കുന്നന്താനം സീയോൻ ധ്യാനകേന്ദ്രത്തിൽ അതിരൂപതാവൈദികരുടെ വാർഷികധ്യാനത്തോടനുബന്ധിച്ചു പരിശുദ്ധ കുർബാനയർപ്പിച്ചു. സീറോ മലങ്കരസഭയുടെ മേജർ ആർച്ചുബിഷപ് കർദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവായുടെ സഹോദരി സൂസമ്മ ജോസഫിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി.

❑



**Mar Thomas Tharayil**
Metropolitan of Changanacherry

# ENGAGEMENTS | JULY 2025

| | | |
|---|---|---|
| 01 | 06:15 am | Holy *Qurbana* @ PCPA Adoration Convent, Nedumkunnam |
| | 11:00 am | SH Schools' Governing Body @ Archbishop House |
| | 02:30 pm | Class @ St. Thomas Minor Seminary, Kurichy |
| | 06:30 pm | Festal Gathering @ St. Thomas Hospital, Chethipuzha |
| 02 | 08:30 am | *Curia* |
| | 10:00 am-12:30 pm<br>02:00 pm-03:15 pm | Visitors |
| | 05:00 pm | Holy *Qurbana* & *Dukrana* Celebrations @ MST Deepthi House, Bharananganam |
| 03 | 06:30 am | Holy *Qurbana* @ Mar Thoma Sleeha Seminary, Niranam |
| | 09:00 am | Laying of Foundation Stone @ St. Mary's Church, Koothrappally |
| | 10:00 am | Laying of Foundation Stone: Parel Marian Pilgrimage Housing Project @ Rajamattom |
| | 11:00 am-12:30 pm | Visitors |
| | 03:00 pm | Placid Symposium @ Marthomavidhyanikethan, Archbishop House |
| | 04:00 pm-06:00 pm | Visitors |
| | 08:00 pm | *Dukrana* Celebrations @ Archbishop House |
| 04 | 06:00 am | Holy *Qurbana* @ ASMI Generalate, Cheeranchira |
| | 08:30 am | *Curia* |
| | 02:30 pm-06:00 pm | Visitors |
| 05 | 06:15 am | Holy *Qurbana* & Academic Year Inauguration @ SVD Seminary, Parel |
| | 10:00 am | Corporate Management Merit Day @ SB HSS, Changanacherry |
| | 03:00 pm | Governing Body @ St. Joseph's Poor Home, Punnapra |
| 06 | 09:00 am | Pilgrimage Message @ Mar Thoma Sleeha Pilgrim Centre, Niranam |
| | 05:30 pm | Holy *Qurbana* @ LSDP Generalate, Kunnamthanam |

| | | |
|---|---|---|
| 07 | 06:00 pm | *Dukrana* Meet @ Lourdes Forane Church, Thiruvananthapuram |
| 08 | 10:00 am | Higher Education Council @ Archbishop House |
| | 04:30 pm | Requiem *Qurbana* @ St. Mary's Church, Parel |
| 09 | 08:30 | *Curia* |
| 10 | 06:15 am | Sacraments of Initiation @ St. Michael's Church, Thathampally |
| | 10:00 am | Convocation Day @ St. Berchmans College, Changanacherry |
| | 05:00 pm | Blessing the Shrine @ St. Sebastian's Church, Mahendrapuram |
| 11 | 06:00 am | Bishop Charles Lavigne Requiem *Qurbana* @ St. Mary's Metropolitan Church, Changanacherry |
| | 11:00 am | Holy *Qurbana*: Priests' Retreat Batch III @ Zion Retreat Centre, Kunnamthanam |
| | 02:30 pm-05:00 pm | Visitors |
| 12 | 06:45 am | Sacraments of Initiation @ Lourdes Matha Church, Mammood |
| | 10:00 am | CRI Changanacherry Region Meeting @ Amala Theological College, Parel |
| | 03:30 pm | Laying of Foundation Stone @ FCC Convent, Veroor |
| | 05:30 pm | Blessing the Shrine @ St. Joseph's Church, Changankary |
| 13 | 08:00 am | Holy *Qurbana* & Parish Day @ Little Flower Church, Kaduvakkulam |
| | 05:00 pm | Charity World 10th Anniversary & *Karunyasangamam* @ Media Village, Kurisummood |
| 14 | | Engaged |
| 15 | 06:20 am | Holy *Qurbana* & Class @ St. Thomas Minor Seminary, Kurichy |
| | 06:30 pm | Feast Message @ Mattom Colony, St. Mary's Metropolitan Church, Changanacherry |
| 16 | 06:00 am | Holy *Qurbana* @ Carmel Mount Retreat Centre, Chethipuzha |
| | 08:30 am | *Curia* |
| | 02:00 pm-04:00 pm | Visitors |
| 17 | 05:30 pm | Holy *Qurbana* @ Carmel Hill Monastery Church, Pangode |
| 18 | 09:00 am | Holy *Qurbana*: Priests' Retreat Batch IV @ Zion Retreat Centre, Kunnamthanam |
| | 02:30 pm-05:30 pm | Visitors |

| | | |
|---|---|---|
| 19 | 07:00 am | Sacraments of Initiation @ St. Thomas Church, Nalukody |
| | 09:00 am-12:30 pm | Pravasi Apostolate 10th Anniversary @ St. Mary's Metropolitan Church, Changanacherry |
| | 04:00 pm | Finance Council @ Archbishop House |
| | 08:30 pm | Online Class: FCC Sisters @ Thamarasserry |
| 20 | 07:00 am | Holy *Qurbana* @ St. Joseph's Church, Kandankary |
| | 10:30 am | 1985 SH Batch Ruby Jubilee @ SH HSS, Changanacherry |
| | 03:00 pm | Blessing @ Kaviyoor |
| 21 | | Engaged |
| 22 | | Class @ Denahalaya, Punnapra |
| 22 | | Bishops' Recollection @ Archbishop House, Kottayam |
| 23 | | Good Shepherd Major Seminary, Kunnoth |
| 24 | 06:15 am | Diaconate @ St. Thomas Minor Seminary, Kurichy |
| 25 | 08:30 am | *Curia* |
| | 02:30 pm-04:00 pm | Visitors |
| | 05:30 pm | Holy *Qurbana* @ Twelve Apostles Church, Mannanam |
| 26 | 09:15 am | Jubilee *Qurbana* @ St. Thomas Cathedral, Pala |
| | 02:30 pm | IC Chacko Award Ceremony @ Antony Cardinal Padiyara Hall SB College, Changanacherry |
| | 06:00 pm | *Ramsa* & Message: Season of Kaitha @ St. George Forane Church, Muhamma |
| 27 | 11:30 am | Holy *Qurbana* @ St. Alphonsa Pilgrim Centre, Bharananganam |
| | 03:00 pm | Marriage @ St. Mary's Metropolitan Church, Changanacherry |
| 28 | 10:00 am | Public Affairs Commission Meeting @ Mount St. Thomas, Kakkanad |
| 29 | 10:00 am | Media Commission Meeting @ Mount St. Thomas, Kakkanad |
| 30 | 10:30 am | Care Home Directors' Meeting @ SB College, Changanacherry |

**FR. SECRETARY- 8078088468**

❏



## ENGAGEMENTS | JULY 2025

**Mar Joseph Perumthottam**
Metropolitan Emeritus of Changanacherry

| | | |
|---|---|---|
| 02 | 10:00 am | Holy *Qurbana* @ St. Mary's Church, Parel |
| | 06:00 pm | *Dukrana* Celebrations @ St. Thomas Hospital, Chethipuzha |
| 03 | 06:15 am | Holy *Raza* @ Bet-Toma Dayara, Palamattom |
| | 03:00 pm | Convocation Ceremony @ Marthomavidyanikethan, Archbishop House |
| 06 | 06:30 am | Holy *Qurbana* @ Mar Thoma Sleeha Pilgrim Centre, Niranam |
| 07 | 06:30 am | Holy *Qurbana* @ Bet-Toma Dayara, Palamattom |
| 11 | 02:00 pm | Mar Thoma Sleeha Dayara, Nallathanni |
| 12 | 11:00 am | Solemn Holy Communion @ St. Xavier's Church, Viloonni |
| 14 | 06:30 am | Holy *Qurbana* @ Bet-Toma Dayara, Palamattom |
| 17 | 11:00 am | Sacraments of Initiation @ Fathima Matha Church, Fathimapuram |
| 19 | 09:00 am | Pravasi Apostolate 10th Anniversary @ St. Mary's Metropolitan Church, Changanacherry |
| | 04:30 pm | Sacraments of Initiation @ St. Antony's Forane Church, Kurumpanadom |
| 20 | 05:00 pm | Holy *Qurbana* @ Twelve Apostles Church, Mannanam |
| 21 | 06:30 am | Holy *Qurbana* @ Bet-Toma Dayara, Palamattom |
| 24 | 09:30 am | Homily: Sacerdotal Golden Jubilee Celebrations - Fr. Xavier Puthenkalam @ St. Mary's Metropolitan Church, Changanacherry |
| 26 | 10:15 am | Sacraments of Initiation & Solemn Holy Communion @ St. Mary's Metropolitan Church, Changanacherry |
| 28 | 06:30 am | Holy *Qurbana* @ Bet-Toma Dayara, Palamattom |

**FR. SECRETARY- 9447507393**

❑

## ചരമശതാബ്ദിയാചരണം: ധന്യൻ മാർ തോമസ് കുര്യാളശ്ശേരി

### ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻപള്ളി

### (2 ജൂൺ 2025)



തീർഥാടനം



അനുസ്മരണ സിംപോസിയം









**VEDAPRACHARA MADHYASTAN VOL.98 No.01 2025 July**
Date of Publication: 30-06-2025
Registered No. RN-3149/1957
Postal Regn. No. KL/CHC/74/2024-26
Licence No. KL/CR/CHC/WPP-1/2024-26
Licensed to Post Without Prepayment
Posted at Changanacherry sorting on the last day of every month
Rs 25/-

# ദുക്റാനാ തിരുനാളിന്റെ ആശംസകൾ



അതിരൂപതാകുടുംബത്തിന്റെ ഉപഹാരമായി
ലെയോ പതിനാലാമൻ മാർപാപ്പായ്ക്ക്
അഭി. മാർ തോമസ് തറയിൽ മെത്രാപ്പോലീത്താ
മാർ തോമാ ശ്ലീഹായുടെ ഐക്കൺ നൽകുന്നു
(ഐക്കൺ രചയിതാവ്: അതിരൂപതാംഗമായ ഫാ. ജേക്കബ് കൂരോത്ത്)

Estd. 1928
Phone 2410101

Printed & Published by Fr Justin Kayamkulathussery and owned by Archdiocese of Changanacherry and Printed at St. Joseph Orphanage Press and Book Stall, Aramanapady, Changanacherry, Kottayam Dist. 686 101, Kerala and Published at Ward No. IV, Building No. 631, Archbishop's House Changanacherry, Kottayam Dist. - 686 101, Kerala.
Editor: Fr Biju George Alencherry.
sjopresschry@gmail.com www.archdiocesechanganacherry.org